പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത് രാജ്

പുസ്തകം 58 ലക്കം 11 ഫെബ്രുവരി 2019



## അടുത്ത ലക്ഷ്യം 100/100

## നാട്ടുനന്മകൾ പൂത്തുലയാൻ ഒരുമപ്പെരുമയോടെ മീനങ്ങാടി

## തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 21,000 കോടി




'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ഫെബ്രുവരി 2019

## അകത്ത്










അടുത്ത ലക്ഷ്യം നൂറിൽ നൂറ് 5
എ.സി. മൊയ്തീൻ

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 21000 കോടി 8

പിന്നിട്ട ആയിരം ദിനങ്ങൾ ... നവകേരള ലക്ഷ്യത്തിനൊപ്പം... 11
എച്ച്. ദിനേശൻ ഐ.എ.എസ്.

മിഷൻ വയനാട്-2018 15
ജോയി ജോൺ

എല്ലാരും ജലാശയങ്ങളിലേക്ക് 17
ഡോ. ടി. എൻ. സീമ

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം 19

പുഴകൾക്ക് പുതുജീവനേകി ഹരിതകേരളം മിഷൻ 21
ബി. മനോജ്

സുസ്ഥിരവികസനം - ഹരിതപരികൽപന പിലിക്കോടിന്റെ വിജയഗാഥ 26
ശ്രീധരൻ ടി.വി.

കുടുംബശ്രീ ഹർഷം ജെറിയാട്രിക് കെയർ പദ്ധതി: 30

നാട്ടുനന്മകൾ പൂത്തുലയാൻ ഒരുമപ്പെരുമയോടെ മീനങ്ങാടി 35
ബീന വിജയൻ

മിത്ര 181 സ്ത്രീകളുടെ സുരക്ഷയും വഴികാട്ടിയും 40

കേച്ചേരിപ്പുഴ സംരക്ഷണം: സർവേ നടപടികൾ ആരംഭിച്ചു 41


### പംക്തികൾ


കില ന്യൂസ് 32
വാർത്തകൾ വിശേഷങ്ങൾ 34
എന്ന് വായനക്കാർ 42

ഫെബ്രുവരി 2019
പുസ്തകം 59 ലക്കം 11
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# കാര്യക്ഷമതയുടെ കരുത്തുമായി 'മിഷൻ 30 ഡേയ്സ്'

സർക്കാർ ജീവനക്കാരുടെ മുൻപിലുള്ള ഓരോ ഫയലും ഓരോ ജീവിതമാണെന്ന് പറഞ്ഞത് മറ്റാരുമല്ല, നമ്മുടെ മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രി തന്നെ അങ്ങനെ പറയണമെങ്കിൽ അതിന്റെ ആഴത്തിലുള്ള അർത്ഥം നമ്മളോരുത്തരും തിരിച്ചറിയണം. പ്രത്യേകിച്ച് പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ. ആ തിരിച്ചറിവിൽ നിന്നാണ് പഞ്ചായത്ത് ഡയറക്ടറേറ്റ് സംസ്ഥാനത്തിനാകെ മാതൃകയായി 'മിഷൻ 30 ഡേയ്സ്' ഫയൽ തീർപ്പാക്കൽ യജ്ഞം ഏറ്റെടുത്തത്. ജനുവരി 10 മുതൽ 30 ദിവസത്തേക്ക് ചിട്ടപ്പെടുത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി 10647 ഫയലുകൾ തീർപ്പാക്കുവാൻ കഴിഞ്ഞിരിക്കുന്നു. ഡയറക്ടറേറ്റിലെ വിവിധ സെക്ഷനുകളിലായി 2018 ഡിസംബർ മാസം വരെയുള്ള 30992 ഫയലുകളിൽ 11951 എണ്ണത്തിൽ നടപടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിരുന്നത്. വരും ദിവസങ്ങളിൽ ആ ലക്ഷ്യം കൈവരിക്കുക തന്നെ ചെയ്യും.

പഞ്ചായത്ത് ഡയറക്ടറേറ്റിൽ പരിമിതമായിട്ടു മാത്രമേ പൊതുജനസമ്പർക്കം ഉണ്ടാകുന്നുള്ളൂവെങ്കിലും ഗ്രാമപഞ്ചായത്തുകൾക്ക് പരിഹരിക്കാൻ സാധിക്കാത്ത ധാരാളം ഫയലുകൾ ഡയറക്ടറേറ്റിൽ കൈകാര്യം ചെയ്യുന്നുണ്ട്. നടപടി പൂർത്തിയാക്കിയ ഫയലുകളിൽ ഭൂരിഭാഗവും സാധാരണക്കാരന്റെ ജീവിതവുമായി ബന്ധപ്പെട്ട ക്ഷേമപെൻഷൻ, കെട്ടിട നിർമ്മാണം, ജനന- മരണ- വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ചുള്ളവയാണ്. വകുപ്പിലെ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് സംബന്ധിച്ച ഭൂരിഭാഗം ഫയലുകളിലും നടപടി പൂർത്തിയാക്കാൻ കഴിഞ്ഞു. പ്രവൃത്തി സമയവും അവധി ദിവസവും നോക്കാതെയുള്ള ജീവനക്കാരുടെ അധ്വാനം, അടുക്കും ചിട്ടയുമാർന്ന സമീപനം, കൃത്യമായ ഇടവേളകളിൽ നടന്ന വിലയിരുത്തൽ, ജാഗ്രതയോടെയുള്ള മേൽനോട്ടം തുടങ്ങിയ ഘടകങ്ങളാണ് ഈ നേട്ടത്തിന് ആധാരം. ഇതൊരു ശുഭകരമായ തുടക്കമാണ്. ഇത് അനുബന്ധ ജില്ലാ ഓഫീസുകളിലേക്കും ഗ്രാമപഞ്ചായത്ത് തലങ്ങളിലേക്കും വ്യാപിപ്പിക്കും.

പഞ്ചായത്ത് വകുപ്പിന്റെ മുഖച്ഛായ തന്നെ മാറ്റാൻ ഉതകുന്ന നടപടികളാണ് ഈ സർക്കാർ അധികാരമേറ്റതു മുതൽ നടപ്പാക്കിയത്. വർഷങ്ങളായി മുടങ്ങികിടന്ന ഉദ്യോഗകയറ്റങ്ങൾ പുനഃസ്ഥാപിച്ച് ജോയിന്റ് ഡയറക്ടർ മുതൽ ഓഫീസ് അറ്റന്റർ വരെയുള്ള ഒഴിഞ്ഞുകിടന്ന തസ്തികകളിൽ നിയമനം സാധ്യമാക്കി ഭരണതലത്തിൽ കാര്യക്ഷമത ഉറപ്പുവരുത്താൻ സർക്കാരിനും വകുപ്പിനുമായിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും നികുതി സമാഹരണത്തിലും ഉണ്ടായ സർവകാല മികവ് ഇതിന് ദൃഷ്ടാന്തമാണ്. ഇന്ന് പൊതുജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്ന സ്ഥാപനങ്ങളിലൊന്നാണ് ഗ്രാമപഞ്ചായത്തുകൾ. സാധാരണക്കാരന് സ്വന്തം വീട് പോലെ ഗ്രാമപഞ്ചായത്ത് ഓഫീസുകൾ അനുഭവപ്പെടാൻ തക്കവണ്ണമുള്ള പ്രവർത്തനങ്ങളും പരിപാടികളും സമീപനവുമാണ് ഓരോ ജീവനക്കാരിൽ നിന്നുമുണ്ടാകേണ്ടത്. ഡയറക്ടറേറ്റിൽ നാന്ദി കുറിച്ച ഫയൽ തീർപ്പാക്കൽ ദൗത്യം താഴെ തട്ടിലേക്ക് വ്യാപിപ്പിക്കുന്ന ഘട്ടത്തിൽ എല്ലാ ജിവനക്കാരും ഊർജ്ജസ്വലതയോടെ അത് ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**എച്ച്. ദിനേശൻ ഐ.എ.എസ്.**

**സത്യം വെറുമൊരു വാക്കല്ല,
ജീവിതം തന്നെ സത്യമാക്കി തീർക്കണം.**
- മഹാത്മാഗാന്ധി

# അടുത്ത ലക്ഷ്യം നൂറിൽ നൂറ്

എ.സി. മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മികവിൽ നിന്ന് മികവിലേക്ക് മുന്നേറുകയാണ്. ലോകം നമ്മുടെ വികസന മാതൃകയെ കൂടുതൽ സൂക്ഷ്മതയോടെ ഉറ്റനോക്കാൻ തുടങ്ങിയിരിക്കുന്നു. നയപരമായ അടിത്തറയും കാര്യക്ഷമതയും കൂടിച്ചേരുമ്പോഴാണ് ഭരണപരമായ മികവ് യാഥാർത്ഥ്യമാവുന്നത്. ജനങ്ങളോടുള്ള പ്രതിബദ്ധതയിലായാലും നവം നവങ്ങളായ ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യത്തിലായാലും കേരളത്തിലെ പ്രാദേശിക സർക്കാരുകൾ ആർക്കും പിറകിലല്ലെന്ന് ജനകീയാസൂത്രണത്തിന്റെ രണ്ടു പതിറ്റാണ്ടുകാലത്തെ അനുഭവം തെളിയിച്ചിരിക്കുന്നു.

പ്രാദേശിക സർക്കാരുകളെ നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഒരൊറ്റ ജനകീയ ഭരണ സംവിധാനത്തിന്റെ ഭാഗമായി കാണുന്ന പുതിയ സമീപനം കേരളത്തിൽ പൊതുവെ സ്വീകരിക്കപ്പെട്ടു കഴിഞ്ഞു. അതിന്റെ ഭാഗമായ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം പുരോഗമിക്കുകയാണ്. അതിവേഗം നഗരവൽക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന കേരളം, അക്കാര്യത്തിൽ ഇന്ത്യയിലെ മറ്റ് മിക്ക സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. നാം നേരിടുന്ന പ്രശ്നങ്ങളുടെ സ്വഭാവവും ഒന്നു വേറിട്ടതാണ്. വികസനത്തിന്റെ വെല്ലുവിളികളെ നേർക്കുനേർ ഏറ്റെടുക്കാനുള്ള അറിവും ആർജവവും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ചു കഴിഞ്ഞു. ഈ മികവിന്റെ ഏറ്റവും മികച്ച ദൃഷ്ടാന്തമായി പ്രളയകാലത്തെ നമ്മുടെ പ്രവർത്തനങ്ങൾ മാറി.

കേരളത്തിന്റെ സുസ്ഥിര വികസനത്തിനുള്ള സൃഷ്ടിപരമായ രൂപരേഖയാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതി. സാമ്പത്തിക വളർച്ച നേടിയെടുക്കുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമല്ല നടപ്പുപദ്ധതിക്ക് ഉള്ളത്. പരിസ്ഥിതി സംരക്ഷണത്തിലും പ്രാദേശിക സാമ്പത്തിക വികസനത്തിലും സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിലും അത് ഒരു പോലെ ഊന്നൽ നൽകുന്നു. പ്രളയാനന്തര പുനർനിർമാണത്തെ കുറിച്ചുള്ള ചർച്ചകളും സംവാദങ്ങളും വിവിധ കോണുകളിൽ നിന്ന് ഉയർന്നു വന്ന ക്രിയാത്മക വിമർശനങ്ങളും നമ്മുടെ സുസ്ഥിര വികസന കാഴ്ചപ്പാടിന് കൂടുതൽ തിളക്കം നൽകിയിട്ടുണ്ട്. പഞ്ചവൽസര പദ്ധതിയുടെ പ്രധാനപ്പെട്ട പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഏതെടുത്താലും - പരിസ്ഥിതി സൗഹൃദ സാമ്പത്തിക വികസനമാവട്ടെ, വൈദഗ്ധ്യ വികസനത്തിലൂടെ ജീവനോപാധികൾ ശക്തിപ്പെടുത്തലാവട്ടെ, പാർപ്പിട സുരക്ഷയാവട്ടെ, തൊഴിലവസരങ്ങൾ സൃഷ്ടിക്കലാവട്ടെ, പരിസ്ഥിതി സംരക്ഷണമാവട്ടെ, സാമൂഹിക ആരോഗ്യമാവട്ടെ, പൊതുവിദ്യാഭ്യാസത്തിന്റെ പ്രോത്സാഹനമാവട്ടെ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, വിശേഷിച്ച് പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക്, അതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കാനുണ്ട്.

സ്പടിക സമാനമായ വികസന കാഴ്ചപ്പാടും കാര്യക്ഷമമായ ഏകോപനവും ചേർന്നതോടെ, ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം കേരളത്തിലെ തദ്ദേശസ്വയംഭരണത്തിന്റെ ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമായി മാറിയിരിക്കുന്നു. 2019- 20 ലെ പദ്ധതി ആസൂത്രണം വെറും മൂന്നു മാസം കൊണ്ട്, അതും സാമ്പത്തിക വർഷം ആരംഭിക്കാൻ മൂന്നു മാസങ്ങൾ ബാക്കി നിൽക്കേ, പൂർത്തീകരിക്കാൻ കഴിഞ്ഞത് സ്വപ്ന നേട്ടമാണ്. ഇനി മുതൽ, സാമ്പത്തിക വർഷത്തിലെ ആദ്യ

സ്പടിക സമാനമായ വികസന കാഴ്ചപ്പാടും കാര്യക്ഷമമായ ഏകോപനവും ചേർന്നതോടെ, ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം കേരളത്തിലെ തദ്ദേശസ്വയംഭരണത്തിന്റെ ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമായി മാറിയിരിക്കുന്നു.



പ്രവൃത്തി ദിവസം തന്നെ പദ്ധതി നിർവ്വഹണവും ആരംഭിക്കും. ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ പറഞ്ഞു വന്നതും, ഒരിക്കലും നടക്കില്ലെന്ന് ജനം വിശ്വസിച്ചു തുടങ്ങിയതുമായ കാര്യമാണ് ഇപ്പോൾ നടപ്പിലായിരിക്കുന്നത്.

2018-19ലെ പദ്ധതി നിർവ്വഹണത്തിലും ഇതേ ശുഷ്കാന്തി പ്രകടമാണ്. ചരിത്രത്തിൽ ആദ്യമായി, ജനവരി അവസാനത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് 60 ശതമാനം കടന്നിരിക്കുന്നു. പോയ വർഷത്തെ 40 - 50 ശതമാനത്തിൽ നിന്നുള്ള പ്രകടമായ കുതിപ്പാണ് ഇത് വ്യക്തമാക്കുന്നത്. പകുതിയിലേറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൂന്നിൽ രണ്ടു ഭാഗം പദ്ധതിത്തുക ചെലവഴിച്ചു തീർത്തു. 70 ശതമാനത്തിന് അടുത്തു മാത്രം നിന്ന പദ്ധതിച്ചെലവ് ചരിത്രത്തിൽ ആദ്യമായി, 85.43 ശതമാനത്തിൽ റെക്കോർഡിലെത്തിയത് പോയ വർഷത്തെ അഭിമാന നേട്ടമായിരുന്നു. പ്രളയം സൃഷ്ടിച്ച പ്രതിസന്ധി പോലും മറികടന്ന് ഈ വർഷത്തെ പദ്ധതി നിർവ്വഹണം പുതിയ റെക്കോർഡിലേക്ക് കുതിക്കുകയാണ്. പദ്ധതി ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും സൂക്ഷ്മാംശങ്ങളിൽ പോലും സർക്കാരിന്റെ സജീവ ശ്രദ്ധ പതിഞ്ഞതിന്റെ തെളിവാണ് ഈ നേട്ടങ്ങൾ. ഈ വർഷത്തെ പദ്ധതിച്ചെലവ് സർവ്വകാല റെക്കാർഡായിരിക്കും.

വരും വർഷത്തേക്കുള്ള പദ്ധതി രൂപീകരണത്തിലെ നേട്ടം മറ്റൊരു സ്വപ്ന ലക്ഷ്യത്തിന്റെ കവാടം തുറന്നിരിക്കുന്നു. സാമ്പത്തിക വർഷത്തിന്റെ അഞ്ചോ ആറോ മാസം പിന്നിട്ടതിനു ശേഷം മാത്രം പദ്ധതികൾ ആസൂത്രണ സമിതികൾക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതായിരുന്നു ഇതുവരെയുള്ള രീതി. ആ സ്ഥാനത്താണ് പദ്ധതി വർഷം ആരംഭിക്കുന്നതിനും മൂന്നു മാസങ്ങൾക്കു മുൻപു തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം പൂർത്തിയാ യിരിക്കുന്നത്. ഗ്രാമസഭാ യോഗങ്ങളും വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളും വികസന സെമിനാറും അടക്കമുള്ള സുദീർഘമായ നടപടിക്രമങ്ങൾ പിന്നിട്ട് പദ്ധതി രൂപീകരിച്ചു കഴിഞ്ഞാൽ, നിർവഹണത്തിന് ഏതാനും മാസങ്ങൾ മാത്രം ലഭിക്കുമായിരുന്ന സ്ഥലത്താണ്, സാമ്പത്തിക വർഷത്തിലെ ആദ്യ പ്രവൃത്തി ദിവസം തന്നെ പ്രോജക്ടുകൾ നടപ്പിലാക്കി തുടങ്ങാൻ പറ്റുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ മാറിയിരിക്കുന്നത്. സാങ്കേതിക അനുമതിയോടെ മാത്രം പ്രോജക്ടുകൾ അംഗീകാരത്തിനു പരിഗണിക്കുന്ന രീതിയിലും സർക്കാർ മാറ്റം വരുത്തി. പദ്ധതി അംഗീകാരം ലഭിച്ചതിനു ശേഷം, നിർവ്വഹണത്തിനു മുൻപായി സാങ്കേതിക അനുമതി വാങ്ങിയിരുന്നാൽ മതിയെന്ന നിഷ്കർഷ പദ്ധതി രൂപീകരണം നേരത്തേ പൂർത്തിയാക്കാൻ സഹായിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണ ഗ്രാമസഭ അതതു വർഷം കൂടിയിരുന്ന സ്ഥാനത്ത്, തൊട്ടു മുൻ വർഷത്തെ അവസാന മാസങ്ങളിൽ ചേർന്ന് നടപടികൾ പൂർത്തീകരിക്കണമെന്ന നിഷ്കർഷയാണ് മാറ്റം കൊണ്ടുവരാൻ സഹായിച്ച മറ്റൊരു ഘടകം. സംശയം വേണ്ട; അടുത്ത ലക്ഷ്യം നൂറിൽ നൂറ് തന്നെ.!

നവകേരള മിഷനുകളുടെ അടിസ്ഥാനതല ഏകോപനത്തിലും ഇതേ മികവും ലക്ഷ്യബോധവും തന്നെയാണ് പഞ്ചായത്തുകളും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രകടിപ്പിക്കുന്നത്. സംസ്ഥാന - കേന്ദ്ര സർക്കാരുകളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ജനപിന്തുണ സമാഹരിക്കുന്നതിൽ പ്രാദേശിക സർക്കാരുകളുടെ പങ്ക് മറ്റെന്തിലും വലുതാണ്.

ഗ്രാമസഭകൾ അടക്കമുള്ള പിന്തുണാ സംവിധാനങ്ങൾ കാര്യക്ഷമമായി ചലിക്കണം. കാര്യങ്ങൾ എങ്ങനെയെങ്കിലും നടന്നാൽ പോരാ. ചിട്ടയായിത്തന്നെ നടക്കണം. ആരുടെയെങ്കിലും തീരുമാനമല്ല, ജനങ്ങളുടെ തീരുമാനമാണ് നടപ്പിലാവേണ്ടത്. ജനകീയ പിന്തുണ സംവിധാനങ്ങളെ നോക്കുകുത്തിയാക്കി, ഏതാനും പേർ ചേർന്ന് പ്രോജക്ടുകൾ കെട്ടിയിറക്കുന്ന കാലം കഴിഞ്ഞു. പ്രോജക്ട് രൂപീകരണം ശാസ്ത്രീയമായാൽ എല്ലാം തീകഞ്ഞുവെന്ന ധാരണയും ശരിയല്ല. ലക്ഷ്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ, സമയക്രമം പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിലും യാതൊരു ഒത്തുതീർപ്പും പാടില്ലാത്തതാണ്.

തദ്ദേശസ്വയംഭരണം ജനങ്ങളിൽ നിന്ന് വേറിട്ട ഒന്നല്ലെന്ന വിശ്വാസം നാധാരണക്കാരിൽ ജനിപ്പിക്കാൻ നമ്മുടെ ഗ്രാമസഭകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പങ്കാളിത്ത പ്രക്രിയ കൂടുതൽ ഫലപ്രദമാക്കാൻ ശരിയായ പങ്കാളിത്ത പരിശീലനവും അനുഭവങ്ങളുടെ പങ്കുവയ്പ്പും ആവശ്യമാണ്. ഗ്രാമസഭകൾ പ്രാദേശിക വികസനത്തെ സംബന്ധിച്ച പ്രധാന തീരുമാനങ്ങൾ എടുക്കുന്ന ഭരണഘടനാ സ്ഥാപനങ്ങളാണ്. അതോടൊപ്പം, ഈ ജനകീയ വേദികൾ ജനാധിപത്യത്തിന്റെ പരിശീലനക്കളരികൾ കൂടിയാണെന്ന തോന്നൽ യുവതീയുവാക്കൾക്കും പുതിയ വോട്ടർമാർക്കും ഉണ്ടാവണം.

പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കേരളത്തിലെ യുവതലമുറ പ്രകടിപ്പിച്ച അർപ്പണബോധവും കാര്യശേഷിയും പ്രതീക്ഷ തരുന്നതാണ്. ഈ യുവതീ യുവാക്കളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് കൂടുതൽ ചേർത്തു നിർത്താൻ നമുക്കാവണം. സമയമുള്ളവർക്ക് സഹകരിക്കാനുള്ള ഇടമായി പ്രാദേശികാസൂത്രണം ചുരുങ്ങരുത്. ഏറ്റവും മികച്ച

പ്രളയം സൃഷ്ടിച്ച പ്രതിസന്ധി പോലും മറികടന്ന് ഈ വർഷത്തെ പദ്ധതി നിർവ്വഹണം പുതിയ റെക്കോർഡിലേക്ക് കുതിക്കുകയാണ്. പദ്ധതി ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും സൂക്ഷ്മാംശങ്ങളിൽ പോലും സർക്കാരിന്റെ സജീവ ശ്രദ്ധ പതിഞ്ഞതിന്റെ തെളിവാണ് ഈ നേട്ടങ്ങൾ. ഈ വർഷത്തെ പദ്ധതിച്ചെലവ് സർവ്വകാല റെക്കാർഡായിരിക്കും.



വൈദഗ്ധ്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാവണം. കക്ഷിരാഷ്ട്രീയത്തിന്റെയും ജാതി മത വേർതിരിവുകളുടെയും പരിമിതികൾക്ക പുറത്ത് പൊതുജീവിതത്തിന്റെ ഉറവുകൾ സാധ്യമാണെന്ന് തെളിയിച്ചവരാണ് നമ്മൾ. ശക്തമായ സഹകരണ പ്രസ്ഥാനവും ഗ്രന്ഥശാല പ്രസ്ഥാനവും ഇതിന്റെ ഫലമാണ്. ഇത്തരം നന്മകൾ മുന്നോട്ടു കൊണ്ടു പോകുന്നതിൽ ജനകീയാസൂത്രണത്തിന്റെ പങ്ക് നിർണായകമാണ്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും, ഒരേ സമയം, ജനപങ്കാളിത്തവും ഗുണനിലവാരവും ഉറപ്പുവരുത്തി, നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻപേ നടക്കുകയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, കാര്യക്ഷമതയും സുതാര്യതയും ഒന്നിനൊന്ന് പ്രധാനമാണ്. പഞ്ചായത്തി രാജ് - നഗരപാലികാ നിയമത്തിന്റെ ലക്ഷ്യങ്ങളുമായി ജനങ്ങളെ കൂട്ടിയോജിപ്പിക്കാൻ രൂപം കൊടുത്ത പിന്തുണാ സംവിധാനങ്ങൾ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് ഉദ്യോഗസ്ഥ മേധാവിത്തത്തിന്റെ സ്വഭാവം സ്വീകരിക്കുന്നത് ഒട്ടും ആശാസ്യമല്ല. ഈ സർക്കാർ അതൊട്ട് അനുവദിക്കുകയുമില്ല. ആസൂത്രണ സമിതികളായാലും വർക്കിങ്ങ് ഗ്രൂപ്പുകളായാലും വികസന സെമിനാറുകൾ പോലുള്ള മറ്റ് സംവിധാനങ്ങളായാലും ഗ്രാമ /വാർഡ് സഭകളുടെ ഭരണഘടനാദത്തമായ അവകാശാധികാരങ്ങൾ ശക്തിപ്പെടുത്താൻ സഹായകമാവണം. വോട്ടറാണ് ഗ്രാമസഭയുടെ യജമാനൻ. ഗ്രാമസഭയുടെ തീരുമാനം ചട്ടങ്ങൾ അനുസരിച്ചാണെങ്കിൽ, രാജ്യത്തെ ഏറ്റവും ഉയർന്ന കോടതികൾക്കു പോലും അതിൽ മാറ്റം വരുത്താൻ കഴിയില്ല എന്നതാണ് വാസ്തവം.

ഈ പ്രാധാന്യം ഗ്രാമ /വാർഡ് സഭകൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും കടമയാണ്. സംസ്ഥാനത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയ്ക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങളും സാങ്കേതികോപദേശവും നൽകുന്ന പരിശീലന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള അനുബന്ധ സ്ഥാപനങ്ങളും നിരന്തര നവീകരണത്തിലൂടെ കാര്യക്ഷമത ഉറപ്പു വരുത്തി ഓരോ ദിവസവും സ്വയം മെച്ചപ്പെടണം. അതിന് സഹായകമായ പരിശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്. അസാധ്യമെന്ന് കരുതപ്പെട്ട നേട്ടങ്ങളുടെ നിറവിലാണ് നമ്മുടെ പ്രാദേശിക സർക്കാരുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. ഓരോ വിജയവും നമ്മെ കൂടുതൽ ഉത്തരവാദിത്തബോധമുള്ളവരാക്കി മാറ്റണം. ജനങ്ങളുടെ പ്രതീക്ഷകൾ ജനങ്ങൾക്കൊപ്പം നിന്ന് നിറവേറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. □

*തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിനിർവഹണ പുരോഗതി അവലോകനയോഗത്തിൽ മന്ത്രി എ.സി മൊയ്തീൻ സംസാരിക്കുന്നു.*

# തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
# 21000 കോടി

**2019 ഫെബ്രുവരി 1ന് ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് സംസ്ഥാന നിയമസഭയിൽ നടത്തിയ ബജറ്റ് പ്രസംഗത്തിൽ നിന്ന്**

- ജനകീയാസൂത്രണത്തെ തുടർന്നുള്ള രണ്ട് പതിറ്റാണ്ടുകളായി കേരളം തുടർച്ചയായി അധികാര വികേന്ദ്രീകരണത്തിൽ ഒന്നാം സ്ഥാനത്താണ്. അന്യാദൃശ്യമായ ധനവിന്യാസമാണ് കേരളത്തിലേത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദ്ധതി അടങ്കലിന്റെ 23.5 ശതമാനമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരുന്നത്. 2019-20 ൽ 24.5 ശതമാനമായി ഈ വിഹിതം ഉയർത്തുന്നു. പ്ലാൻ ഗ്രാന്റ് കഴിഞ്ഞ വർഷം 7000 കോടി രൂപയായിരുന്നത് 7500 കോടി രൂപയായി ഉയർത്തുന്നു. ഇതിൽ 250 കോടി രൂപ പ്രളയബാധിത പ്രദേശങ്ങളിലെ പഞ്ചായത്തുകളിലെ പ്രത്യേക പ്രോജക്ടുകൾക്കു വേണ്ടിയുള്ളതാണ്. താഴേയ്ക്ക് കൈമാറിയിട്ടുള്ള പ്ലാൻ ഗ്രാന്റിൽ 1307 കോടി രൂപ പട്ടികജാതി ഉപപദ്ധതിക്കും 196 കോടി രൂപ പട്ടികവർഗ്ഗ ഉപപദ്ധതിക്കുമാണ്. പ്ലാൻ ഗ്രാന്റിനു പുറമേ 2741 കോടി രൂപ മെയിന്റനൻസ് ഗ്രാന്റായും 1626 കോടി രൂപ ജനറൽ പർപ്പസ് ഗ്രാന്റായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തുന്നു. അങ്ങനെ മൊത്തം 11867 കോടി രൂപ. ഇതിൽ കോർപ്പറേഷനുകൾക്ക് 1210 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 1617 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 1564 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 1090 കോടി രൂപയും ഗ്രാമപഞ്ചായത്തുകൾക്ക് 6384 കോടി രൂപയും ലഭിക്കും.
- മറ്റു സംസ്ഥാനങ്ങളിൽനിന്നു ഭിന്നമായി കേരളത്തിൽ പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത സ്കീമുകളെല്ലാം നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. കേന്ദ്രവിഹിതമടക്കം ഗ്രാമവികസനത്തിനായുള്ള 5136 കോടി രൂപ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ മുഖാന്തരമാണ് ചെലവഴിക്കപ്പെടുക. നഗരവികസനത്തിനായുള്ള 1862 കോടി രൂപ നഗരസഭകൾ വഴിയാണ് ചെലവഴിക്കുന്നത്. ഇതോടൊപ്പം ലൈഫ് മിഷൻ വഴി 2500 കോടി രൂപയെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിക്കപ്പെടും. ഇവയെല്ലാം കണക്കിലെടുക്കുമ്പോൾ 2019-20 ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 21000 കോടി രൂപയെങ്കിലും ലഭിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നുകൂടി പറയട്ടെ. തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കും. അവർക്ക് ഇപ്പോൾ തന്നെ 25 ദിവസത്തിലേറെ മൂന്ന് വർഷം തുടർച്ചയായി പണി ചെയ്താൽ സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയുണ്ട്.
- ഇത്രയും വലിയ തുക ചെലവഴിക്കുന്നതിനുള്ള കാര്യപ്രാപ്തി സൃഷ്ടിക്കുന്നതിന് ഒട്ടേറെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഏറ്റവും അവസാനം 195 എഞ്ചിനീയറിംഗ് പോസ്റ്റുകൾ സൃഷ്ടിക്കുന്നതുവഴി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഒരു എഞ്ചിനീയറെങ്കിലും ഉണ്ടാകുമെന്ന് ഉറപ്പുവരുത്തുകയാണ്. നിരന്തരമായ പരിശീലനങ്ങളും ഇടപെടലുകളും വഴി ആസൂത്രണം സമയബന്ധിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. അഞ്ച് തദ്ദേശഭരണ സ്ഥാപനങ്ങളൊഴികെ ബാക്കിയെല്ലാ സ്ഥാപനങ്ങളും അടുത്ത വർഷത്തെ വികസന പദ്ധതികൾക്ക് ഡിപിസിയുടെ അംഗീകാരം നേടിക്കഴിഞ്ഞു. നിർവ്വഹണത്തിലും അഭിനന്ദനാർഹമായ പുരോഗതിയാണ്. 2014-15 മുതൽ 2017-18 വരെയുള്ള കാലയളവിൽ ഡിസംബർ 31 വരെയുള്ള പദ്ധതി ചെലവ് വാർഷിക അടങ്കലിന്റെ 30 ശതമാനമാണ് ശരാശരി വന്നിട്ടുള്ളത്. 2018-19 ൽ ഇത് 58 ശതമാനമായി ഉയർന്നു.
- ദൗർബല്യങ്ങൾ മുഖ്യമായും രണ്ടാണ്. വാർപ്പ് മാതൃകയിലുള്ള ചെറുപദ്ധതികളുടെ ആധിക്യം വർദ്ധിച്ചു വരുന്നു. സമഗ്രപരിപാടികളിലേക്ക് നീങ്ങുന്നില്ല. രണ്ട്, ജനപങ്കാളിത്തം പ്രതീക്ഷകൾക്ക് അനുസരിച്ച് ഉയരുന്നില്ല. ഇത് ഉദ്യോഗസ്ഥ മേധാവിത്വത്തിന് വഴിതെളിക്കും. സുതാര്യമില്ലായ്മയിലേക്കും അഴിമതിയിലേക്കും നയിക്കും. പ്രതിവിധിയായി എല്ലാ ജില്ലകളിലും സന്നദ്ധവിദഗ്ധരെ ഉൾപ്പെടുത്തി ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിക്കുന്നതാണ്. ജില്ലാ പ്ലാനിന്റെ അടിസ്ഥാനത്തിൽ സംയുക്ത

> ജില്ലാ പ്ലാനിന്റെ അടിസ്ഥാനത്തിൽ സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിന് 40 കോടി രൂപ ഈ വർഷവും വകയിരുത്തിയിട്ടുണ്ട്.



*ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് സംസ്ഥാന നിയമസഭയിൽ ബജറ്റ് അവതരിപ്പിക്കുന്നു.*

പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിന് 40 കോടി രൂപ ഈ വർഷവും വകയിരുത്തിയിട്ടുണ്ട്. മിഷനുകളുടെ പ്രവർത്തനത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതു വഴിയും കുടുംബശ്രീയെയും ഗ്രാമസഭകളെയും ശക്തിപ്പെടുത്തുന്നതു വഴി ജനകീയത തിരിച്ചുപിടിക്കാനാകും.

- റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനും പൊതുമരാമത്തിനും തദ്ദേശഭരണ വകുപ്പിനും 1000 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.
- 2019-20 ലെ വാർഷിക പദ്ധതിയിൽ വിവിധ മേഖലകളിലായി സ്വയംതൊഴിൽ, കൂലിവേല തൊഴിൽ, നൈപുണ്യ വികസനം എന്നിവയ്ക്കായി 118 സ്കീമുകൾ ഉണ്ട്. ഇവയിൽ ജീവനോപാധി വികസനത്തിന് 4700 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതിലേറ്റവും പ്രധാനം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ്. 2018-19 ൽ 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടും. രണ്ടായിരത്തി അഞ്ഞൂറുകോടിയിൽപ്പരം രൂപ വേതനമായി വിതരണം ചെയ്യപ്പെടും എന്നാണ് മതിപ്പ്. ഇത് മുൻവർഷത്തെ അപേക്ഷിച്ച് ഏതാണ്ട് 65 ശതമാനത്തിന്റെ വർദ്ധനയാണ്. 2019-20 ലും 10 കോടി തൊഴിൽ ദിനങ്ങളാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന വിഹിതമായി 230 കോടി രൂപ വകയിരുത്തുന്നു. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ അടങ്കൽ 50 കോടിയിൽ നിന്നും 75 കോടി രൂപയായി ഉയർത്തുന്നു.
- കില അധികാര വികേന്ദ്രീകരണത്തിൽ ലോകപ്രശസ്തമായ ഒരു മികവിന്റെ കേന്ദ്രമായി ഉയർന്നിട്ടുണ്ട്. തദ്ദേശഭരണ വകുപ്പുമായി ബന്ധപ്പെട്ട മറ്റു പരിശീലന സംവിധാനങ്ങളെല്ലാം കിലയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. കിലയ്ക്ക് 33 കോടി രൂപ വകയിരുത്തുന്നു. മാലിന്യ സംസ്കരണത്തിൽ ഖരജല മാലിന്യ സംസ്കരണത്തിൽ പ്രാദേശിക മാതൃകകൾ സൃഷ്ടിക്കുന്നതിന് പരിശീലനത്തിനും പരീക്ഷണത്തിനുമായി 2 കോടി രൂപ അധികമായി വകയിരുത്തുന്നു.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനവിന്യാസം സംബന്ധിച്ച് പരിശോധന നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സംസ്ഥാന ധനകാര്യ കമ്മീഷനെ ഉടൻ നിയമിക്കുന്നതാണ്.
- ശുചിത്വ പരിപാടികൾക്കായി ശുചിത്വ മിഷന് ആകെ 260 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഉറവിട മാലിന്യ സംസ്കരണോപാധികൾക്ക് ഇനിമേൽ 90 ശതമാനം വരെ സബ്സിഡി നൽകാം. നിലവിലുള്ള 50 ശതമാനം സബ്സിഡി അനാകർഷകമായിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ സ്ഥാപനങ്ങൾക്ക് മലിനജല സംസ്കരണോപാധികൾക്ക് 25 ശതമാനം സബ്സിഡി സർക്കാരിനും മറ്റൊരു 25 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകാൻ കഴിയും.
- പ്രളയത്തിനുശേഷം ക്ലീൻ കേരള കമ്പനി 15,764 ടൺ മാലിന്യങ്ങൾ ശേഖരിക്കുകയുണ്ടായി. ഇതിൽ ഇപ്പോൾ 160 ടൺ പ്ലാസ്റ്റിക് സംസ്കരണശേഷിയേ കമ്പനിയുമായി ബന്ധപ്പെട്ടുള്ളൂ. 263 പ്ലാന്റുകൾ സ്ഥാപിച്ച് ഈ ശേഷിയെ 1000 ടണ്ണായി ഉയർത്തും. നിയമത്തിൽ അനുശാസിക്കുന്നതുപോലെ എല്ലാ ജില്ലകളിലും ഏതെങ്കിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു വേസ്റ്റ് ട്രീറ്റ്മെന്റ് ഫെസിലിറ്റി

**തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനവിന്യാസം സംബന്ധിച്ച് പരിശോധന നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സംസ്ഥാന ധനകാര്യ കമ്മീഷനെ ഉടൻ നിയമിക്കുന്നതാണ്.**



ഉണ്ടാകും. ഇ-വേസ്റ്റ് ട്രീറ്റ്മെന്റിന് ഒരു സംവിധാനം കേരളത്തിലുണ്ടാകും. നാട്ടിൻ പുറങ്ങളിൽ എല്ലാ വീടുകളിലും വളക്കുഴി നിർമ്മിക്കുന്നത് ഒരു ക്യാമ്പയിനായി ഏറ്റെടുക്കും. സ്വച്ഛ്ഭാരത് സർവ്വേക്ഷൻ മാതൃകയിൽ കേരളത്തിലെ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ഗ്രേഡ് ചെയ്യുന്നതാണ്.

- ജി.എസ്.ടി നടപ്പിലാക്കുന്നതിനുമുമ്പ് കേരളത്തിൽ വിനോദ നികുതി പിരിച്ചിരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായിരുന്നു. ജി.എസ്.ടി നടപ്പിലാക്കിയതോടനുബന്ധിച്ച് ഇരട്ടനികുതി ഒഴിവാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ നികുതി പിരിക്കേണ്ടതില്ലായെന്ന് കേരളത്തിൽ നിഷ്കർഷിക്കുകയുണ്ടായി. എന്നാൽ തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ രണ്ട് നികുതിയും ഒരുമിച്ച് പിരിച്ചിരുന്നു. ജി.എസ്.ടി കൗൺസിൽ ശുപാർശ പ്രകാരം 28 ശതമാനം ജി.എസ്.ടി നിരക്ക് 18 ശതമാനമായി കുറയ്ക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സിനിമ ടിക്കറ്റുകളുടെ വിലയുടെ പുറത്ത് 10 ശതമാനം വിനോദ നികുതി ചുമത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്നതാണ്.
- പാവങ്ങളോടും വയോജനങ്ങളോടും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രതിബദ്ധതയുടെ ഏറ്റവും നല്ല തെളിവാണ് ക്ഷേമ പെൻഷനുകൾ. ഇന്ന് പെൻഷൻ വാങ്ങുന്നവരിൽ 42 ലക്ഷം പേരിൽ നാലിനൊന്ന് ഈ സർക്കാരിന്റെ കാലത്താണ് ആദ്യമായി പെൻഷൻ വാങ്ങിത്തുടങ്ങിയത്. കുടിശിക തീർക്കുക മാത്രമല്ല, പെൻഷൻ 600 രൂപയിൽ നിന്ന് 1100 രൂപയായി വർദ്ധിപ്പിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശരാശരി പ്രതിവർഷം 1964.73 രൂപയാണ് ക്ഷേമപെൻഷന് ചെലവഴിച്ചത്. 2018-19 ൽ 7533.72 കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നത്. ഇതിലേക്ക് കേന്ദ്രസർക്കാർ ധനസഹായം കഴിഞ്ഞ വർഷം ലഭിച്ചത് കേവലം 150 കോടി രൂപ മാത്രമാണ്. ക്ഷേമപെൻഷനുകളെല്ലാം 100 രൂപ വീതം വർദ്ധിപ്പിക്കുന്നു. രാജ്യം ഇന്ന് ബേസിക് ഇൻകം സപ്പോർട്ട് സ്കീമിനെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. എന്നാൽ ഈ സങ്കൽപ്പം വയോജന പെൻഷൻ പദ്ധതികളിലൂടെ കേരളം നടപ്പാക്കിക്കഴിഞ്ഞുവെന്ന് അഭിമാനപൂർവ്വം അവകാശപ്പെടുകയാണ്.
- സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനാണ് ലൈഫ് മിഷൻ ശ്രമിക്കുന്നത്. ലൈഫ് മിഷന്റെ ഒന്നാംഘട്ട പ്രവർത്തനമായി ലക്ഷ്യമിട്ട 54,036 അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണത്തിൽ 93 ശതമാനം ലക്ഷ്യം കൈവരിക്കാനായിട്ടുണ്ട്. രണ്ടാംഘട്ട ലൈഫ് മിഷൻ പ്രവർത്തനമായ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവനസഹായത്തിനായി പട്ടികപ്പെടുത്തപ്പെട്ടത് 1,84,255 ഗുണഭോക്താക്കളാണ്. ഇവരിൽ ഗ്രാമപഞ്ചായത്തുകളിലുള്ള 79,159 പേരുടെ വീടുനിർമ്മാണം പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവയെല്ലാം മാർച്ചുമാസം പകുതിയോടെ പൂർത്തീകരിക്കപ്പെടും. ഹഡ്കോ വായ്പ ലഭ്യമായതിനാൽ ഇതിനാവശ്യമായ പണം ലഭ്യമാണ്. അവശ്യരേഖകളുടെ പരിശോധനയ്ക്ക് കൂടുതൽ സമയം വേണ്ടിവന്ന 21,000 ത്തോളം പേരുടെ വീടുകൾ മെയ് പകുതിയോടെ പൂർത്തീകരിക്കപ്പെടും. ഇവയ്ക്കു പുറമേ നഗരപ്രദേശങ്ങളിൽ നിർമ്മാണഘട്ടത്തിലുള്ള 11,200 ഓളം വീടുകളും ഈ ഘട്ടത്തിൽ പൂർത്തീകരിക്കും. 2019-20 വർഷത്തിൽ ഇവയുടെ നിർമ്മാണം ആരംഭിക്കുന്നതാണ്. ലൈഫ് മിഷന്റെ മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന സമുച്ചയങ്ങൾക്കായി 1296 കോടി രൂപ വകയിരുത്തുന്നു.

## കുടുംബശ്രീ പദ്ധതികൾക്ക് ആയിരം കോടി

2019-20 വാർഷിക ബജറ്റിൽ കുടുംബശ്രീക്ക് അഭിമാന നേട്ടം. കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനും വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനുമായി ആയിരം കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 258 കോടി രൂപ സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതവും നാനൂറ് കോടി രൂപ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായുള്ള സംയോജന പ്രവർത്തനങ്ങളിൽ നിന്നും ബാക്കി തുക വിവിധ കേന്ദ്രാവിഷ്കൃതപദ്ധതികളിൽ നിന്നുമാണ് ലഭ്യമാകുക.

# പിന്നിട്ട ആയിരം ദിനങ്ങൾ ...
# നവകേരള ലക്ഷ്യത്തിനൊപ്പം...

**എച്ച്. ദിനേശൻ ഐ.എ.എസ്.**

വിവര സാങ്കേതികവിദ്യയുടെയും മറ്റ് ആധുനിക സങ്കേതങ്ങളുടെയും സഹായത്തോടെ, ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാവുന്ന രീതിയിൽ, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഗുണപരമായി മെച്ചപ്പെടുത്താനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. ഈ ലക്ഷ്യത്തോടെ നടത്തിയ വിവിധങ്ങളായ മുൻകൈ പ്രവർത്തനങ്ങളുടെ ഫലമായി പഞ്ചായത്തുവകുപ്പിന്റെയും സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് ഓഫീസുകളുടെയും മുഖച്ഛായ മാറുകയാണ്. 240-ഓളം ഗ്രാമപഞ്ചായത്തുകൾ ഇതിനകം രാജ്യാന്തര നിലവാരത്തിനുള്ള അംഗീകാരമായി ഐഎസ്ഒ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി കഴിഞ്ഞു. അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകൾ, പഞ്ചായത്ത് ഡയറക്ടറേറ്റ്, ജില്ലാ ഓഫീസുകൾ എന്നിവ കൂടി ഐഎസ്ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. വിവിധ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളെ സദ്ഭരണ പഞ്ചായത്തുകളായി പ്രഖ്യാപിക്കുകയുണ്ടായി.

സീനിയോറിറ്റി സംബന്ധിച്ച തർക്കങ്ങളിലും അതിന്റെ തുടർച്ചയായ കോടതി വ്യവഹാരങ്ങളിലും കുരുങ്ങി, സ്ഥാനക്കയറ്റ നിയമനങ്ങൾ മുടങ്ങിക്കിടന്നത് കേരളത്തിലെ പഞ്ചായത്തീ രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കുറച്ചൊന്നുമല്ല ബാധിച്ചത്. വ്യവഹാരങ്ങളിൽ തീർപ്പുണ്ടാക്കി സ്ഥാനക്കയറ്റ നിയമനങ്ങൾ പുനഃസ്ഥാപിക്കുന്നതിന് മുന്തിയ പരിഗണനയാണ് നൽകിയത്. മുടങ്ങിക്കിടന്ന ഗ്രേഡ് പ്രമോഷനുകളും പുനഃസ്ഥാപിച്ചു കഴിഞ്ഞു. വിവിധ തസ്തികകളിലായി 4,153 ജീവനക്കാർക്ക് ഇത്തരത്തിൽ സ്ഥാനക്കയറ്റ നിയമനം നൽകി. 2013 മുതൽ മുടങ്ങിക്കിടന്ന ജില്ലാ ഓഫീസർമാരുടെ നിയമനങ്ങളും ഈ സർക്കാർ വന്നതിനു ശേഷം പുനസ്ഥാപിച്ചു. പി എസ് സി ലിസ്റ്റിൽ നിന്നും നടത്തിയ പുതിയ നിയമനങ്ങൾ ഇതിന് പുറമേയാണ്. 2018- ൽ മാത്രം ഇത്തരത്തിൽ 750 ൽ അധികം നിയമനങ്ങൾ നടത്തി. ആശ്രിത നിയമനം വഴിമാത്രം 66 പേർക്കും ജോലി നൽകി. ഇതിനു പുറമേ, ദിവസ വേതനക്കാരായ 27 പേരെ സ്ഥിരപ്പെടുത്തി. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ ക്ഷാമം ഏറെക്കുറെ പരിഹരിക്കപ്പെട്ടു കഴിഞ്ഞു എന്നു പറയാം.

ഇതിന്റെയൊക്കെ ഫലമായി, ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനവും അതോടൊപ്പം, വികസന പദ്ധതികളുടെ നിർവ്വഹണവും ക്ഷേമ-സുരക്ഷാ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2017-18 വർഷത്തിൽ പദ്ധതി നിർവ്വഹണത്തിന്റെഷ ചരിത്രത്തിൽ സർവ്വകാല റെക്കോർഡ് കൈവരിക്കാൻ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി. പദ്ധതി തുകയുടെ 90.65 ശതമാനവും ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകൾ ചരിത്രനേട്ടം സ്വന്തമാക്കി. 2018-19 ലെ പദ്ധതിച്ചെലവ് ജനുവരി അവസാനത്തോടെ 60 ശതമാനം കടന്നു. പോയ വർഷത്തെ കണക്കുകൾ പിന്നിലാക്കി, കൂടുതൽ മികച്ച നേട്ടം കൈവരിക്കാൻ ഈ വർഷം നമുക്ക് കഴിയുമെന്ന് ഇതിനകം ഉറപ്പായി കഴിഞ്ഞു.

2019-20 ലേക്കുള്ള പദ്ധതി രൂപീകരണം 2018 ഡിസംബറിൽ പൂർത്തിൽ ആദ്യ ദിവസങ്ങളിൽ തന്നെ പുതിയ പദ്ധതിയുടെ നിർവ്വഹണം ആരംഭിക്കാൻ കഴിയുമെന്നർത്ഥം.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു

**വിവിധ തസ്തികകളിലായി 4,153 ജീവനക്കാർക്ക് ഇത്തരത്തിൽ സ്ഥാനകയറ്റ നിയമനം നൽകി. 2013 മുതൽ മുടങ്ങിക്കിടന്ന ജില്ലാ ഓഫീസർമാരുടെ നിയമനങ്ങളും ഈ സർക്കാർ വന്നതിനു ശേഷം പുനഃസ്ഥാപിച്ചു.**




കണ്ണൂർ ജില്ലയിലെ പഞ്ചായത്ത് എംപ്ലോയീസ് റിക്രിയേഷൻ ക്ലബ്ബിന്റെ വാർഷിക സമ്മേളനം പഞ്ചായത്ത് ഡയറക്ടർ എച്ച്. ദിനേശൻ ഐ.എ.എസ്. ഉദ്ഘാടനം ചെയ്യുന്നു.

ശേഷം 10 ലക്ഷത്തിലേറെ പേരെ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ പുതുതായി ഉൾപ്പെടുത്തിയതോടെ, രാജ്യത്ത് ഏറ്റവും വിപുലമായ ക്ഷേമ - സുരക്ഷാ പെൻഷൻ സംവിധാനമുള്ള സംസ്ഥാനമെന്ന സ്ഥാനം ഒന്നു കൂടി ഉറപ്പിക്കാൻ കേരളത്തിനായി. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, 45 ലക്ഷത്തോളം പേർക്ക് വിവിധ ക്ഷേമ-സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുണ്ട്. എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെയും ഏറ്റവും കുറഞ്ഞ തുക 1,200 രൂപയായി വർധിപ്പിച്ചത് 40 ലക്ഷത്തിലേറെ പേർക്ക് ആശ്വാസം നൽകും. 80 ശതമാനത്തിൽ കൂടുതൽ വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് നൽകുന്ന പെൻഷൻ 1,300 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. കിടപ്പുരോഗികളും ഭിന്നശേഷിക്കാരും 85 വയസ് കഴിഞ്ഞവരും ഉൾപ്പെടെ 21 ലക്ഷത്തിലേറെ പേർക്ക് പെൻഷൻ തുക നേരിട്ട് വീട്ടിലെത്തിച്ചാണ് നൽകുന്നത്. മുൻ സർക്കാരുകളുടെ കാലഘട്ടങ്ങളിലുണ്ടായിരുന്ന വിവിധ കാലയളവുകളിലെ കുടിശ്ശികകൾ വിതരണം ചെയ്യുന്നതിന് 2201.31 കോടി രൂപ അനുവദിച്ചു.

ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും പതിനൊന്നിന പരിപാടിയുടെ ഭാഗമായി ആരംഭിച്ച സാംസ്കാരിക നിലയങ്ങളിലും ശിശു മന്ദിരങ്ങളിലും ജോലി ചെയ്യുന്ന ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ തുടങ്ങിയവരുടെ ഓണറേറിയം വർധിപ്പിച്ചത് അവർ നടത്തിവരുന്ന വിലപ്പെട്ട സേവനത്തിനുള്ള അംഗീകാരം കൂടിയായി. 2,050 രൂപയായിരുന്ന നഴ്സറി ടീച്ചർമാരുടെ ഹോണറേറിയം ഒറ്റയടിക്ക് 12,000 രൂപയാക്കി. ആയമാരുടേത് 1,400 ൽ നിന്ന് 8,000 ആക്കി. 10 വർഷം സർവീസ് പൂർത്തിയായവരെ പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

| പെൻഷൻ ഇനം | മുൻ സർക്കാരിന്റെ കാലത്തെ ഗുണഭോക്താക്കളുടെ എണ്ണം | നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം | വർദ്ധനവ് |
|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1413423 | 2249461 | 836038 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 327581 | 388453 | 60872 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1126245 | 1297352 | 171107 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 71401 | 81385 | 9984 |
| കർഷക തൊഴിലാളി പെൻഷൻ | 504764 | 476832 | 0 |
| ആകെ | 3443414 | 4493483 | 1078001 |

## വാർഷിക പദ്ധതി പുരോഗതി – ജില്ലകൾ തിരിച്ച്

2019- ഫെബ്രുവരി 13 വരെ (രൂപ കോടിയിൽ)

| നം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|
| 1 | കൊല്ലം | 605.44 | 400.07 | 66.08 |
| 2 | പാലക്കാട് | 628.71 | 411.81 | 65.50 |
| 3 | വയനാട് | 227.55 | 148.61 | 65.31 |
| 4 | കണ്ണൂർ | 400.11 | 261.00 | 65.23 |
| 5 | പത്തനംതിട്ട | 278.66 | 181.69 | 65.20 |
| 6 | ഇടുക്കി | 335.98 | 208.37 | 62.02 |
| 7 | ആലപ്പുഴ | 431.88 | 264.86 | 61.33 |
| 8 | മലപ്പുറം | 642.81 | 391.14 | 60.85 |
| 9 | കാസർഗോഡ് | 253.39 | 153.82 | 60.70 |
| 10 | തൃശ്ശൂർ | 603.29 | 364.06 | 60.35 |
| 11 | തിരുവനന്തപുരം | 818.53 | 490.14 | 59.88 |
| 12 | കോട്ടയം | 371.51 | 221.49 | 59.62 |
| 13 | കോഴിക്കോട് | 524.49 | 309.95 | 59.10 |
| 14 | എറണാകുളം | 599.60 | 350.96 | 58.53 |
| | **ആകെ** | 6721.95 | 4157.97 | 61.86 |

വസ്തു നികുതി പിരിവിൽ 2017- 18 ലേത് സർവ്വകാല റെക്കോർഡാണ്. 83 ശതമാനമാണ് പോയവർഷത്തെ നികുതി പിരിവ്. ലക്ഷ്യമിട്ട 651.74 കോടി രൂപയിൽ 539.86 കോടിയും ഗ്രാമപഞ്ചായത്തുകൾ പിരിച്ചെടുത്തു. 329 പഞ്ചായത്തുകൾ നൂറുശതമാനം നേടി മുന്നിലെത്തി. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും സഞ്ചയ സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ തറ വിസ്തീർണം, കാലപ്പഴക്കം തുടങ്ങിയ വിശദാംശങ്ങളും സഞ്ജയ സോഫ്റ്റ് വെയറിൽ ലഭ്യമാണ്. നികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

ആധുനിക സങ്കേതങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയും ലോകത്തിന്റെ മാറ്റങ്ങൾക്കൊപ്പം സ്വയം നവീകരിച്ചും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻപേ നടക്കണമെന്നാണ് ഈ സർക്കാർ ആഗ്രഹിക്കുന്നത്. ലോകത്തെവിടെ നിന്നും പൗരൻമാർക്ക് ഗ്രാമസഭാ ചർച്ചകളിൽ പങ്കെടുക്കാൻ അവസരമൊരുക്കുന്ന വെബ് പോർട്ടൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഗ്രാമസഭാ രേഖകളുടെ ചുരുക്കം എവിടെയും ഏതു സമയത്തും ലഭ്യമാക്കാൻ ഈ പോർട്ടൽ ഉപയോഗപ്പെടുത്താം. യോഗനടപടി ക്രമങ്ങൾക്കുള്ള സകർമ സോഫ്റ്റ് വെയറിൽ 941 ഗ്രാമ പഞ്ചായത്തുകളെയും ബന്ധിപ്പിച്ചിട്ടുണ്ട്. ഈ സോഫ്റ്റ് വെയർ കുറ്റമറ്റ രീതിയിൽ ഉപയോഗിക്കാൻ തുടങ്ങുന്നതോടെ, ഭരണനടപടികളിലെ നൂറു ശതമാനം സുതാര്യത എന്ന ലക്ഷ്യത്തിലേക്ക് പഞ്ചായത്തുകൾക്ക് എത്താൻ കഴിയും. ട്രേഡ് ലൈസൻസുകൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള കെ- സ്മിഫ്റ്റ് സംവിധാനത്തിന്റെ പൈലറ്റ് ലോഞ്ചിങ് നടന്നു. ഈ സംവിധാനം സാർവ്വത്രികമാവുന്നതോടെ, വിവിധ വാണിജ്യ-വ്യവസായ സംരംഭങ്ങൾക്ക് ലൈസൻസുകൾ,

**തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലെ പദ്ധതി പുരോഗതി**

(2019- ഫെബ്രുവരി 13 വരെ)

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 67.80% |
| ഗ്രാമപഞ്ചായത്ത് | 67.77% |
| ജില്ലാപഞ്ചായത്ത് | 55.92% |
| മുനിസിപ്പാലിറ്റി | 54.32% |
| കോർപ്പറേഷൻ | 44.09% |

2018-19 ലെ പദ്ധതിച്ചെലവ് ജനുവരി അവസാനത്തോടെ 60 ശതമാനം കടന്നു. പോയ വർഷത്തെ കണക്കുകൾ പിന്നിലാക്കി, കൂടുതൽ മികച്ച നേട്ടം കൈവരിക്കാൻ ഈ വർഷം നമുക്ക് കഴിയുമെന്ന് ഇതിനകം ഉറപ്പായി കഴിഞ്ഞു.

## ഫണ്ട് വിനിയോഗത്തിൽ മാതൃകാപരമായി മുന്നേറുന്ന തദ്ദേശസ്ഥാപനങ്ങൾ

**(2019- ഫെബ്രുവരി 13 വരെയുള്ള കണക്ക്)** (രൂപ കോടിയിൽ)

### കോർപ്പറേഷനുകൾ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|
| 1 | കോഴിക്കോട് | 118.62 | 59.27 | 49.97 |
| 2 | കൊച്ചി | 113.57 | 53.60 | 47.20 |

### മുനിസിപ്പാലിറ്റികൾ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ്% |
|---|---|---|---|---|---|
| 1 | മുക്കം | കോഴിക്കോട് | 4.99 | 3.65 | 73.15 |
| 2 | തളിപറമ്പ് | കണ്ണൂർ | 9.37 | 6.67 | 71.18 |
| 3 | വളാഞ്ചേരി | മലപ്പുറം | 3.79 | 2.59 | 68.34 |

### ജില്ലാ പഞ്ചായത്തുകൾ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1 | വയനാട് | 37.93 | 28.60 | 75.40 |
| 2 | കണ്ണൂർ | 52.98 | 33.73 | 63.67 |

### ബ്ലോക്ക് പഞ്ചായത്തുകൾ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 1 | കൂവപ്പടി | എറണാകുളം | 5.45 | 5.07 | 93.03 |
| 2 | പയ്യന്നൂർ | കണ്ണൂർ | 5.10 | 4.71 | 92.35 |
| 3 | പെരുമ്പടപ്പ് | മലപ്പുറം | 3.55 | 3.26 | 91.83 |
| 4 | പാനൂർ | കണ്ണൂർ | 2.77 | 2.52 | 90.90 |
| 5 | കുഴൽമന്ദം | പാലക്കാട് | 7.43 | 6.72 | 9.44 |

### ഗ്രാമപഞ്ചായത്തുകൾ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 1 | രാമന്തളി | കണ്ണൂർ | 2.63 | 2.60 | 98.86 |
| 2 | കുട്ടിലങ്ങാടി | മലപ്പുറം | 3.23 | 3.19 | 98.76 |
| 3 | കരിവെള്ളൂർ | കണ്ണൂർ | 2.06 | 2.03 | 98.54 |
| 4 | കുറ്റിക്കോൽ | കാസർകോട് | 4.24 | 4.08 | 96.23 |
| 5 | ആരക്കുഴ | എറണാകുളം | 1.81 | 1.73 | 95.58 |
| 6 | കുണ്ടറ | കൊല്ലം | 2.03 | 1.94 | 95.57 |
| 7 | പൂമംഗലം | തൃശ്ശൂർ | 1.89 | 1.75 | 92.59 |
| 8 | ഇട്ടിവ | കൊല്ലം | 4.87 | 4.46 | 91.58 |
| 9 | പനങ്ങാട് | കോഴിക്കോട് | 4.64 | 4.23 | 91.16 |

അനുവാദം, അംഗീകാരം, ക്ലിയറൻസ് എന്നിവ നൽകുന്നതിലെ കാലതാമസം പൂർണ്ണമായി ഒഴിവാക്കാനാവും.

പുതിയ സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന തനുസരിച്ച് സ്വയം നവീകരിക്കാൻ വിവിധങ്ങളായ പരിശീലന പരിപാടികളും സർക്കാർ നടത്തി വരുന്നുണ്ട്. അവലോകനങ്ങൾക്കും പരിശീലനങ്ങൾക്കുമായി, സംസ്ഥാനത്തൊട്ടാകെ, 33 വെർച്ച്വൽ ക്ലാസ് മുറികൾ ഇതിനകം സജ്ജീകരിച്ചു. ഒരേ സമയം 1400 പേർക്ക് ഈ വെർച്ച്വൽ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയും. 14 ജില്ലാ പഞ്ചായത്തുകളിലും ഇത്തരത്തിൽ വെർച്ചൽ ക്ലാസുമുറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ഫയൽ നടപടിക്രമം വേഗത്തിലാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലും 7 ജില്ലാ ഓഫീസുകളിലും ഇ- ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന 7 ജില്ലാ ഓഫീസുകളിൽ ഇ- സംവിധാനം ഉടൻ നിലവിൽ വരും. ഫയൽ തീർപ്പാക്കലിനായി 2019 ജനവരി 8ന് പഞ്ചായത്തു ഡയറക്ടറേറ്റിൽ ആരംഭിച്ച 'മിഷൻ 30 ഡയസ്' ന്റെ. ആദ്യ ഘട്ടത്തി.ൽ 6000 ഫയലുക.ൾ തീർപ്പാക്കി കഴിഞ്ഞു. ഇത് ജില്ലകളിലും പഞ്ചായത്തുകളിലും വ്യാപിപ്പിക്കും. പരാതികളും ആക്ഷേപങ്ങളും നേരിട്ട് സർക്കാരിന്റെ ശ്രദ്ധയിൽ എത്തിക്കുന്നതിനു വേണ്ടി ഏർപ്പെടുത്തിയ ഓൺലൈൻ സംവിധാനമായ ഫോർ ദി പീപ്പിൾ, ആയിരക്കണക്കിന് പരാതികൾക്ക് സർക്കാർ തലത്തിൽ പരിഹാരമുണ്ടാക്കാൻ സഹായകമായി.

നമ്മുടെ നാടിന്റെ സമ്പദ് വ്യവസ്ഥയെ പിടിച്ചുലച്ച മഹാപ്രളയത്തെ നേരിടുന്നതിനു നേതൃത്വപരമായ പങ്കു വഹിക്കാൻ പഞ്ചായത്തുവകുപ്പിന് കഴിഞ്ഞു. പഞ്ചായത്തു ഡയറക്ടറേറ്റിലും ജില്ലാ ആഫീസുകളിലും ഹെൽപ്പലൈനും കളക്ഷൻ സെന്ററുകളും തുറന്നു. ഡയറക്ടറേറ്റിൽ നിന്ന് മാത്രം 100 ലോഡിൽ അധികം അവശ്യവസ്തുക്കൾ പ്രളയ ബാധിതർക്ക് വിതരണം ചെയ്തു. വകുപ്പിലെ 6000 ലധികം ജീവനക്കാരും 15000 ലധികം ജനപ്രതിനിധികളും ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു.

നവകേരളമെന്ന ലക്ഷ്യത്തിന് കരുത്തു പകർന്ന്, കാര്യക്ഷമതയുടെയും സുതാര്യതയുടെയും പുതിയ ചരിത്രമെഴുതുന്ന കേരളത്തിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ആളും അർത്ഥവും നൽകി ശാക്തീകരിക്കുകയാണ് ഈ സർക്കാരിന്റെ സമീപനം. സ്വയം നവീകരിക്കാനും ഉറപ്പുള്ള ചുവടുകളോടെ, മികവിൽ നിന്ന് മികവിലേക്ക് മുന്നേറാനും നമ്മുടെ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്ക് കഴിയട്ടെ.

*(ലേഖകൻ പഞ്ചായത്ത് ഡയറക്ടറാണ്.)* □

# മിഷൻ വയനാട്–2018

## വയനാട് ജില്ലയിലെ പഞ്ചായത്തുകൾ ഇനിമുതൽ ജനസൗഹൃദം

**ജോയി ജോൺ**

കേരളത്തിലെ സിവിൽ സർവ്വീസ് അഴിമതി രഹിതവും കാര്യക്ഷമവുമായി രൂപപ്പെടുത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിതനയം പ്രാവർത്തികമാക്കുന്നതിന് വയനാട് ജില്ലയിലെ പഞ്ചായത്തുകൾ മാതൃകയാകുന്നു. ഓരോ ഫയലും ഓരോ പൗരന്റെയും ജീവിതമാണെന്ന കാഴ്ചപ്പാടോടുകൂടി നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി സർക്കാർ സേവനങ്ങൾ സാധാരണക്കാരന്റെ വിരൽതുമ്പിൽ എത്തിക്കുന്നതിനായുള്ള സർക്കാരിന്റെ ആശയം വയനാട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നു. ഓഫീസ് പ്രവർത്തനം കൃത്യസമയത്ത് ആരംഭിക്കുക, പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റം, സുസജ്ജമായ ഫ്രണ്ട് ഓഫീസ്, മികച്ച ഭൗതിക സാഹചര്യങ്ങൾ, പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച സംശയനിവാരണം, മാതൃകാ അപേക്ഷ ഫോറങ്ങൾ, ചെക്ക്‌ലിസ്റ്റുകൾ തുടങ്ങിയ മുന്നൊരുക്കങ്ങളിലൂടെ ശുപാർശകളില്ലാതെ ക്രമപ്രകാരം പൊതുജനങ്ങൾക്ക് സേവനം എന്ന കാഴ്ചപ്പാടോടുകൂടി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജോയി ജോണിന്റെ ആശയത്തിലും നേതൃത്വത്തിലും നടപ്പിലാക്കിയ 100 ദിന കർമ്മ പരിപാടി മിഷൻ വയനാട് 2018 എന്ന പദ്ധതിയിലൂടെ വയനാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളും ജനസൗഹൃദ സദ്ഭരണ ഓഫീസുകളായി പ്രഖ്യാപിച്ചു.

പൊതുജന സേവനം ഫലപ്രദവും സമയബന്ധിതവുമാക്കുന്നതിന് കൂടുതൽ ഊന്നൽ നൽകികൊണ്ട് പതിനൊന്നാം പദ്ധതിയുടെ മുൻഗണനാവിഷയങ്ങളിൽ സദ്ഭരണം എന്ന വിഷയമേഖല ഉൾപ്പെടുത്തുകയുണ്ടായി. കാര്യക്ഷമമായ പൊതുജന സേവനം ലഭ്യമാക്കുന്നതിനായി 2009 ൽ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വരുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളുടെ സേവന ഗുണനിലവാരത്തിന്റെ അളവുകോലായ ഐ. എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും 2013-ൽ പുറപ്പെടുവിച്ചിരുന്നു.

ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്തുകൾ നടപടികൾ സ്വീകരിച്ച് വന്നരുന്നുവെങ്കിലും സേവനം നൽകുന്നതിലും നടപ്പാക്കുന്നതിലും ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ വ്യത്യസ്ത സമീപനങ്ങൾ കൈക്കൊള്ളുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ ഒരു ഏകീകൃത സ്വഭാവം കൈവരിക്കേണ്ടത് അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടു അതിന്റെ അടിസ്ഥാനത്തിലാണ് മിഷൻ വയനാട് 2018 എന്ന പരിപാടി ആവിഷ്കരിക്കാൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 2018 മെയ് മാസം സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തു.

എല്ലാ ഗ്രാമപഞ്ചായത്തുകളും അനിവാര്യമായി നിർവ്വഹിക്കേണ്ടതായ 32 വിഷയ മേഖലകളാണ് പദ്ധതിയുടെ സദ്ഭരണ മാനദണ്ഡങ്ങളായി വിഭാവനം ചെയ്തത്. നിയമ വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ഏകീകൃതരൂപത്തോടെ നീതിപൂർവ്വകമായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജന സേവനം സാധ്യമാക്കുന്നതിനും അതോടൊപ്പം തന്നെ ജനങ്ങളുടെ അറിയാനുള്ള അവകാശം സംരക്ഷിക്കപ്പെടുന്നതിനുമുള്ള നിർദ്ദേശങ്ങൾ സർക്കുലറിൽ ഉൾകൊള്ളിച്ചിരുന്നു.

പദ്ധതിയിലൂടെ കൈവരിക്കേണ്ട ലക്ഷ്യം വിശദീകരിക്കുന്നതിനായി 2018 മെയ് മാസം പൂതാടി ഗ്രാമ പഞ്ചായത്തിൽ വെച്ച് ഗ്രാമപഞ്ചായത്തുകളിലെ ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്കുമാരുടെ ഒരു ശില്പശാല സംഘടിപ്പിക്കുകയു




*വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സദ്ഭരണ പഞ്ചായത്തുകളായി പ്രഖ്യാപിക്കുന്ന ചടങ്ങിൽനിന്ന്.*

ണ്ടായി. പദ്ധതിയുടെ പ്രവർത്തന അവലോക നത്തിനും തുടർ മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്തു കളിലേക്ക് നൽകുന്നതിനുമായി ഡി.ഡി.പി, സീനിയർ സൂപ്രണ്ടുമാർ, ഡി.ഡി.പി ഓഫീസിലെ ജൂനിയർ സൂപ്രണ്ടുമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരി ച്ചു. മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ വരുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിനും മൂന്ന് മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുകയും പഞ്ചായത്തുകളിൽ പരിശോധന നടത്തുകയും പോരായ്മകൾ പരിഹ രിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി.

എന്നാൽ ആഗസ്റ്റ് മാസം ജില്ലയിലുണ്ടായ മഹാപ്രളയം കാരണം പ്രവർത്തനങ്ങൾ താൽ ക്കാലികമായി നിർത്തിവയ്ക്കേണ്ട സാഹചര്യമു ണ്ടായി. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട പ്ര വർത്തന ങ്ങളിൽ പഞ്ചായത്ത് വകുപ്പും വകുപ്പിലെ മുഴുവൻ ജീവനക്കാരും ജനപ്രതിനിധികളും മഹത്തായ സേവനം നൽകി. പ്രളയാനന്തരം സെപ്റ്റംബറിൽ ജില്ലാതല മോണിറ്ററിംഗ് സമിതി യോഗം ചേരുകയും പദ്ധതിയുടെ തുടർ പ്രവർത്ത നങ്ങൾ ഊർജ്ജിതപ്പെടുത്താൻ തീരുമാനിക്കു കയും ചെയ്തു.

ഗ്രാമപഞ്ചായത്തുകളിൽ മോണിറ്ററിംഗ് സമിതികൾ നടത്തിയ പരിശോധനാ റിപ്പോർ ട്ടുകൾ ജില്ലാതല മോണിറ്ററിംഗ് സമിതി പരി ശോധിക്കുകയും പരിഹരിക്കേണ്ടതായ വിഷയ ങ്ങൾ സംബന്ധിച്ച് അതാത് ഗ്രാമപഞ്ചായത്തു കൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

പഞ്ചായത്തുകളിൽ നിന്ന് പോരായ്മകൾ പരിഹരിച്ചതായ റിപ്പോർട്ടുകളും സദ്ഭരണ പ്ര ഖ്യാപനത്തിന് സജ്ജമാണെന്ന സാക്ഷ്യപത്രവും ജില്ലാതല മോണിറ്ററിംഗ് സമിതി വിശദമായി പരിശോധിക്കുകയും ജില്ലയിലെ എല്ലാ ഗ്രാമപ ഞ്ചായത്തുകളെയും സദ്ഭരണ ഗ്രാമപഞ്ചായത്തു കളായി പ്രഖ്യാപിക്കാമെന്ന് തീരുമാനിക്കുകയു മുണ്ടായി. 2018 നവംബർ 1ന് മേപ്പാടി ഗ്രാമപ ഞ്ചായത്ത് പ്രസിഡന്റ് കെ.കെ. സഹദ് അധ്യ ക്ഷതവഹിച്ച ചടങ്ങിൽ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും മിഷൻ വയനാട് 2018 എന്ന പദ്ധതിയിലൂടെ ജനസൗഹൃദ സദ്ഭരണ ഗ്രാമപഞ്ചായത്തുകളായി സി.കെ. ശശീന്ദ്രൻ എം.എൽ.എ. പ്രഖ്യാപിക്കുകയുണ്ടായി. □

*ലേഖകൻ വയനാട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*

**മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് കൃത്യമായി നൽകണം**

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ എല്ലാ മാസവും കൃത്യമായി നൽകാൻ അതാത് ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സാമൂഹ്യ സുരക്ഷാമിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ഐസിഡിഎസ്/ സിഡിപിഒ മുഖേന എല്ലാ തദ്ദേശഭരണസ്ഥാപന ങ്ങൾക്കും കൈമാറേണ്ടതാണെന്നും മതിയായ തുക മാറ്റിവയ്ക്കുന്നുവെന്ന് ഐസിഡിഎസ്/ സിഡിപിഒ മാർ ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിർദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. സർക്കുലർ നമ്പർ ഡിഎ1 /19/ 2019 /തസ്വഭവ, തീയതി 25 /1 /2019.

# എല്ലാരും ജലാശയങ്ങളിലേക്ക്

### പുഴ പുനരുജ്ജീവനപ്രവർത്തനങ്ങളുമായി ഹരിതകേരളം മിഷൻ മൂന്നാം വർഷത്തിലേക്ക്

**ഡോ. ടി. എൻ. സീമ**

കേരളത്തിന്റെ ഹരിതസമൃദ്ധി വീണ്ടെടുക്കുകയും അത് നിലനിർത്തുകയും ചെയ്യുണമെന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചിട്ട് രണ്ടു വർഷം പൂർത്തിയാവുന്നു. ശുചിത്വം-മാലിന്യ സംസ്കരണം, ജല സുരക്ഷ, സുരക്ഷിത ഭക്ഷ്യോല്പാദനം മുൻനിർത്തിയുള്ള കൃഷി വികസനം എന്നീ മേഖലകളിൽ ഇതിനകം സംസ്ഥാനത്ത് ശ്രദ്ധേയമായ മാറ്റങ്ങൾക്ക് വഴിയൊരുക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനകീയ പുഴ സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചുകൊണ്ടാണ് മൂന്നാം വാർഷിക പ്രവർത്തനങ്ങൾക്ക് മിഷൻ തുടക്കം കുറിക്കുന്നത്. കാർഷിക സമൃദ്ധിക്ക് അവിഭാജ്യ ഘടകമായ ജലസമൃദ്ധി ലക്ഷ്യമിട്ട് 'എല്ലാരും ജലാശയങ്ങളിലേക്ക്' എന്ന സന്ദേശവുമായാണ് പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ജനകീയ കൂട്ടായ്മകളുടെയും നേതൃത്വത്തിലാണ് പുഴ ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നത്. സംസ്ഥാനത്ത് വിവിധയിടങ്ങളിലായി നടക്കുന്ന പരിപാടികളിൽ മന്ത്രിമാർ, എം.പിമാർ, എം.എൽ.എ മാർ, ജനപ്രതിനിധികൾ, സാമൂഹ്യ സാസ്ക്കാരിക നായകർ തുടങ്ങിയവർ ഉൾപ്പെടെ വൻജനാവലി പുഴ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. ഓരോയിടത്തും നിശ്ചിത പ്രദേശങ്ങളിൽ നിശ്ചിത ദൂരത്താണ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. വരും ദിവസങ്ങളിലും ഇതിന്റെ തുടർ പ്രവർത്തനങ്ങളുണ്ടാകും.

കഴിഞ്ഞ വർഷം ആരംഭിച്ച മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിൻ സംസ്ഥാനത്ത് ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കി. ഈ വർഷം ഈ ക്യാമ്പയിന്റെ രണ്ടാംഘട്ടമാരംഭിച്ചു. ഹരിതകർമ്മസേന, ഗാർഹിക ഉറവിട മാലിന്യ സംസ്കരണോപാ

> സുസ്ഥിരവും സ്ഥായിയുമായ പരിസ്ഥിതി പുനസ്ഥാപനത്തിനുള്ള തീവ്രയജ്ഞത്തിൽ ഹരിതകേരളം മിഷൻ



*'മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം' - രണ്ടാംഘട്ട ക്യാമ്പയിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ഹരിതകേരളം മിഷൻ ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ സംസാരിക്കുന്നു.*

ഇത് പരിസ്ഥിതി മൗലികവാദമല്ല, മറിച്ച് മനുഷ്യവംശത്തെ നിലനിർത്തുന്നതിന് അനിവാര്യമായ കരുതലാണ്. പച്ചയിലൂടെ വൃത്തിയിലേക്ക് സഞ്ചരിച്ചു കൊണ്ട് എല്ലാ അർത്ഥത്തിലും ഹരിതാഭമായ നാടായി കേരളത്തെ നമുക്ക് മാറ്റാം.

ധികൾ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് ഉപാധികൾ എന്നീ സംവിധാനങ്ങളിലൂടെ മാലിന്യസംസ്കരണത്തിനുള്ള ശൃംഖല സംസ്ഥാനത്ത് യാഥാർത്ഥ്യമായിത്തുടങ്ങി. ഗ്രീൻ പ്രോട്ടോക്കോൾ സാമൂഹിക ജീവിതത്തിന്റെ ഭാഗമായി. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ഏറെയും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കാനായി. ഉത്സവങ്ങളിലും ആഘോഷങ്ങളിലും മേളകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കിത്തുടങ്ങി. പൗരവിദ്യാഭ്യാസത്തിന്റെ ശക്തമായ ഉപാധിയായി ഗ്രീൻ പ്രോട്ടോക്കോൾ മാറിക്കഴിഞ്ഞു. അടുത്തവർഷത്തോടെ ശുചിത്വമാലിന്യ സംസ്കരണ സംവിധാനം സംസ്ഥാനത്ത് പൂർണ്ണമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, നഷ്ടപ്പെട്ട ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനുള്ള കർമ്മപദ്ധതിയും അനുബന്ധ പ്രവർത്തനങ്ങളും, കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണം തുടങ്ങിയ മേഖലകളിൽ ഹരിതകേരളം മിഷൻ നടത്തിയ സുപ്രധാന പ്രവർത്തനങ്ങൾ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. വരൾച്ചാ പ്രതിരോധത്തിനുള്ള ശക്തമായ നടപടികളാണ് ഇതിലൂടെ സാധ്യമായത്. സംസ്ഥാ നത്തെ എല്ലാ നദീതടങ്ങളെയും ചെറു നീർത്തടങ്ങളായി തിരിച്ച് യഥാർത്ഥ നീർത്തട നടത്തത്തിലൂടെ ജലസംരക്ഷണ ഇടപെടലുകൾക്കുള്ള പദ്ധതികൾ ജനകീയമായി തീരുമാനിക്കപ്പെടുകയാണ്. നമ്മുടെ പുഴകളിൽ പ്രളയത്തിന്റെ ഭാഗമായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ് എന്നതിനെ സംബന്ധിച്ച് ശാസ്ത്രീയ പഠനവും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്.

ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച ലക്ഷ്യങ്ങളിൽ തത്പരരായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പുഴ പുനരുജ്ജീവനത്തിനുള്ള അനുകരണീയ ജനകീയ മാതൃകകൾ അനവധി നടപ്പിലാക്കിയിട്ടുണ്ട്. ഇവ ഓരോന്നും അവയുടെ സംഘാടനം, പ്രവർത്തനരീതി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റ് ജനപ്രതിനിധികളുടെയും നേതൃത്വം ജനകീയ പങ്കാളിത്തം സർക്കാർ വകുപ്പുകളുടെ ഏകോപനം എന്നീ കാര്യങ്ങളിൽ വ്യത്യസ്തവും തനത് മാതൃകകളുമാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി പുഴ പുനരുജ്ജീവനത്തിൽ തത്പരരായി ജനകീയ സംഘങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുന്നോട്ട് വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ഫലപ്രദമായി ഏകോപിപ്പിച്ചു വരികയാണ്.

പച്ചക്കറികൃഷി വ്യാപനം, തരിശുനില കൃഷി പ്രോത്സാഹനം, ജൈവ വൈവിധ്യ സംരക്ഷണം, ജൈവകൃഷി പ്രോത്സാഹനം എന്നിവ മുൻനിർത്തി സുരക്ഷിത ഭക്ഷ്യോൽപ്പാദനത്തിനാണ് പ്രധാനമായും കാർഷിക മേഖലയിൽ ഹരിത കേരളം മിഷൻ ശ്രദ്ധ വച്ചത്. പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ സൃഷ്ടിക്കുന്നതിലും ജൈവ മാലിന്യസംസ്കരണത്തെ കൃഷിയുമായി ബന്ധിപ്പിക്കുന്നതിലും സ്കൂളുകളിലും സ്ഥാപനങ്ങളിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു വരുന്നു. തരിശുനിലത്തിൽ കൃഷി വ്യാപനം വൻതോതിൽ സംസ്ഥാനത്ത് നടന്നുവരികയാണ്.

ഇതിനുപുറമേ ഹരിതകേരള സൃഷ്ടിക്കും നിലനിൽപ്പിനും ആധാരമായ ജനകീയ വിദ്യാഭ്യാസത്തിന് ഉതകുംവിധം നിരവധി പഠന പരിശീലനപരിപാടികൾ മിഷൻ കഴിഞ്ഞവർഷം സംഘടിപ്പിക്കുകയുണ്ടായി. പകർച്ചവ്യാധി പ്രതിരോധത്തിനായി കുട്ടികളെ സംഘടിപ്പിച്ച് നടത്തിയ ജാഗ്രതോത്സവം, സ്കൂളുകളിലെ ഹരിതോത്സവം, ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയിൻ, ഐ.ടി.ഐ ഹരിതക്യാമ്പസ് എന്നിവ ഇതിനുദാഹരണങ്ങളാണ്.

പ്രളയകാലത്തിന്റെ രൂക്ഷമായ ദുരിതങ്ങളെയും തീക്ഷ്ണമായ അനുഭവങ്ങളുടെ ഓർമ്മകളെയും അതിജീവിച്ചു കൊണ്ട് ഒരു പുതിയ ജീവിതം കെട്ടിപ്പടുക്കുന്നതിന്റെ വലിയ ഉത്തരവാദിത്തമാണ് ഇന്നുള്ളത്. പരിസ്ഥിതിക്കിണങ്ങുന്നതാകണം താഴേത്തട്ട് മുതൽ സംസ്ഥാന തലം വരെ ഏറ്റെടുക്കുന്ന പുനർ നിർമ്മാണ വികസന പ്രവർത്തനങ്ങളെന്നുള്ള കാഴ്ചപ്പാടാണ് സർക്കാർ മുന്നോട്ടു വെച്ചിട്ടുള്ളത്. സുസ്ഥിരവും സ്ഥായിയുമായ പരിസ്ഥിതി പുനസ്ഥാപനമാണ് ഹരിത കേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യമെന്നത് ഈ ദൗത്യത്തിന് പിന്നിലുള്ള ദീർഘവീക്ഷണത്തെ ഉയർത്തിക്കാട്ടുന്നതാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവ ബന്ധത്തെ ശക്തമാക്കിക്കൊണ്ടും പരിസ്ഥിതിയെ അറിഞ്ഞും ആദരിച്ചും കൊണ്ടുമുള്ള വികസനമാണ് നാടിന് ഇന്നാവശ്യം. ഇത് പരിസ്ഥിതി മൗലികവാദമല്ല, മറിച്ച് മനുഷ്യവംശത്തെ നിലനിർത്തുന്നതിന് അനിവാര്യമായ കരുതലാണ്. പച്ചയിലൂടെ വൃത്തിയിലേക്ക് സഞ്ചരിച്ചു കൊണ്ട് എല്ലാ അർത്ഥത്തിലും ഹരിതാഭമായ നാടായി കേരളത്തെ നമുക്ക് മാറ്റാം. നമ്മുടെ നീരൊഴുക്കുകളെ പുനരുജ്ജീവിപ്പിച്ചു കൊണ്ട് കടുത്ത വേനലുകളെയും വെള്ളപ്പൊക്കങ്ങളെയും അതിജീവിക്കണം. ഓരോ തുണ്ട് ഭൂമിയിലും പ്രകൃതി ഒളിപ്പിച്ചു വെച്ചിരിക്കുന്ന പച്ചപ്പിനെ വീണ്ടെടുത്ത് മണ്ണിന്റെയും മനുഷ്യന്റെയും ആരോഗ്യം സംരക്ഷിക്കണം. അപ്പോൾ മാത്രമേ ഹരിതകേരളം എന്ന ലക്ഷ്യത്തിലേക്ക് നാം എത്തിച്ചേരുകയുള്ളൂ. □

*ലേഖിക ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സനാണ്.*

# മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

## രണ്ടാംഘട്ട ക്യാമ്പയിൻ ആരംഭിച്ചു

## ഹരിത നിയമാവലി പ്രകാശനം ചെയ്തു

ഹരിത കേരളം മിഷൻ നടപ്പിലാക്കുന്ന മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം രണ്ടാം ഘട്ടം ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവഹിച്ചു. ഹരിതകേരളത്തെ മലിനമാക്കുന്നവർക്കെതിരെ സ്വീകരിക്കേണ്ട നിയമ നടപടികൾ അടങ്ങിയ കൈപ്പുസ്തകം 'ഹരിത നിയമങ്ങൾ ' മന്ത്രി പ്രകാശനം ചെയ്തു.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ശക്തമായ നിയമങ്ങളും ചട്ടങ്ങളും രാജ്യത്ത് നിലവിലുണ്ടെങ്കിലും അവ പ്രായോഗികമായി നടപ്പിലാക്കുന്നതിൽ ഏറെ മുന്നോട്ട് പോകേണ്ടതുണ്ടെന്ന് മന്ത്രി മൊയ്തീൻ പറഞ്ഞു. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നിയമ നടപടികൾ സ്വീകരിക്കാവുന്നവയും മറ്റ് ഏജൻസികളുടെ സഹായത്തോടെ നിയമനടപടികൾ സ്വീകരിക്കാവുന്നവയും ഉണ്ട്. പൊതുജനങ്ങളിലും ജനപ്രതിനിധികളിലും ഇത്തരം നിയമങ്ങളെ കുറിച്ച് അവബോധം വളർത്തിയെടുത്ത് ശാസ്ത്രീയവും സുരക്ഷിതവുമായ മാലിന്യ സംസ്കരണം ശീലമായി മാറ്റുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയും. ഹരിത കേരളം മിഷൻ പുറത്തിറക്കുന്ന പുസ്തകം വിപുലമായ നിയമബോധവത്കരണ ക്യാമ്പയിന് തുടക്കം കുറിക്കുമെന്നും മന്ത്രി പറഞ്ഞു. വികസനമെന്നാൽ ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കലാണ്. മുഴുവൻ വകുപ്പുകളും ഒന്നായി നിന്ന് ഇതിന് പരിശ്രമിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഹരിത നിയമാവലി ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. ക്യാമ്പയിന്റെ പരിശീലനങ്ങൾക്ക് നേതൃത്വം നൽകുന്നത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ആണ്. ചൂർണിക്കര ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ നടന്ന പരിപാടിയിൽ അൻവർ സാദത്ത് എം.എൽ.എ. അധ്യക്ഷനായി. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് കെ.വി.മാലതി പുസ്തകം ഏറ്റുവാങ്ങി. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ സീമ മുഖ്യപ്രഭാഷണം നടത്തി. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ മുഖ്യാതിഥിയായി. ഹരിതകേരളം മിഷൻ ജില്ലാ



*ഹരിതകേരളം മിഷൻ പ്രസിദ്ധീകരിച്ച 'ഹരിത നിയമങ്ങൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം മന്ത്രി എ.സി. മൊയ്തീൻ നിർവഹിക്കുന്നു.*

## 'മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം' പ്രവർത്തന പുരോഗതി

| പ്രവർത്തനങ്ങൾ | എണ്ണം |
|---|---|
| മാലിന്യ സംസ്കരണം അവസ്ഥാ പഠനം നടത്തിയ വീടുകൾ | 69 ലക്ഷം |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2017-18, 2018-19 വർഷങ്ങളിലെ മാലിന്യസംസ്കരണ പ്രോജക്ടുകൾ | 15358 |
| ഉറവിട മാലിന്യസംസ്കരണം സജ്ജമാക്കിയ വീടുകൾ | 30.19 ലക്ഷം |
| നിലവിലുള്ള കമ്മ്യൂണിറ്റി - (തുമ്പൂർമൂഴി മാതൃക) കമ്പോസ്റ്റ് യൂണിറ്റുകൾ (എയ്റോബിക് ബിൻ) ഉൾപ്പെടെ | 2510 |
| കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ | 98 |
| സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകൾ | 1320 |
| ഹരിതകർമ്മസേന രൂപീകരിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ | 1029 |
| ആകെ ഹരിതകർമ്മ സേനയിലെ അംഗങ്ങൾ | 30357 |
| മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 403 |
| ആകെ റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ | 88 |
| റോഡ് ടാറിംഗിന് കൈമാറിയ പ്ലാസ്റ്റിക് | 265.216 ടൺ |
| രജിസ്റ്റർ ചെയ്ത സ്ക്രാപ്പ് കച്ചവടക്കാരുടെ എണ്ണം | 2350 |
| നാളിതുവരെ ശേഖരിച്ച പ്ലാസ്റ്റിക് | 9,708 ടൺ |
| സോക്ക്പിറ്റ് നിർമ്മിച്ച വീടുകൾ | 13 ലക്ഷം |
| നാളിതുവരെ ശേഖരിച്ച ഇ-വേസ്റ്റ് | 1739.70 ടൺ |
| ജാഗ്രതോത്സവം നടത്തിയ വാർഡുകൾ | 15,600 |
| ജാഗ്രതോത്സവത്തിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം | 4,90,830 |
| ഗ്രീൻ പ്രോട്ടോക്കോൾ പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം | 1,486 |
| അംഗീകരിച്ച ഹരിതസഹായ സ്ഥാപനങ്ങളുടെ എണ്ണം | 37 |
| ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുള്ള സംസ്ഥാന ഓഫീസുകൾ | 145 |
| ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുള്ള ജില്ലാ ഓഫീസുകൾ | 1224 |

കോർഡിനേറ്റർ സുജിത് കരുൺ, ചൂർണിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി എ.വി.ഷാജി, ചൂർണിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി. ഉദയകുമാർ എന്നിവർ പ്രസംഗിച്ചു.

### ശുചിത്വ-മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ

2017 ആഗസ്റ്റ് 15 ന് തുടങ്ങിയ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ക്യാമ്പയിനും അതോടൊപ്പം സംഘടിപ്പിച്ച വിവിധ പ്രവർത്തനങ്ങളും വഴി സംസ്ഥാനത്ത് ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ക്യാമ്പയിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ തുടക്കമായത്. ഒന്നാം ഘട്ട പ്രവർത്തനങ്ങളിൽ ഉറവിട മാലിന്യസംസ്കരണത്തിനാവശ്യമായ എം.സി.എഫ്, ആർ.ആർ.എഫ്, ഹരിതകർമ്മ സേന, ഗാർഹിക ഉറവിട മാലിന്യസംസ്കരണ ഉപാധികൾ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് ഉപാധികൾ എന്നീ സംവിധാനങ്ങൾ നടപ്പാക്കി. ഇതിലൂടെ മാലിന്യസംസ്കരണത്തിനുള്ള ശൃംഖല യാഥാർത്ഥ്യമായി തുടങ്ങി. സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഫലപ്രദമായി നടപ്പാക്കി തുടങ്ങിയ ഗ്രീൻ പ്രോട്ടോക്കോൾ സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി. പൗര വിദ്യാഭ്യാസത്തിന്റെ ശക്തമായ ഉപാധിയായി ഗ്രീൻ പ്രോട്ടോക്കോൾ മാറിക്കഴിഞ്ഞു.

### നിയമനടപടി സ്വീകരിക്കുന്നതിന് പരിശീലനം

മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നതിനും കത്തിക്കുന്നതിനും എതിരെ നടപടി സ്വീകരിക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകി. പഞ്ചായത്ത്, നഗരസഭാ ഡയറക്ടറേറ്റുകൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ്, കേരള ലീഗൽ സർവ്വീസസ് അതോറിറ്റി, ആരോഗ്യവകുപ്പ്, ഫുഡ്സേഫ്റ്റി, സ്റ്റേറ്റ് ടൗൺ പ്ലാനിംഗ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിലാണ് പരിശീലനം നടത്തിയത്. നഗരസഭാ ജീവനക്കാർക്ക് കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മേഖല അടിസ്ഥാനത്തിലും പഞ്ചായത്ത് ജീവനക്കാർക്ക് ജില്ലാ അടിസ്ഥാനത്തിലുമാണ് പരിശീലനം നൽകിയത്.

കേരള പഞ്ചായത്ത്‌രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം, ഇന്ത്യൻ പീനൽകോഡ്, പോലീസ് ആക്ട്, ഖരമാലിന്യ പരിപാലന ചട്ടം, പരിസ്ഥിതി (സംരക്ഷണം) നിയമം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ജലമലിനീകരണ (നിയന്ത്രണവും നിലവാരവും) നിയമം, ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, പബ്ലിക് ഹെൽത്ത് ആക്ട് എന്നീ നിയമങ്ങളിലെ പ്രസക്ത ഭാഗങ്ങളാണ് പരിശീലനത്തിൽ ഉൾക്കൊള്ളിച്ചത്. ഈ നിയമങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ ഹരിത നിയമാവലി എന്ന കൈപ്പുസ്തകമാണ് രണ്ടാംഘട്ട പരിപാടിയുടെ ഭാഗമായി പ്രകാശനം ചെയ്തത്. □



# പുഴകൾക്ക് പുതുജീവനേകി ഹരിതകേരളം മിഷൻ

**ബി. മനോജ്**

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തെ മറന്നുകൊണ്ടുള്ള വികസന പ്രക്രിയകൾ ഒന്നുംതന്നെ ഒരു മേഖലയിലും ശാശ്വത പുരോഗതി ഉറപ്പാക്കുന്നില്ല. ഈ തിരിച്ചറിവാണ് പ്രകൃതിയുമായുള്ള ജൈവബന്ധം നിലനിർത്താൻ മുമ്പത്തേക്കാൾ ഇക്കാലത്ത് നമ്മെ പ്രേരിപ്പിക്കുന്നത്. പ്രകൃതിയെയും ജീവിതത്തെയും ഉർവ്വരമാക്കിയിരുന്ന പുഴകളെ നാശത്തിൽ നിന്നും തിരിച്ചുപിടിക്കണമെന്ന ആശയത്തിന് പ്രസക്തി വർദ്ധിക്കുന്നതും ഈ സാഹചര്യത്തിലാണ്.

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുത്ത് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നേടുന്നതിനായി ഹരിതകേരളം മിഷന്റെ ജലഉപദൗത്യം ജനപങ്കാളിത്തത്തോടെയുള്ള പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ജനകീയ കൂട്ടായ്മയിലൂടെ ഉരുത്തിരിയുന്ന ഇത്തരം പദ്ധതികൾക്ക് മികച്ച സാങ്കേതിക പിന്തുണ നൽകി സുസ്ഥിരമായി നിലനിർത്തുന്നതിന് വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ധരുടെ ഏകോപനവും ഹരിതകേരളം മിഷൻ സാധ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ നടന്നതും ഇപ്പോൾ നടന്നുവരുന്നതുമായ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഹിച്ചുവരുന്ന നേതൃപരമായ പങ്കും ശ്രദ്ധേയമാണ്.

## നദീ പുനരുജ്ജീവന ശില്പശാല

പുഴകൾക്ക് പുതുജീവൻ നൽകാൻ ലക്ഷ്യമിട്ട് സമഗ്ര പുഴ ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ടാണ് ഹരിതകേരളം മിഷൻ മൂന്നാം വർഷത്തിലേക്ക് ചുവടു വച്ചത്. ഇതിനു മുന്നോടിയായി മിഷന്റെ കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ വിജയകരമായി നിർവ്വഹിച്ച പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളെ ആധാരമാക്കി ദ്വിദിന ശില്പശാല സംഘ

> പുഴകൾക്ക് പുതുജീവൻ നൽകാൻ ലക്ഷ്യമിട്ട് സമഗ്ര പുഴ ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ടാണ് ഹരിത കേരളം മിഷൻ മൂന്നാം വർഷത്തിലേക്ക് ചുവടു വച്ചത്.

ടിപ്പിക്കുകയുണ്ടായി. 2018 ഒക്ടോബർ 25, 26 തീയതികളിലായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശില്പശാലയിൽ പുഴ പുനരുദ്ധാരണ പ്രവർത്തനത്തിനായുള്ള ജനകീയ ഇടപെടലുകൾക്ക് നേതൃത്വം നൽകിയവരും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരും തങ്ങളുടെ അനുഭവങ്ങളും അവർ അനുവർത്തിച്ച രീതിശാസ്ത്രവും പങ്കുവച്ചു. ഇത് സമാന രീതിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ സന്നദ്ധരായവർക്ക് മാർഗ്ഗദർശകവും ഊർജ്ജദായകവുമായി. ഓരോ പുഴയ്ക്കും ഓരോ കഥ പറയാനുണ്ടെന്നും ഈ കഥകളിൽ നിന്നും നാം പാഠങ്ങൾ ഉൾക്കൊള്ളണമെന്ന് ശില്പശാലയിൽ അധ്യക്ഷത വഹിച്ച ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ. സീമ പറഞ്ഞു.

ഹരിതകേരളം മിഷൻ രണ്ടാം വാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി 2018 ഡിസംബറിൽ മാത്രം 137 പുഴകളുടെ/നീർച്ചാലുകളുടെ ശുചീകരണ പ്രവർത്തനമാണ് നടന്നത്. 30510 ഓളം പേർ വിവിധ ദിവസങ്ങളിലായി നടന്ന പ്രവർത്തനങ്ങളിൽ പങ്കാളികളായി.

### ഭാവി പരിപ്രേക്ഷ്യം

നദീ പുനരുജ്ജീവന പ്രവർത്തനങ്ങൾ സംബന്ധിച്ച ഭാവി പരിപ്രേക്ഷ്യം ധനമന്ത്രി ഡോ.തോമസ് ഐസക് ശില്പശാലയിൽ അവതരിപ്പിച്ചു. മലിനീകരണം, കയ്യേറ്റവും മണലൂറ്റും പോലുള്ള പ്രശ്നങ്ങൾ, കുറഞ്ഞു വരുന്ന സംഭരണശേഷി എന്നിവയാണ് പുഴകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്നും ജലസമൃദ്ധമായ പുഴ എന്ന അവസ്ഥ തിരിച്ചുകൊണ്ടുവരാൻ പുഴ മലിനീകരണം ഒഴിവാക്കുകയും അത് തടയുകയുമാണ് സുപ്രധാനമെന്നും മന്ത്രി പറഞ്ഞു. ഫലപ്രദവും ചിട്ടയോടും കൂടിയ സംഘാടന പ്രചാരണ പ്രവർത്തനങ്ങൾ ഇതിനാവശ്യമാണ്. പരമാവധി ജനപങ്കാളിത്തത്തോടെ ശുചീകരണം പ്രവർത്തനം നടത്തുകയും വീണ്ടും മലിനമാക്കപ്പെടില്ലെന്നുറപ്പാക്കുകയും ചെയ്യണം. പുഴകളോടൊപ്പം മുഴുവൻ ചെറുതോടുകളും വൃത്തിയാക്കണം. പുഴകളെ കുറിച്ചുള്ള പഠനങ്ങളും പ്രാധാന്യമർഹിക്കുന്നു. പുഴ കയ്യേറ്റം കണ്ടെത്തൽ ഒരു ജനകീയ പരിപാടിയായി മാറ്റണം. ഇതുവരെ നടന്ന പുഴ പുനരുജ്ജീവന ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ ആശാവഹമാണെന്നും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും വർദ്ധിത ജനപങ്കാളിത്തത്തോടെയും തുടർ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകണമെന്നും മന്ത്രി ഡോ. തോമസ് ഐസക് നിർദ്ദേശിച്ചു.

വിജയകരമായി നടന്ന പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ സംബന്ധിച്ച അനുഭവ സാക്ഷ്യങ്ങളും അവതരണവുമായിരുന്നു ശിൽപ്പശാലയിൽ പ്രധാനമായും ശ്രദ്ധയാകർഷിച്ചത്.

പെരുംതോട് നവീകരണം സംബന്ധിച്ച് ഐ.ബി.സതീഷ് എം.എൽ.എ, മണിമലയാർ പുനരുജ്ജീവന പ്രവർത്തനങ്ങളെക്കുറിച്ച് ഡോ.എൻ. ജയരാജ് എം.എൽ.എ, മീനച്ചിലാർ -മീനന്തറയാർ-കൊടൂരാർ സംയോജനം സംബന്ധിച്ച് പദ്ധതി കോർഡിനേറ്റർ അഡ്വ.കെ. അനിൽകുമാർ, ആദിപമ്പ-വരട്ടാർ സംരക്ഷണം സംബന്ധിച്ച് കോർഡിനേറ്റർ ബീന ഗോവിന്ദ്, കാനാമ്പുഴ പുനരുജ്ജീവനം സംബന്ധിച്ച് കാനാമ്പുഴ അതിജീവന സമിതി കൺവീനർ എൻ.ചന്ദ്രൻ എന്നിവർ വിശദമായ പ്രതിപാദനം നടത്തി.

അടിമാലി-ദേവിയാർ, ഭാരതപ്പുഴ-ഗായത്രി ഉപനദീതടം, ചെറുപുഴ, ചാലിയാർ, കനോലി കനാൽ, കേച്ചേരിപ്പുഴ, പതിക്കാൻ പുഴ എന്നീ പുഴകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംബന്ധിച്ചും ശിൽപ്പശാലയിൽ അവതരണം നടന്നു.

### ശ്രദ്ധേയമായ തുടർ പ്രവർത്തനങ്ങൾ

ശിൽപ്പശാലയിൽ നിന്നും പാഠവും ആവേശവും ഉൾക്കൊണ്ടുകൊണ്ടാണ് പിന്നീട് നടന്ന പുഴ പുനരുദ്ധാരണ പ്രവർത്തനങ്ങൾ. ഹരിതകേരളം മിഷൻ രണ്ടാം വാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി 2018 ഡിസംബറിൽ മാത്രം 137 പുഴകളുടെ/നീർച്ചാലുകളുടെ ശുചീകരണ പ്രവർത്തനമാണ് നടന്നത്. 30510 ഓളം പേർ വിവിധ ദിവസങ്ങളിലായി നടന്ന പ്രവർത്തനങ്ങളിൽ പങ്കാളികളായി. ഇതിലൂടെ 209.415 കി.മീ ദൂരത്താണ് പുഴ പുനരുദ്ധാരണ ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്. (2018 ജൂൺവരെ 17182 കി.മീ പുഴ/തോടുകളുടെ ശുചീകരണം നടന്നിട്ടുണ്ട്.) ഇത് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.



ജില്ല പുനരുജ്ജീവനം നടത്തിയ പുഴകൾ/ നീർച്ചാലുകൾ എണ്ണം, എത്ര കി.മീ, ആകെ പങ്കെടുത്ത ആളുകളുടെ എണ്ണം എന്നിവ യഥാക്രമം

| | | | |
|---|---|---|---|
| തിരുവനന്തപുരം | 9 | 25.86 | 6265 |
| കൊല്ലം | 2 | 16 | 3000 |
| പത്തനംതിട്ട | 1 | 4 | 250 |
| ആലപ്പുഴ | 32 | 44 | 1600 |
| കോട്ടയം | 1 | 0.532 | 200 |
| ഇടുക്കി | 4 | 18 | 4000 |
| എറണാകുളം | 2 | 1.75 | 500 |
| തൃശ്ശൂർ | 2 | 16 | 536 |
| പാലക്കാട് | 4 | 5.25 | 755 |
| മലപ്പുറം | 3 | 1.8 | 1120 |
| കോഴിക്കോട് | 1 | 0.6 | 250 |
| വയനാട് | 17 | 53.6 | 4145 |
| കണ്ണൂർ | 32 | 1.823 | 4500 |
| കാസർഗോഡ് | 27 | 20.2 | 3389 |
| **ആകെ** | 137 | 209.415 | 30510 |

## പ്രധാന പ്രവർത്തനങ്ങൾ

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവയെക്കുറിച്ചാണ് ഇനിപ്പറയുന്നത്. എല്ലാ ജില്ലകളിലും ജനപ്രതിനിധികൾപ്പെടെ വൻജനപങ്കാളിത്തത്തോടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുമാണ് പ്രവർത്തനങ്ങൾ നടന്നത്.

## തിരുവനന്തപുരം ജില്ല

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ വെള്ളംകുടി കോട്ടൂർ ഏലാ തോട്



600 മീറ്ററോളം പുനരുജ്ജീവിപ്പിച്ചു, ശുചീകരണ പ്രവർത്തനം നടത്തി. വാമനപുരം നദിയിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു കൊണ്ട് പച്ച ശാസ്താക്ഷേത്ര ബലിക്കടവ് മുതൽ പാലോട് വരെ 3 കി.മീ പുഴ ശുചീകരണം നടന്നു. ഇവിടെ ആയിരത്തോളം പേർ പങ്കെടുത്തു. കൊല്ലംകോട് നവീകരണത്തിന്റെ ഭാഗമായി തുരുത്തുംമൂല മിണ്ണംകോട് വാർഡുകളിൽ 2 കി.മീ ദൂരം ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ പന്തപ്ലാവിക്കോണം, വെള്ളമണ്ണടി എന്നിവിടങ്ങളിലായി ഒഴുകുന്ന കല്ലിയോട് പുഴയിലും പുനരുജ്ജീവന പ്രവർത്തനങ്ങൾ നടന്നു. മണമ്പൂർ പഞ്ചായത്തിലെ വലിയതോട് കിളിമാനൂർ പഞ്ചായത്തിലെ മുളയ്ക്കലത്തുകാവ് നിലവൻമുഴിയിൽ തോട്, പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ പേടികുളം ഏലാതോട്, മടവൂർ ഗ്രാമപഞ്ചായത്തിലെ ചാങ്ങയിൽകോണംചിറ, ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ കണ്ണേറ്റിൽ എന്നിവിടങ്ങളിലും പുഴ ശുചീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു.



വാമനപുരം നദിയിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു കൊണ്ട് പച്ച ശാസ്താക്ഷേത്ര ബലിക്കടവ് മുതൽ പാലോട് വരെ 3 കി.മീ പുഴ ശുചീകരണം നടന്നു.



## കൊല്ലം ജില്ല

കൊല്ലം ജില്ലയിൽ നടന്ന പാണ്ടിവയൽ തോട് പുനരുജ്ജീവനം സംസ്ഥാനത്ത് ഏറെ ശ്രദ്ധ നേടി. ആറ് പ്രദേശങ്ങളിലായി 3000 ത്തോളം ആളുകളുടെ പങ്കാളിത്തത്തോടെയാണ് ഏകദിന ശുചീകരണ പ്രവർത്തനം നടന്നത്. കല്ലടയാറിലും പുനരുജ്ജീവന പ്രവർത്തനങ്ങൾ ആരംഭിച്ചു.

## പത്തനംതിട്ട

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമ പഞ്ചായത്തിലും ഇലന്തൂർ ഗ്രാമ പഞ്ചായത്തിലും ഉൾപ്പെടുന്ന കോഴിത്തോടിന്റെ ശുചീകരണം നടന്നു.

> കൊല്ലം ജില്ലയിൽ നടന്ന പാണ്ടിവയൽ തോട് പുനരുജ്ജീവനം സംസ്ഥാനത്ത് ഏറെ ശ്രദ്ധ നേടി. ആറ് പ്രദേശങ്ങളിലായി 3000 ത്തോളം ആളുകളുടെ പങ്കാളിത്തത്തോടെയാണ് ഏകദിന ശുചീകരണ പ്രവർത്തനം നടന്നത്.

## ആലപ്പുഴ

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ എ.എസ്. കനാൽ-പ്ലാക്കുഴി തോട്, നീലംപേരൂർ ഗ്രാമപഞ്ചായത്തിലെ സാർക്ക് തോട്, മുട്ടാർ ഗ്രാമപഞ്ചായത്തിലെ പള്ളിപ്പാലം തോട്, ശ്മശാനം തോട്, പുറത്തേ ഇരുപത് തോട്, വള്ളപ്പുരതോട് എന്നിവിടങ്ങളിൽ ശുചീകരണം നടന്നു. ഇതിനുപുറമേ ചേർത്തല തെക്കിലെ കരിപ്പയിൽ ചാൽ ശുചീകരിച്ചു. ചന്തിരൂർ പുത്തൻതോട്, അമ്പലപ്പുഴ കാപ്പിത്തോട് എന്നിവയോട് ചേർന്നുള്ള ചാലുകളും വൃത്തിയാക്കി. ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ടി.എ. കനാൽ-അകമ്പടിക്കുന്ന് തോട്, എ.എസ് കനാൽ-പ്ലാക്കുഴിതോട്, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിൽ കോട്ടവാതിൽ മുതൽ വാതല്ലൂർ കോയിക്കൽ വരെ പ്രദേശങ്ങൾ, കരുവാറ്റ ഗ്രാമപഞ്ചായത്തിലെ 17 ജലസ്രോതസ്സുകളിലും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ വേമ്പനാട് കായലിനും എ.എസ്. കനാലിനുമിടയിലുള്ള തോട്, മുട്ടാർ പഞ്ചായത്തിലെ 4 ഇടങ്ങളിലും പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ 4 തോടുകളും വൃത്തിയാക്കി.

## കോട്ടയം

കോട്ടയം മുനിസിപ്പാലിറ്റിയിലെ കുഴിച്ചിറ ത്തോടിലെ മാലിന്യം നീക്കം ചെയ്തു നവീകരിച്ചു. 532 മീറ്റർ നീളവും 2.50 മീറ്ററോളം വീതിയുമുള്ള തോടാണ് പുനരുജ്ജീവിപ്പിച്ചത്.

## ഇടുക്കി

ഇടുക്കി ജില്ലയിൽ മരിയാപുരം ഗ്രാമപഞ്ചായത്തിൽ 1500 ഓളം പേർ പങ്കെടുത്ത പുഴ നടത്തം സംഘടിപ്പിച്ചു. തൊടുപുഴ നഗരസഭയിലെ കുട്ടിത്തോട് വൃത്തിയാക്കി. അടിമാലി പഞ്ചായത്തിൽ ദേവിയാർ പുഴയുടെ വീണ്ടെടുക്കൽ പരിപാടിക്ക് തുടക്കമിട്ടു. മൂന്നുമാസം കൊണ്ട് പുഴയെ സമ്പൂർണ്ണ മാലിന്യമുക്തമാക്കി വീണ്ടെടുക്കുകയാണ് ലക്ഷ്യം.

## എറണാകുളം

എറണാകുളം ജില്ലയിൽ മുളക്കുഴ, വേങ്ങൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പുഞ്ചക്കുഴിത്തോട് ശുചീകരണം നടന്നു. വാഴക്കുളം പഞ്ചായത്തിലെ ചെറുവേലിക്കുന്ന് തുറ ശുചീകരണത്തിനും തുടക്കമായി. തോട് പെരിയാറിൽ പതിക്കുന്നിടംവരെ ശുചീകരിക്കാനാണ് പദ്ധതി.

## തൃശ്ശൂർ

തൃശ്ശൂർ ജില്ലയിലെ പാവറട്ടി പഞ്ചായത്തിൽ ഉൾപ്പെട്ട പെരിങ്ങാട് പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ആരംഭിച്ചു. എടത്തുരുത്തി -കനോലികനാൽ സംരക്ഷണ പ്രവർത്തനങ്ങൾക്കും തുടക്കമായി.

## പാലക്കാട്

പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ മംഗലപ്പുഴയോരം ശുചീകരണം നടത്തി. പുഴ വീണ്ടെടുക്കലിന്റെ ഭാഗമായി ആലത്തൂർ പഞ്ചായത്തിലെ കാവത്തുകളം മുതൽ കുട്ടംമുച്ചി വരെ ഏതാണ്ട് 11 ഏക്കർ പുഴയോരം വൃത്തിയാക്കി. കണ്ണമ്പ്ര



ഗ്രാമപഞ്ചായത്തിലെ കൊളയക്കോട് പ്രദേശത്തും തീരസംരക്ഷണ പ്രവർത്തനങ്ങൾ നടന്നു. നെന്മാറ ഗ്രാമപഞ്ചായത്ത് കണ്ണോട് പ്രദേശത്തുള്ള ഗായത്രീനദീതടത്തിലുള്ള ഒന്നും രണ്ടും നിര നീർച്ചാൽ പുനരുജ്ജീവനം നടത്തി.

### മലപ്പുറം

മലപ്പുറം ജില്ലയിൽ വേരിങ്ങാവ് മണക്കടവ് തോട്, മാടമ്പത്ത് തോട്, മുണ്ടപ്പാടം-വൈപ്പിനി നീർത്തടം എന്നിവിടങ്ങളിൽ വൻജനപങ്കാളിത്തത്തോടെയാണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടന്നത്.

### കോഴിക്കോട്

കോഴിക്കോട് ജില്ലയിൽ പെരുവൻമാട് തോട് ശുചീകരണവും വീണ്ടെടുക്കൽ പ്രവർത്തനങ്ങളും നടന്നു.

### വയനാട്

വയനാട് ജില്ലയിൽ കബനി നദിയുടെയും ഇതിന്റെ കൈവഴികളുടെയും പുനരുജ്ജീവന പ്രവർത്തനങ്ങളാണ് പ്രധാനമായും നടന്നത്. ഇതിൽ 17 തോടുകളാണ് ഉൾപ്പെട്ടിരുന്നത്. 49.6 കി.മീ ദൂരമാണ് വൃത്തിയാക്കിയത്. ജില്ലയിലെ 15 പഞ്ചായത്തുകളിലും 3 നഗരസഭകളിലുമായി ബഹുജന പങ്കാളിത്തത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

### കണ്ണൂർ

കണ്ണൂർ ജില്ലയിൽ 32 പഞ്ചായത്തുകളിലായി വിവിധ ജലസംരക്ഷണ പുഴ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. 4283 തടയണകൾ നിർമ്മിച്ചു. 1823 മീറ്റർ നീളത്തിൽ തോട്ട ശുചീകരണം നടത്തി. 16 കുളങ്ങൾ വൃത്തിയാക്കി. കാങ്കോൽ ഹരി തീർത്ഥക്കര വെള്ളച്ചാട്ടം ശുചിയാക്കി. കക്കാട് പുഴ, എടയാർ പുഴ, അഞ്ചരക്കണ്ടിപ്പുഴ, കാടാച്ചിറ വലിയതോട്, മുണ്ടേരി പഞ്ചായത്ത് വലിയതോട്, കീലേരികുളം, നടുക്കണ്ടം വയൽക്കുളം, തളിയിൽ കുഞ്ഞുകുളം, കല്ലമ്പ്രം തോട്, മുണ്ടപ്പുറം, മൂലക്കുളം, മണ്ണോറക്കുളം എന്നിവിടങ്ങളിലെ ജലസംരക്ഷണ ശുചീകരണ പ്രവർത്തനങ്ങൾക്ക് വൻ ജനപങ്കാളിത്തമാണുണ്ടായത്.

### കാസർകോഡ്

കാസർകോഡ് ജില്ലയിലെ മടിക്കൈ ഗ്രാമ പഞ്ചായത്തിൽ മാന്തരി അരയിപ്പുഴയിലും വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ പാലക്കുന്ന് തോട്, ഏച്ചിലങ്കായം - വരമ്പുപാറതോട്, നീലേശ്വരം നഗരസഭയിലെ പാലായി വള്ളിക്കുന്നമ്മേൽ കുളം, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ മുഴക്കോം പാടശേഖരതോട് കുഴിഞ്ഞടിക്കുളം,



മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിൽ കണ്ടുകൊളക തോട്, അനപലത്തറ പേരൂർ തോട്, കരിന്തളം ഗ്രാമ പഞ്ചായത്തിൽ നെല്ലിയടുക്ക ക്വാറ്ററി ചാല്, പൂണ്ടൂർ-ഇരിയയിൽ നിന്നുള്ള ചിത്താരിപ്പുഴ, മീഞ്ച ഗ്രാമപഞ്ചായത്തിലെ കളൂർ കരിപ്പാർ കളായി കട്ടതോട്, കാഞ്ഞങ്ങാട് നഗരസഭയിലെ പരുത്തിപ്പുഴ, പൈവളിക ഗ്രാമപഞ്ചായത്തിലെ ബായിക്കട്ടെ, പൈവളികെ പള്ളങ്ങൾ, തൃക്കരിപ്പൂർ പഞ്ചായത്തിലെ എ.ജി.കുളം, മധൂർ പഞ്ചായത്തിലെ പെട്ടുംകുഴി കേളു ഗുഡ്ഡെകുളം, പൊയ്നാച്ചി മൊട്ടെകുളം, പള്ളിക്കര ഗ്രാമപഞ്ചായത്തിലെ കരുവാറ്റക്കോട് ചരൽക്കടവ് തോട്, മാണിയാട് തോട്, പുലിയൂർ-പെരിയ ഗ്രാമപഞ്ചായത്തിലെ അമ്പലത്തറ പേരൂർ തോട്, ദേരഡക്ക ശാന്തനഡക്ക കനാൽ, ചെങ്കള ഗ്രാമപഞ്ചായത്തിലെ എടനീർ മധുവാഹിനിപ്പുഴ, ബളാൽ ഗ്രാമപഞ്ചായത്തിലെ പാടി എസ്.ടി കോളനി കുളം, ബളാൽ പഞ്ചായത്തിലെ ചെത്രുവാഹിനി നീർച്ചാൽ, ദേലംപാടി ഗ്രാമപഞ്ചായത്തിലെ കിണർ, മഴക്കുഴി നിർമ്മാണ പ്രവർത്തനങ്ങൾ, കാറഡുക്ക ഗ്രാമപഞ്ചായത്തിലെ കൊട്ടംകുഴിയിലെ വലിയകുളം, കള്ളാർ ഗ്രാമ പഞ്ചായത്തിലെ നീളംകയം, മഞ്ഞങ്ങാനം, ഒരള എന്നിവിടങ്ങളിലെ തോടുകൾ എന്നിവയാണ് കാസർകോഡ് ജില്ലയിൽ നടന്ന പ്രധാന ജലസംരക്ഷണ ശുചീകരണ പ്രവർത്തനങ്ങൾ.

### പുഴ സംരക്ഷണം കാലഘട്ടത്തിന്റെ ആവശ്യം

ചരിത്രവും സംസ്കാരവും പേറി ജീവജലവാഹിനികളായൊഴുകുന്ന പുഴകളുടെയും തോടുകളുടെയും സംരക്ഷണം ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. പുഴകളുടെ പാരമ്പര്യത്തിന്റെ ബഹുസ്വരത സമൂഹത്തെ ചലനാത്മകമാക്കുകയാണെന്ന കാര്യം വിസ്മരിച്ചു കൂടാ. തെളിനീരൊഴുകുന്ന പുഴകൾ അന്യം നിന്നു പോകരുത്. ജലസുരക്ഷ നമ്മുടെ ഏവരുടെയും ആവശ്യമാണ്. □

വയനാട് ജില്ലയിൽ കബനി നദിയുടെയും ഇതിന്റെ കൈവഴികളുടെയും പുനരുജ്ജീവന പ്രവർത്തനങ്ങളാണ് പ്രധാനമായും നടന്നത്. ഇതിൽ 17 തോടുകളാണ് ഉൾപ്പെട്ടിരുന്നത്. 49.6 കി.മീ ദൂരമാണ് വൃത്തിയാക്കിയത്.

*ലോഖകൻ ഹരിതകേരളം മിഷൻ പബ്ലിക് റിലേഷൻസ് ഓഫീസറാണ് 9895882812*

# സുസ്ഥിരവികസനം – ഹരിതപരികൽപന പിലിക്കോടിന്റെ വിജയഗാഥ

**ശ്രീധരൻ ടി.വി.**

കാസറഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്തിന് നിരന്തരമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മികവുറ്റ പഞ്ചായത്തുകളോടൊപ്പം ഇടംപിടിക്കാൻ ഇതിനകം സാധിച്ചിട്ടുണ്ട്. ഹരിതകേരളം പരികൽപനകളുടെ ഭാഗമായി പുഞ്ചപ്പാടം നെൽകൃഷി സംരംഭം, പൈതൃകം നാട്ടുമാവ് പദ്ധതി, ജൈവതാളം ജൈവവൈവിധ്യ പരിപാലന പദ്ധതികൾ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത് ഇവയെല്ലാം ഉൾക്കാഴ്ചയോടെയുള്ള വികസന



ജനപങ്കാളിത്തത്തോടെ ഒട്ടനവധി അനുകരണീയ വികസന മാതൃകകൾക്ക് രൂപംനൽകാൻ ഇവിടെ കഴിഞ്ഞിട്ടുണ്ട്.

അന്വേഷണങ്ങളുടെ തുടർച്ചയും വളർച്ചയുമാണ്. ജനപങ്കാളിത്തത്തോടെ ഒട്ടനവധി അനുകരണീയ വികസന മാതൃകകൾക്ക് രൂപംനൽകാൻ ഇവിടെ കഴിഞ്ഞിട്ടുണ്ട്.

**♦ പിലിക്കോട് കേരളത്തിനു മാതൃകയാകുന്നു. ധനമന്ത്രി അവതരിപ്പിച്ച ബജറ്റ് പ്രസംഗത്തിൽ നിന്ന്....**

ഊർജ്ജക്ഷമത കുറഞ്ഞ ഫാനുകൾ, പമ്പുകൾ, എന്നിവ മാറ്റി സ്ഥാപിക്കുന്നതിനുള്ള സ്കീമുകളും തയ്യാറാക്കും. പഞ്ചായത്തുകളുടെ മുൻകൈയിലാണ് പദ്ധതി നടപ്പാക്കുക. പിലിക്കോട് പഞ്ചായത്ത് ഇതിന് മികച്ച മാതൃക സൃഷ്ടിച്ചിട്ടുണ്ട്. ഊർജ ദുർവ്യയത്തിനെതിരായ അതിബൃഹത്തായ ഒരു പ്രചരണ കാമ്പയിന് കേരളം സാക്ഷ്യം വഹിക്കും. ഇതിന്റെ ഭാഗമായി അമ്പതിനായിരം ഊർജ ക്ലാസുകൾ കേരളത്തിൽ സംഘടിപ്പിക്കും.

## പൈതൃകം നാട്ടുമാവ് പദ്ധതി

മാവ്, പ്ലാവ്, പുളി തുടങ്ങിയ വൃക്ഷങ്ങൾ നിറഞ്ഞ വീട്ടുപറമ്പുകളായിരുന്നു നമ്മുടെ നാടിന്റെ മുൻകാല ചിത്രം. ജനസംഖ്യാ വർദ്ധനവോടെ പുരയിടങ്ങൾ ചെറു തുണ്ടുകളായി മാറിയപ്പോൾ ഇവയൊക്കെ വെറും ഓർമ്മകളാവുകയായിരുന്നു. മാമ്പഴത്തിന്റെ രുചി നുണയാൻ നാം നാട്ടുചന്തകളിലേക്കിറങ്ങേണ്ടി വന്നു. പക്ഷെ കൃത്രിമ രാസവസ്തുക്കൾ വിതറിയ അവ പല വിധത്തിൽ ആരോഗ്യത്തിന് ഹാനികരമാകുന്നതാണ് വർത്തമാനകാല അനുഭവം. ജനകീയ കൂട്ടായ്മയിലൂടെ വേറിട്ട ഒട്ടേറെ നൂതന പദ്ധതികൾ ആവിഷ്കരിച്ച പിലിക്കോട്, പൈതൃകം നാട്ടുമാവുകളുടെ സംരക്ഷണവും വ്യാപനവും ഏറ്റെടുക്കുകയായിരുന്നു. ഗ്രാമപഞ്ചായത്ത് ബി.എം.സിയും സാങ്കേതിക സമിതിയും ആണ് പദ്ധതി നിർവഹണത്തിന് നേതൃത്വം നൽകുന്നത്. കേരള ജൈവവൈവിധ്യ ബോർഡ് പദ്ധതിക്ക് അനുമതി നൽകുകയും 2 ലക്ഷം രൂപ പൈതൃകം നാട്ടുമാവ് പദ്ധതിക്ക് അനുവദിക്കുകയും ചെയ്തു. വലിയതോതിലുള്ള ജനകീയ പങ്കാളിത്തം പദ്ധതിയുടെ സവിശേഷതയാണ്.

ഗ്രാമപഞ്ചായത്ത് ഭരണസമിതി, സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാലയ മേധാവികൾ, പരിസ്ഥിതി പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ പദ്ധതിക്കുവേണ്ടി ജനകീയ സമിതി രൂപീകരിച്ചു. 5 വർഷത്തിനകം നാടിന്റെ എല്ലാ ഭാഗത്തും നാട്ടുമാവുകൾ നട്ട് നനച്ച് വരുംതലമുറയ്ക്ക് നൽകുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി വിദ്യാർത്ഥികൾ, പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം, കുടുംബശ്രീ തൊഴിലുറപ്പ് സംവിധാനങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തുന്നുണ്ട്. 2017 ചിങ്ങം 1 ന് കർഷക ദിനത്തിൽ പൈതൃകം നാട്ടുമാവ് പദ്ധതിയുടെ രണ്ടാം ഘട്ടം ഉദ്ഘാടനം പി. കരുണാകരൻ എം.പി. നിർവഹിച്ചു. ഉദ്ഘാടനത്തിന്റെ ഭാഗമായി 200 കർഷക ഭവനങ്ങളിൽ നാട്ടുമാവിൻ തൈകൾ നട്ടുകൊണ്ട് പദ്ധതിയുടെ വ്യാപനത്തിന് തുടക്കം കുറിച്ചു.

പഞ്ചായത്ത് പദ്ധതി ആരംഭിക്കുന്നതിനു മുമ്പുതന്നെ പ്രാദേശിക കൂട്ടായ്മയുടെ നേതൃത്വത്തിൽ നാട്ടുമാവുകൾ നടുന്നതിന് ജനങ്ങൾ മുന്നോട്ടുവന്നിരുന്നു. ഇതിന്റെ തുടർച്ചയെന്നനിലയ്ക്കാണ് പൈതൃകം നാട്ടുമാവ് പദ്ധതിയുടെ നിർവഹണം ആസൂത്രണം ചെയ്തത്. കരക്കക്കാവിന് സമീപം തൃക്കരിപ്പൂർ റോഡിലെ ചന്തേര, മാണിയാട്ട്, ഓലാട്ട് വീത്കുന്ന് എന്നിവിടങ്ങളിൽ 1600 മാവിൻ തൈകൾ ഇപ്പോൾ സംരക്ഷിച്ചുവരുന്നുണ്ട്. നാട്ടുമാവുകളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി നാട്ടുമാവിൻ കൂട്ടായ്മകൾ നേതൃത്വം നൽകുന്നു.

പഞ്ചായത്തിലെ 9 വിദ്യാലയങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് 2018 ജനുവരി 26 റിപ്പബ്ലിക്ക് ദിനത്തിൽ കരക്കക്കാവിൽ വെച്ച് നാട്ടുമാവ് ശിൽപശാല സംഘടിപ്പിച്ചു. പിലിക്കോട് കാർഷിക ഗവേഷണകേന്ദ്രം അസോ. ഡയറക്ടറും മാവ് ഗവേഷകനുമായ ഡോ. ജയപ്രകാശ് നായക് മാമ്പഴ ശിൽപശാലയ്ക്ക് നേതൃത്വം നൽകി. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കുട്ടികളുടെ പൈതൃകം നാട്ടുമാവ് സമിതികൾ രൂപീകരിച്ച് വ്യത്യസ്തങ്ങളായ മാങ്ങയണ്ടി ശേഖരിച്ച് നാട്ടുമാവ് നഴ്സറി ഉണ്ടാക്കുന്നതും മത്സരാടിസ്ഥാനത്തിൽ നാട്ടുമാവ് പ്രൊജക്ട്, കൈയെഴുത്ത് മാസിക, നാട്ടുമാവ് സർവേ എന്നീ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യലും ശിൽപശാലയുടെ ഭാഗമായിരുന്നു. 2018 ഏപ്രിൽ 27 ന് കുട്ടികൾക്ക് ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് മേഖലയിൽ പരിശീലനം നൽകി. കുട്ടികൾ ശേഖരിച്ച നാട്ടുമാവിൻ വിത്തുകൾ കൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽ കുമാർ പടന്നക്കാട് കാർഷിക കോളേജിൽ വച്ച് കൈമാറി. 5000 ൽ പരം വിത്തുകൾ ഇതുവഴി സമാഹരിക്കുവാനും നാട്ടുമാവിൻ തൈകൾ ഉൽപാദിപ്പിക്കുവാനും കഴിഞ്ഞു. ഈ പ്രവർത്തനം വലിയ തോതിലുള്ള മാധ്യമ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

2018 ജനവരിയിൽ കുട്ടികൾ തയ്യാറാക്കിയ നഴ്സറികൾ ഉൽപാദിപ്പിച്ച തൈകൾ ജൂൺ 5 ന് സ്കൂൾ പരിസരത്തും 16 വാർഡുകളിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിലും നട്ടു. മാവിൻ തൈകൾക്ക് സംരക്ഷണത്തിന് പ്രത്യേകം കൂട് തയ്യാറാക്കി. നാട്ടുമാവിന്റെ സംരക്ഷണവും വ്യാപനവും സംബന്ധിച്ച സന്ദേശം ഈ വർഷത്തെ പരിസ്ഥിതിദിന സന്ദേശമായി.

നമ്മുടെ നാട്ടിൽ വ്യത്യസ്തമായ പേരുകളിൽ ഭിന്നരുചികളിലുള്ള നാട്ടുമാവുകളെ തിരിച്ചറിഞ്ഞ് ഒരു ജീൻ കലവറ ഉണ്ടാക്കുകയാണ് 2019 പരിസ്ഥിതിദിനത്തിലെ കർമ്മപദ്ധതി.

ഇതിന്റെ ഉദ്ഘാടനം പൈതൃകകേന്ദ്രമായ വീത്കുന്നിൽ മുൻ എം.എൽ.എ എം. കുഞ്ഞിരാമൻ നാട്ടുമാവ് നട്ട് നിർവഹിച്ചു. നാട്ടുകാരണവന്മാരുടെയും ആചാര്യ സ്ഥാനികരുടെയും പങ്കാളിത്തം ചടങ്ങിന്റെ സവിശേഷതയായിരുന്നു.

പൈതൃകം നാട്ടുമാവ് പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിച്ച നാട്ടുമാവുകളുടെ വിവരശേഖരണം നടത്തി. 3200 ൽപ്പരം തൈകൾ നല്ല നിലയിൽ വളർന്നുവരുന്നതായി സർവേയിൽ കണ്ടെത്തി. നമ്മുടെ പൈതൃകമായ സസ്യജാലങ്ങളുടെ സംരക്ഷണം എന്ന പൊതു ലക്ഷ്യത്തെ അടിസ്ഥാനമാക്കിയുള്ള പിലിക്കോടിന്റെ പൈതൃകം നാട്ടുമാവ് പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് വിവിധ വ്യക്തികളും സംഘടനകളും മുന്നോട്ടുവന്നിട്ടുണ്ട്. നമ്മുടെ നാട്ടിൽ വ്യത്യസ്തമായ പേരുകളിൽ ഭിന്നരുചികളിലുള്ള നാട്ടുമാവുകളെ തിരിച്ചറിഞ്ഞ് ഒരു ജീൻ കലവറ ഉണ്ടാക്കുകയാണ് 2019 പരിസ്ഥിതിദിനത്തിലെ കർമ്മപദ്ധതി. ഇതിനാവശ്യമായ പരിശീലനങ്ങൾ നൽകിക്കഴിഞ്ഞു. പിലിക്കോട് ഗ്രാമപഞ്ചായത്ത് തുടക്കം കുറിച്ച പൈതൃകം നാട്ടുമാവ് പദ്ധതി അനുസ്യൂതം തുടരുന്ന പ്രക്രിയയായി മാറുകയാണ്. ജൈവവൈവിധ്യ പരിപാലനത്തിന് വലിയ സന്ദേശം നൽകുന്നതിലൂടെ ഹരിതകേരളത്തിലേക്കുള്ള ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള ചുവടുവയ്പ്പായി ഈ പദ്ധതി പരിഗണിക്കപ്പെടുന്നു.

## ഇന്ത്യയിലെ പ്രഥമ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത്

വരും തലമുറയുടെ ജീവിതത്തെ തന്നെ ചോദ്യം ചെയ്യുന്ന നിലവിലുള്ള ഊർജ പ്രതിസന്ധിയെ ചെറുക്കാൻ പ്രാദേശികമായി എന്തുചെയ്യാം എന്ന അന്വേഷണമാണ് പിലിക്കോടിനെ 'ഊർജയാനം' പരിപാടിയിലേക്ക് നയിച്ചത്. പദ്ധതിയുടെ ഭാഗമായി ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്താക്കി മാറ്റാനുള്ള ദ്രുതഗതിയിലുള്ള കർമ്മപരിപാടിയാണ് പഞ്ചായത്ത് നടപ്പാക്കിയത്. വീട് കയറിയുള്ള സ്ക്വാഡ് പ്രവർത്തനം, ഫിലമെന്റ് ബൾബുകളുള്ള വീട് കണ്ടെത്തൽ, ഫിലമെന്റ് ബൾബ് സ്വമേധയാ മാറ്റിവയ്ക്കാനുള്ള ബോധവത്കരണം, ബോധവത്കരണ പ്രവർത്തനത്തിന്റെ ഫലമായി ഫിലമെന്റ് ബൾബ് മാറ്റിവച്ചോ എന്ന പരിശോധന അയൽക്കൂട്ടതലത്തിൽ, ഫിലമെന്റ് ബൾബ് രഹിത അയൽക്കൂട്ടം എന്ന ആശയം ഉറപ്പുവരുത്തൽ, ഫിലമെന്റ് ബൾബ് രഹിത വാർഡ് എന്ന രീതിയിൽ വാർഡ് തലത്തിൽ പ്രഖ്യാപനം, ആവശ്യമായ ഇടങ്ങളിൽ എൽ.ഇ.ഡി ബൾബ് നൽകാൻ തയ്യാറുള്ള സ്പോൺസർമാരെ കണ്ടെത്തൽ എന്നിങ്ങനെ അടുക്കും ചിട്ടയുമുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത് എന്ന ആശയം പ്രാവർത്തികമാക്കാൻ സാധിച്ചത്. ഇ.എം.സിയിൽ നിന്ന് 16500 എൽ.ഇ.ഡി ബൾബുകൾ ഈ ആവശ്യത്തിലേക്കായി ലഭിക്കുകയുണ്ടായി. കെ.എസ്.ഇ.ബി വഴി 8900 എൽ.ഇ.ഡി ബൾബുകൾ ലഭിച്ചു. സ്പോൺസർമാരിലൂടെയും സ്വന്തം നിലയ്ക്ക് കുടുംബാംഗങ്ങളും 14500 ലധികം എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചു. 40000 എൽ.ഇ.ഡി ബൾബുകളാണ് ദക്ഷത കുറഞ്ഞ ബൾബുകളുടെ സ്ഥാനത്തേക്ക് കടന്നുവന്നത്. 2018 ഏപ്രിൽ 12 ന് മുഖ്യമന്ത്രി പിണറായി വിജയൻ പിലിക്കോട് പഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചു. നമ്മുടെ സംസ്ഥാനത്ത് ഫിലമെന്റ് ബൾബ് രഹിത ആശയം പ്രാവർത്തികമാക്കിയാൽ ലോക രാജ്യങ്ങൾക്ക് നല്കുന്ന ഒരു മാതൃകാ പാഠമായിരിക്കും അത്. പിലിക്കോട് ആരംഭിച്ച ഈ ശ്രമത്തിന് കേരള ഗ്രാമങ്ങളിലെല്ലാം അനുരണനങ്ങൾ ഉണ്ടായി കാണുന്നതിൽ അഭിമാനമുണ്ട്. ഒപ്പം ആഹ്ലാദവും.

പൈതൃകം നാട്ടുമാവ് പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിച്ച നാട്ടുമാവുകളുടെ വിവരശേഖരണം നടത്തി. 3200 ൽപ്പരം തൈകൾ നല്ല നിലയിൽ വളർന്നുവരുന്നതായി സർവേയിൽ കണ്ടെത്തി.



## പുഞ്ചപ്പാട വരമ്പിലൂടെ പൈതൃക നെൽവിത്ത് ഗ്രാമത്തിലേക്ക്

കാലങ്ങൾക്കപ്പുറം അന്നത്തിനായി നാം അനുവർത്തിച്ചു പോന്ന ജൈവ നെൽകൃഷിയുടെ പൈതൃകവും ആധുനിക കൃഷിരീതിയും സമന്വയിപ്പിച്ചുകൊണ്ട് പിലിക്കോട് നടപ്പിലാക്കിയ മാതൃകാ കൃഷിസംരംഭമാണ് 'പുഞ്ചപ്പാടം' പദ്ധതി. തരിശുരഹിത നെൽവയലുകൾ, കർഷക കൂട്ടായ്മ ഇവയായിരുന്നു മുഖ്യ ലക്ഷ്യങ്ങൾ. കൃഷിഭവന്റെ നേതൃത്വത്തിലാണ് പദ്ധതി ആവിഷ്കരിച്ചത്.

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ ജൈവ നെൽകൃഷി പ്രായോഗിക പ്രവൃത്തി പരിചയം 'ഞാറ്റടി മുതൽ കൊയ്ത്ത് വരെ കർഷകന്റെ പാടത്ത്' എന്ന പദ്ധതിയാണ് പുഞ്ചപ്പാടത്തിന്റെ അടിത്തറ. ശാസ്ത്രജ്ഞർ കർഷകന്റെ പാടത്തെത്തി അവർക്കൊപ്പം വിത്തെറിയുന്നതു മുതൽ കൊയ്ത്ത് വരെയുള്ള 7 ഘട്ടങ്ങളിലുള്ള കാർഷിക സമ്പ്രദായം പരിചയപ്പെടുത്തുകയായിരുന്നു. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സഹായവും പദ്ധതിക്ക് ലഭിച്ചു. ഉപ്പുവെള്ളം കയറി നെൽകൃഷി ഉപേക്ഷിക്കുന്ന അവസ്ഥയിൽ നിന്ന് നെൽകൃഷിയെ പാടശേഖരത്തിൽ തിരികെ എത്തിക്കുന്നതിനും ഒപ്പം കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കുന്നതിനും സാധിച്ചു എന്നതാണ് പുഞ്ചപ്പാടത്തിന്റെ മേന്മ.

### പൈതൃകം നെൽവിത്ത് ഗ്രാമം

ഉത്തരകേരളത്തിലെ 75 നാടൻ നെല്ലിനങ്ങളുടെ കർഷക പങ്കാളിത്ത സംരക്ഷണവും വിത്ത് ഉൽപാദനവുമാണ് 'പൈതൃകം നെൽവിത്ത് ഗ്രാമം' പദ്ധതി. ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ സംരക്ഷണ സമിതിയുടെയും, കൃഷിവകുപ്പിന്റെയും സംയുക്ത സംരംഭമാണിത്. ഗവേഷണകേന്ദ്രം നൽകുന്ന 15 വീതം ഇനം വിത്തുകൾ കർഷകർക്ക് കൈമാറി വൻതോതിൽ കൃഷിയിറക്കാനും 3 വർഷം കൊണ്ട് 75 ഇനം പൈതൃക നെൽവിത്തുകൾ സംരക്ഷിക്കുവാനുമുള്ള വിശാലമായ ലക്ഷ്യമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 2018 മാർച്ച് 18 ന് കൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽ കുമാർ പിലിക്കോടിനെ 'പൈതൃകം നെൽവിത്ത് ഗ്രാമമായി പ്രഖ്യാപിച്ചു.






*ലേഖകൻ പിലിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*



# കുടുംബശ്രീ ഹർഷം ജെറിയാട്രിക് കെയർ പദ്ധതി: വയോജന പരിപാലന മേഖലയിലേക്ക് കെയർ ഗിവർ എക്സിക്യൂട്ടീവുകൾ

- സേവനങ്ങൾ ആവശ്യമുള്ളവർക്ക് 9188 11 2218 എന്ന നമ്പറിൽ കോൾ സെന്റർ സൗകര്യം.
- വിശദ വിവരങ്ങൾ www.harsham.kudumbashree.org എന്ന കുടുംബശ്രീ വെബ്സൈറ്റിലും.

വയോജന പരിപാലന മേഖലയിൽ സേവന സന്നദ്ധതയോടെ പ്രവർത്തിക്കുന്നവരുടെ ആവശ്യകത വർധിച്ചു വരുന്ന സാഹചര്യത്തിലാണ് കുടുംബശ്രീ മുഖേന ഹർഷം പദ്ധതിയുടെ ആരംഭം.

വയോജന പരിപാലന മേഖലയിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ഹർഷം ജെറിയാട്രിക് കെയർ പദ്ധതിയുടെ ഭാഗമായി പതിനഞ്ച് ദിവസത്തെ വിദഗ്ധ പരിശീലനം പൂർത്തിയാക്കിയ ഇരുനൂറ് വനിതകളുടെ സംസ്ഥാനതല സംഗമവും ദ്വിദിന തൊഴിൽ വൈദഗ്ധ്യ പരിശീലന ശില്പശാലയും തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. കുടുംബശ്രീയുടെ നേതൃത്വത്തിൽ വയോജന സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ വൈദഗ്ധ്യം ലഭ്യമാക്കിക്കൊണ്ട് കെയർഹോമുകൾ, പകൽവീടുകൾ, ആശുപത്രികൾ, വീടുകൾ എന്നിവിടങ്ങളിൽ വയോജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുകയാണ് പരിശീലന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

ഈ മേഖലയിൽ സേവന സന്നദ്ധതയോടെ പ്രവർത്തിക്കുന്നവരുടെ ആവശ്യകത വർധിച്ചു വരുന്ന സാഹചര്യത്തിലാണ് കുടുംബശ്രീ മുഖേന ഹർഷം പദ്ധതിയുടെ ആരംഭം. ഇതിന്റെ ഭാഗമായാണ് കെയർ ഗിവർ എക്സിക്യൂട്ടീവുകളെ

തിരഞ്ഞെടുത്ത് മികച്ച പരിശീലനം നല്കി ഈ രംഗത്ത് തൊഴിൽ ലഭ്യമാക്കുന്നത്. സേവനങ്ങൾ ആവശ്യമുള്ളവർക്ക് 9188 11 2218 എന്ന നമ്പറിൽ കോൾ സെന്റർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി വഴിയുള്ള വിവിധ സേവനങ്ങളെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും www.harsham.kudumbashree.org എന്ന വെബ്സൈറ്റിലും ലഭിക്കും.

ഈ രംഗത്തെ സേവനദാതാക്കളായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിങ്ങ് പ്രമോഷൻ ട്രസ്റ്റുമായി ചേർന്നാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. പരിശീലനം നേടിയ വനിതകൾക്ക് ഈ മേഖലയിൽ സ്വയംതൊഴിൽ ആരംഭിക്കാൻ കഴിയും. കൂടാതെ കുടുംബശ്രീയുടെ പിന്തുണയോടെ പരമാവധി തൊഴിലവസരങ്ങൾ കണ്ടെത്തി നല്കുകയും ചെയ്യുന്നുണ്ട്. പരമാവധി അയൽക്കൂട്ട വനിതകൾ ഈ മേഖലയിലേക്ക് കടന്നുവരുന്നതിനും അവർക്ക് സൗജന്യ പരിശീലനവും തൊഴിലും ലഭ്യമാക്കുന്നതിനും പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്.

വയോജനങ്ങൾ അവർക്കാവശ്യമുള്ള പരിചരണം അവശ്യസമയത്ത് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഹർഷം ജെറിയാട്രിക് കെയർ പദ്ധതിയിൽ കെയർ ഗിവർ എക്സിക്യൂട്ടീവുകൾക്കായി മികച്ച ആശുപത്രി സംവിധാനങ്ങളുടെ പിന്തുണയോടെ പതിനഞ്ച് ദിവസത്തെ പരിശീലന പരിപാടിയാണ് ആദ്യഘട്ടത്തിൽ നല്കുന്നത്. ഇതിന്റെ ഭാഗമായി വയോജന പരിചരണവുമായി ബന്ധപ്പെട്ട വിവിധ ഉപകരണങ്ങളിൽ പരിശീലനം, പ്രായോഗിക പരിശീലനത്തിനവസരം, ആശുപത്രി സംവിധാനങ്ങളുമായി പരിചയപ്പെടൽ എന്നിവ ഉൾപ്പെടെയുള്ള വ്യത്യസ്ത പാഠ്യപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ശില്പശാലയുടെ ഭാഗമായി കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് യോഗ, ഫിസിയോതെറാപ്പി, ന്യൂട്രീഷൻ എന്നിവയിൽ അധിക പരിശീലനം നല്കി. ഇവർക്ക് തൊഴിലവസരം നല്കുന്നതിനായി കിംസ്, നിംസ് മെഡിസിറ്റി എന്നിവയടക്കമുള്ള പ്രമുഖ ആശുപത്രികളും സുഖിനോ, കെയർ ആൻഡ് ക്യൂർ, ആശാ കെയർ ഹോംസ്, അവന്തിക എന്നീ സ്വകാര്യ സ്ഥാപനങ്ങളും മുന്നോട്ട് വന്നിട്ടുണ്ട്. ഇതു കൂടാതെ വിവിധ ജില്ലകളിൽ നിന്നും നിരവധി പ്രമുഖ ആശുപത്രികളും ജെറിയാട്രിക് കെയർ സ്ഥാപനങ്ങളും വയോജന പരിചരണത്തിനും രോഗീപരിചരണത്തിനും വേണ്ടി കുടുംബശ്രീ കെയർ ഗിവർ എക്സിക്യൂട്ടീവുകളുടെ സേവനം ആവശ്യപ്പെട്ട് കുടുംബശ്രീയെ സമീപിച്ചിട്ടുണ്ട്.





'ഹർഷം' ജെറിയാട്രിക് കെയർ പദ്ധതിയിലൂടെ മുതിർന്ന തലമുറയ്ക്ക് ആരോഗ്യ സംരക്ഷണം ഉൾപ്പെടെയുള്ള ആവശ്യമായ സേവനങ്ങൾ തികച്ചും പ്രഫഷണൽ രീതിയിൽ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആശുപത്രികളിലും വീടുകളിലും രോഗികൾക്ക് കൂട്ടിരുപ്പ് പരിചരണം, കൃത്യമായ ഇടവേളകളിൽ ആഹാരം, മരുന്ന് നല്കൽ, വീടുകളിൽ ചെന്ന് കിടപ്പുരോഗികളുടെ ഷുഗർ, രക്തസമ്മർദം എന്നിവയുടെ പരിശോധന, കൂടാതെ കിടപ്പു രോഗികൾക്ക് കിടക്ക വൃത്തിയാക്കൽ, കുളിപ്പിക്കൽ, മരുന്നു നല്കൽ എന്നിവ ഉൾപ്പെടെയുള്ള ആവശ്യാധിഷ്ഠിത സേവനങ്ങൾ, ബിൽ അടയ്ക്കൽ, വൈദ്യ പരിശോധനയ്ക്ക് കൂട്ടുപോകൽ തുടങ്ങിയവയാണ് പദ്ധതി വഴി ലഭ്യമാകുന്ന വിവിധ സേവനങ്ങൾ. □

**ഹർഷം' ജെറിയാട്രിക് കെയർ പദ്ധതിയിലൂടെ മുതിർന്ന തലമുറയ്ക്ക് ആരോഗ്യ സംരക്ഷണം ഉൾപ്പെടെയുള്ള ആവശ്യമായ സേവനങ്ങൾ തികച്ചും പ്രഫഷണൽ രീതിയിൽ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.**

# കില ന്യൂസ്



*സംസ്ഥാന ചീഫ് സെക്രട്ടറി ടോം ജോസിൽ നിന്ന് കില ഡയറക്ടർ ഡോ. ജോയ് ഇളമൺ അവാർഡ് ഏറ്റുവാങ്ങുന്നു*

## ഇ-ലേണിംഗ് സംസ്ഥാന അവാർഡ്: കിലയ്ക്ക് മൂന്നാംസ്ഥാനം

ഇ-ഗവേണൻസിലെ നൂതനമായ പ്രവർത്തനങ്ങൾക്കു കേരള സർക്കാർ ഏർപ്പെടുത്തിയ ഇ-ഗവേണൻസ് അവാർഡിലെ ഇ-ലേണിംഗ് വിഭാഗത്തിൽ കിലയ്ക്ക് മൂന്നാം സ്ഥാനം ലഭിച്ചു. ഓപ്പൺ സോഴ്സ് ആയ മൂഡിൽ (Moodle) സോഫ്റ്റ് വെയർ പ്രയോജനപ്പെടുത്തിക്കൊണ്ട് കില വികസിപ്പിച്ചെടുത്ത ലോഗ് നെറ്റ് (Log Net) എന്ന വെബ് അധിഷ്ഠിത ലേണിംഗ് മാനേജ്മെന്റ് സമ്പ്രദായത്തിനാണ് അവാർഡ്. കില വികസിപ്പിച്ച കിലയുടെ ലോഗ് നെറ്റ് എന്ന ഇ ഗവേണിംഗ് പ്ലാറ്റ്ഫോമിലൂടെ പഞ്ചായത്ത് ഉദ്യോഗസ്ഥർക്കുവേണ്ടിയുള്ള ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസിന്റെ (DLG) രണ്ടു ബാച്ചുകൾ ഇതിനോടകം പൂർത്തീകരിച്ചു. കില അസോസിയേറ്റ് പ്രൊഫസർ ഡോ.ജെ.ബി. രാജന്റെ നേതൃത്വത്തിൽ ഡോ.ബിജു എസ്.കെ, കെ.പി.എ. ഹാഷിം, ആൽജോ സി. ചെറിയാൻ എന്നിവരാണ് ഡിപ്ലോമയ്ക്കുള്ള മൊഡ്യൂൾ രൂപകൽപ്പന ചെയ്തത്. ലോഗ് നെറ്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുത്തത് ഐ.ടി വിദഗ്ധനായ ഡി. ശ്രീകാന്താണ്. അപർണ്ണ, പ്രതാപ്സിംഗ്, ഫെമിന ജോയ് എന്നിവർ കോഴ്സ് കോർഡിനേറ്റർമാരായിരുന്നു. അനൂപ് സാങ്കേതിക സഹായം നൽകി. മൂന്നാമത്തെ ബാച്ച് ഡിപ്ലോമ ആരംഭിക്കാൻ പോകുന്നു. കൂടാതെ ഓഫീസ് മാനേജ്മെന്റ്, സുസ്ഥിര വികസന ലക്ഷ്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സുകളും കില വിഭാവനം ചെയ്തിട്ടുണ്ട്.

കോഴ്സ് രജിസ്ട്രേഷൻ, ഗൃഹപാഠങ്ങൾ, വിലയിരുത്തൽ, കോഴ്സ് സംബന്ധിച്ച നിർദ്ദേശങ്ങൾ, പരീക്ഷ എന്നിവ ഓൺലൈനായി നിർവഹിക്കാം എന്നതാണ് മൂഡിൽ സോഫ്റ്റ്വെയർ ഉപയോഗിച്ച് കില വികസിപ്പിച്ച ലോഗ് നെറ്റിന്റെ പ്രത്യേകത. ഓപ്പൺ സോഴ്സ് ആയതിനാൽ ചിലവ് കുറഞ്ഞ ഈ സാങ്കേതിക വിദ്യയിലൂടെ എവിടെയിരുന്നും എപ്പോഴും പഠിക്കാം (Learn from anywhere,any time) എന്നതാണ് ഇതിന്റെ പ്രത്യേകത.

## തദ്ദേശസ്ഥാപനങ്ങൾ പദ്ധതികളുടെ ഗുണനിലവാരം ഉയർത്തണം- മന്ത്രി എ.സി.മൊയ്തീൻ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതികളുടെ ഗുണനിലവാരം ഉയർത്തണമെന്ന് മന്ത്രി എ.സി.മൊയ്തീൻ. തങ്ങളുടെ വികസനപ്രവർത്തനങ്ങളിൽനിന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പിറകോട്ടു പോകരുതെന്നും മന്ത്രി നിർദ്ദേശിച്ചു. തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി നിർവഹണപുരോഗതി അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ജനങ്ങളുടെ അടിസ്ഥാന ക്ഷേമത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ തടസ്സങ്ങളുണ്ടെങ്കിൽ അതു സർക്കാരിനെ അറിയിക്കണം. അതു ഗൗരവത്തോടെ കണ്ട് സർക്കാർ പ്രവർത്തിക്കും. 57.06 ശതമാനമാണ് തദ്ദേശസ്ഥാപനങ്ങളുടെ വാർഷികപദ്ധതി കണക്ക്. ഇതുയർത്തുന്നതിനു ഓരോ ജില്ലയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മികച്ച പ്രവൃത്തികൾ നടപ്പാക്കാൻ കാലതാമസം അരുത്. ഫണ്ടിന്റെ പ്രശ്നങ്ങളുണ്ടെങ്കിൽ അറിയിക്കണം. അതു പരിഹരിക്കുന്നതിനു സർക്കാർ നടപടി സ്വീകരിക്കും. തദ്ദേശസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ജനങ്ങൾക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന ബോധ്യമുണ്ടാകണം. അടിസ്ഥാനവികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർ മുൻകൈ എടുക്കണം. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അദ്ധ്യക്ഷയായിരുന്നു. അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ് സംസാരിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ. ഉദയപ്രകാശ്, കലക്ടർ ടി.വി.അനുപമ, പഞ്ചായത്ത് ഡയറക്ടർ എച്ച്. ദിനേശൻ, ഗ്രാമ വികസന കമ്മീഷണർ എൻ. പത്മകുമാർ, നഗരകാര്യ ജോയിന്റ് ഡയറക്ടർ ബി.കെ. ബാലരാജ്, കുടുംബശ്രീ എക്സിക്യൂട്ടീവ്

ഡയറക്ടർ എസ്. ഹരികിഷോർ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം.പി. അജിത്കുമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർ ടി.ആർ. മായ എന്നിവർ പങ്കെടുത്തു

## ഐ.പി.എസ് പ്രൊബേഷണർമാർക്കു പരിശീലനം

പുതുതായി നിയമനം ലഭിച്ച ഐ.പി.എസ്.പ്രൊബേഷണറി ഓഫീസർമാർക്കു പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ച് കിലയിൽ പരിശീലനം നൽകി. രേഷ്മ രമേശൻ, സ്വപ്നിൽ മധുകർ, ആർ. ആനന്ദ്, അങ്കിത അശോകൻ, വിവേക് കുമാർ, ഐശ്വരി ഡോഗ്രി എന്നീ കേരള കേഡർ ഐ.പി.എസുകാരാണ് മൂന്നു ദിവസത്തെ പരിശീലനത്തിൽ പങ്കെടുക്കുന്നത്.

കേരളത്തിലെ പ്രാദേശിക ഭരണസംവിധാനം, സംസ്ഥാനത്തെ ത്രിതല പ്രാദേശിക ഭരണകൂടങ്ങൾ, പങ്കാളിത്ത ആസൂത്രണം, ഗ്രാമസഭ, ജാഗ്രതാസമിതി, ജില്ലാതല ഭരണകൂടം, നഗര-ഗ്രാമ ഭരണവും അധികാരഘടനയും ജില്ലാ ആസൂത്രണസമിതി തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ചേർപ്പ് ഗ്രാമപഞ്ചായത്ത്, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങൾ സന്ദർശിച്ച സംഘം അവിടത്തെ പ്രവർത്തനരീതികളെക്കുറിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി.

## ഭൂട്ടാനിലെ ഉദ്യോഗസ്ഥർ കിലയിൽ

പെർഫോമൻസ് മാനേജ്മെന്റിൽ ഭൂട്ടാനിൽനിന്നുള്ള ഉദ്യോഗസ്ഥർക്കു അഞ്ചുദിവസത്തെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു. ഭൂട്ടാൻ റോയൽ മിനിസ്ട്രി, പ്ലാനിംഗ് ഡിവിഷൻ, സ്റ്റാറ്റിസ്റ്റിക്സ് ഡിവിഷൻ, പെർഫോമൻസ് മാനേജ്മെന്റ് ഡിവിഷൻ എന്നീ വിഭാഗങ്ങളിൽനിന്നുള്ള ഓഫീസർമാരാണ് പരിശീലനത്തിനു എത്തിയത്. കോഴ്സ് ഡയറക്ടർ ഡോ. ജെ.ബി. രാജൻ ആമുഖ പ്രഭാഷണം നടത്തി.

## ഗ്രാമസ്വരാജും പഞ്ചായത്തിരാജും കിലയിൽ ഏകദിന സെമിനാർ

മഹാത്മജിയുടെ ഗ്രാമസ്വരാജും പഞ്ചായത്തിരാജും എന്ന വിഷയത്തിൽ കിലയിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് മുഖ്യപ്രഭാഷകനായിരുന്നു. ഗാന്ധിജിയുടെ പഞ്ചായത്തിരാജ് ഇന്ത്യയ്ക്കുവേണ്ടിയുള്ളതായിരുന്നുവെന്നും പഞ്ചായത്തുകളെ ഉദ്ദേശിച്ചല്ലായിരുന്നുവെന്നും വിജയാനന്ദ് പറഞ്ഞു. കേരളത്തിലുൾപ്പെടെ രാജ്യത്ത്



ഐ.പി.എസ് പ്രൊബേഷണറി ഓഫീസർമാർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി.

പഞ്ചായത്ത് രാജ് സംവിധാനത്തിൽ വിശ്വസിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരെല്ലാം സാധാരണക്കാരായിരുന്നു. വിദ്യാർത്ഥികൾ, തൊഴിലാളികൾ, അധ്യാപകർ, വക്കീലന്മാർ തുടങ്ങി സമസ്ത മേഖലയിലുള്ളവരും പങ്കെടുത്തു. സ്വാതന്ത്ര്യം കിട്ടുമെന്നു വിശ്വസിച്ചല്ല അവരെല്ലാം സമരത്തിൽ പങ്കെടുത്തത്. ഗാന്ധിജി നയിച്ച ഇന്ത്യയിലെ സ്വാതന്ത്ര്യസമരമായിരുന്നു ലോകം കണ്ട ഏറ്റവും വലിയ സ്വാതന്ത്ര്യസമരമെന്നു മുൻ മുഖ്യമന്ത്രി സി. അച്യുതമേനോൻ ഒരു സ്വകാര്യസംഭാഷണത്തിൽ തന്നോടു പറഞ്ഞ കാര്യം അദ്ദേഹം അനുസ്മരിച്ചു. മനുഷ്യന്റെ പെരുമാറ്റം കൊണ്ടാണ് പ്രകൃതിയെ സംരക്ഷിക്കേണ്ടതെന്നു ഗാന്ധിജിക്കു നിർബന്ധമുണ്ടായിരുന്നു. ഭരണനിർവഹണത്തിൽ ജനങ്ങളുടെ അഭിപ്രായം പ്രധാനപ്പെട്ടതാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ജനങ്ങളുമായി കൂടുതൽ ഇടപഴകണം. അഭിപ്രായ വ്യത്യാസങ്ങൾ ഒരിക്കലും മനുഷ്യബന്ധത്തിനു തടസ്സമാകരുത്. ഏതു വിഷയത്തെക്കുറിച്ചും ചർച്ച ചെയ്യുക എന്നതു ഇന്ത്യൻ സംസ്കാരത്തിന്റെ അവിഭാജ്യഘടകമാണ്.

എല്ലാവരും എന്തെങ്കിലും ജോലി ചെയ്യണമെന്നാണ് ശ്രമദാനംകൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത്. ഭൂമി എല്ലാവരുടേതുമാണ്. സ്ത്രീ അമ്മയും പെങ്ങളും മകളുമാണെന്ന മനോഭാവമാണ് എല്ലാവരിലുമുണ്ടാകേണ്ടത്. ദാരിദ്ര്യനിർമ്മാർജനത്തിലൂടെ എല്ലാവർക്കും സ്വാതന്ത്ര്യം എന്നതാണ് സ്വരാജുകൊണ്ട് ഉദ്ദേശിക്കുന്നത്. ബോധവൽക്കരണത്തിലൂടെ തെറ്റും ശരിയും കണ്ടെത്താൻ കഴിയണം. മാലിന്യമുക്തമാണ് നല്ല ഗ്രാമത്തിന്റെ ലക്ഷ്യം. സാനിറ്റേഷന്റെ കാര്യത്തിൽ എല്ലാവരും തുല്യരാകണം. ഈ കാര്യത്തിൽ മാത്രമേ ഗാന്ധിജി പടിഞ്ഞാറൻ രാജ്യങ്ങളെ പ്രശംസിച്ചിട്ടുള്ളൂ. മദ്യവും മയക്കുമരുന്നും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന രണ്ടാമത്തെ സംസ്ഥാനം കേരളമാണെന്നും ഒന്നാംസ്ഥാനം പഞ്ചാബിനുമാണെന്നു വിജയാനന്ദ് പറഞ്ഞു.




മഹാത്മജിയുടെ ഗ്രാമസ്വരാജും പഞ്ചായത്തിരാജും എന്ന വിഷയത്തിൽ നടന്ന ഏകദിന സെമിനാറിൽ മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തുന്നു.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സ്വാഗതമാശംസിച്ചു. മഹാത്മാഗാന്ധി സർവകലാശാല റിട്ട. പ്രൊഫ. എം.പി.മത്തായി, ഗാന്ധിസ്മാരക നിധി മുൻ സെക്രട്ടറി കെ.ജി. ജഗദീശൻ, കില പ്രൊഫ. ഡോ. സണ്ണി ജോർജ്, ഡോ.കെ.പി.എൻ അമൃത, മാധ്യമ പ്രവർത്തകൻ അജിത് വെണ്ണിയൂർ തുടങ്ങിയവർ സംസാരിച്ചു. ജനപ്രതിനിധികൾ, വിവിധ കോളേജുകളിൽനിന്നുള്ള വിദ്യാർത്ഥികൾ, കില റിസോഴ്സ് പേഴ്സൺമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവരാണ് സെമിനാറിൽ പങ്കെടുത്തത്.

# വാർത്തകൾ വിശേഷങ്ങൾ

## വസ്തുനികുതി: പിഴപ്പലിശ മാർച്ച് 31 വരെ ഒഴിവാക്കി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാൽ വസ്തുനികുതി കുടിശ്ശിക വരുത്തിയവർക്ക് 1994ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 538(2), കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 ഇ എന്നിവയിലെ വ്യവസ്ഥകൾ ഇളവുചെയ്ത് നാളിതുവരെയുള്ള വസ്തുനികുതി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നപക്ഷം പിഴപ്പലിശ 2019 മാർച്ച് 31 വരെ ഒഴിവാക്കി ഉത്തരവായി. ഈ ആനുകൂല്യം അടുത്തവർഷം മുതൽ ഉണ്ടായിരിക്കുന്നതല്ല.

(സ. ഉ (സാ ധാ) നം. 273 /2019/തസ്വഭവ, തീയതി 8 2. 2019)

## വിധവകളും അവിവാഹിതകളും പെൻഷന് സർട്ടിഫിക്കറ്റ് നല്കണം

വിധവാപെൻഷൻ ഗുണഭോക്താക്കളും 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും വിവാഹം/പുനർവിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എല്ലാവർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് നൽകേണ്ടതാണെന്നും ഇപ്രകാരം നൽകാത്ത ഗുണഭോക്താക്കളുടെ പെൻഷൻ, സർട്ടിഫിക്കറ്റ് ഹാജരാകുന്നതുവരെ താത്കാലികമായി തടഞ്ഞുവയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

(സ ഉ (എം.എസ്) നം.59/2019/ധന, തീയതി 31.1.2019)

## ലൈഫ് - നിർമ്മാണാനുമതി നൽകണം

ലൈഫ് മിഷൻ പദ്ധതി പ്രകാരം കെട്ടിടനിർമ്മാണാനുമതിക്കായുള്ള അപേക്ഷകൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് 2018-ലെ വകുപ്പ് 27 സിയിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനാണെങ്കിൽ (അല്ലെങ്കിൽ അതിൽ കുറവ്) പ്രസ്തുത അപേക്ഷ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നപക്ഷം മേല്പറഞ്ഞ വകുപ്പ് 27(എ) (5), (6), (7) എന്നിവയുടെ അടിസ്ഥാനത്തിൽ ഈ ആക്ട് പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതും നിർമ്മാണാനുമതി നൽകേണ്ടതുമാണെന്ന് തദ്ദേശസ്ഥാപന സെക്രട്ടറിക്ക് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു. (സർക്കുലർ നമ്പർ. ആർ.എ.1/24/2019/തസ്വഭവ, തീയതി 30.01.19)

## അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യണം

അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ, ബാനറുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി 22780 /18, 25784/18 എന്നീ റിട്ട് പെറ്റീഷനുകളിൽ 2019 ജനവരി 15ന്പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവ് പാലിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതുപ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ, ബാനറുകൾ, ബോർഡുകൾ, കൊടികൾ നീക്കംചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്

(സ ഉ (സാധാ) നം. 113 /2019/തസ്വഭവ, തീയതി 21 1 2019)

## പാർക്കിംഗ് ഏരിയ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കരുത്

സംസ്ഥാനമൊട്ടാകെ വാണിജ്യ സ്ഥാപനങ്ങളും മറ്റു ബഹുനില മന്ദിരങ്ങളും പെർമിറ്റ് പ്രകാരം പാർക്കിംഗ് ഏരിയയായി നീക്കി വച്ചിട്ടുള്ള ഭാഗങ്ങൾ ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് നേടിയ ശേഷം കെട്ടിയടച്ച് വാണിജ്യാവശ്യങ്ങൾക്കും മറ്റും ഉപയോഗിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ദുരുപയോഗം തടയുന്നതിനും കംപ്ലിഷൻ പ്ലാനിൽ നിന്ന് രൂപമാറ്റം വരുത്തി മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്ന് ഭാവിയിൽ നടക്കുന്ന പരിശോധനകളിൽ ഉറപ്പുവരുത്തുന്നതിനുമായി പണി പൂർത്തിയാക്കിയ ശേഷം ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് കൂടി അപേക്ഷകന് നൽകേണ്ടതാണെന്ന് എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും നിർദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ ആ ർ എ1/20/2018 തസ്വഭവ, തീയതി4/1/2019)

## പാർട്ട് ബിൽ എഴുതണം

നിർമ്മാണ പ്രവർത്തികളുടെ ഓരോ ഘട്ടം കഴിയുന്ന മുറയ്ക്ക് പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി പാലിക്കാൻ നിർദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു

(സർക്കുലർ നമ്പർ ഡിഎ1 /26 /2019 /തസ്വഭവ, തീയതി25 /1 /2019)

## പാടശേഖരങ്ങളിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം

പാടശേഖരങ്ങളിൽ പെട്ടിയും പറയും (പമ്പ് സെറ്റ്) സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിന് നഗരസഭകൾക്ക് കൂടി അനുമതി നൽകി സബ്സിഡി മാർഗ്ഗരേഖ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചു.

(സ ഉ (സാധാ) നം.166 /2019/തസ്വഭവ, തീയതി 25.1.2019)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**



# നാട്ടുനന്മകൾ പൂത്തുലയാൻ ഒരുമപ്പെരുമയോടെ മീനങ്ങാടി

**ബീന വിജയൻ**

ഈ ഭൂമി നമ്മുടേത് മാത്രമല്ല, വരുംതലമുറകൾക്കും കൂടിയുള്ളതാണെന്ന തിരിച്ചറിവോടെ മണ്ണറിഞ്ഞ് മനം നിറഞ്ഞ് പ്രകൃതിയോടൊപ്പം എന്ന വികസന മുദ്രാവാക്യവുമായി പ്രകൃതിസൗഹൃദ വികസന ഗാഥകൾ തീർക്കുകയാണ് മീനങ്ങാടി ഗ്രാമപഞ്ചായത്ത്.

### നഷ്ടസമൃദ്ധിയുടെ വീണ്ടെടുപ്പിനായി സമഗ്ര കാർഷിക വികസന പദ്ധതി

കാർഷികമേഖലയിൽ നിന്ന് ലാഭ-നഷ്ടത്തിന്റെ കണക്കുകൾ പറഞ്ഞ് നാം പിൻമാറിക്കൊണ്ടിരിക്കുമ്പോൾ എല്ലാ മനുഷ്യരും മണ്ണിൽനിന്ന് മാറിനിന്നാൽ നാളെ എന്താണ് നാം ഭക്ഷിക്കുക? വിശപ്പിന്റെ കരങ്ങളിൽ നിന്നും വരുംതലമുറയെ മോചിപ്പിക്കുവാൻ 'ഭക്ഷ്യസുരക്ഷ-ജീവസുരക്ഷ' എന്ന ആശയവുമായി കാർഷിക മേഖലയിൽ സമൃദ്ധിയുടെ കതിരുവിളയിക്കാൻ ലഭ്യമായ വിഭവ സ്രോതസുകൾ സംയോജിപ്പിച്ചുകൊണ്ട് ഗ്രാമീണ ജനത പുതിയ കാർഷിക സംസ്കൃതി തീർക്കുകയാണ് മീനങ്ങാടിയിൽ.

നഷ്ടമാകുന്ന വയലേലകൾ തിരിച്ചുപിടിക്കാൻ നെൽകൃഷി പ്രോത്സാഹനത്തിലൂടെ 300 ഹെക്ടർ നെൽകൃഷി യാഥാർത്ഥ്യമാക്കി. കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി സാധ്യതകൾ പ്രയോജനപ്പെടുത്തി 68 ഏക്കറിൽ പച്ചക്കറികൃഷിയിറക്കി വിഷരഹിത ഭക്ഷണം ഉറപ്പുവരുത്താൻ സാധിച്ചു. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള വിപണന കേന്ദ്രത്തിൽ മിതമായ നിരക്കിൽ ഗുണമേന്മയുള്ള പച്ചക്കറി

**കാർഷിക മേഖലയിൽ സമൃദ്ധിയുടെ കതിരുവിളയിക്കാൻ ലഭ്യമായ വിഭവ സ്രോതസുകൾ സംയോജിപ്പിച്ചുകൊണ്ട് ഗ്രാമീണ ജനത പുതിയ കാർഷിക സംസ്കൃതി തീർക്കുകയാണ് മീനങ്ങാടിയിൽ.**



ഇപ്പോൾ ലഭ്യമാണ്.

കാലാവസ്ഥാ വ്യതിയാനം പ്രതിസന്ധി തീർത്ത വയനാടിന്റെ സമ്പദ്ഘടനയിൽ ക്ഷീര മേഖലയാണ് ജനതയുടെ ഏക ആശ്രയം. ഈ മേഖല സമ്പന്നമാക്കാൻ പാലിന് സബ്സിഡി നൽകിക്കൊണ്ട് ക്ഷീരസമൃദ്ധിയുടെ നല്ല നാളുകൾ യാഥാർത്ഥ്യമാക്കി ക്ഷീരകർഷകർക്ക് ആശ്വാസമേകി.

തൊഴിലുറപ്പ് പദ്ധതിയിലൂടെ 610 കുളങ്ങൾ നിർമ്മിച്ച് ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് മത്സ്യസമൃദ്ധിയിലൂടെ തൊഴിലും വരുമാനവും ഉറപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ മീനങ്ങാടിയിൽ കാർഷിക മേഖല സമ്പന്നമാകുകയാണ്.

### വളയിട്ട കൈകളിൽ വികസനക്കുതിപ്പിന്റെ കയ്യൊപ്പ് ചാർത്തി WISDOM

(Women Integrated Sustainable Development of Meenangadi)

നമ്മുടെ നാടിന്റെ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക-ആരോഗ്യ പുരോഗതി ഉറപ്പുവരുത്തിയാൽ മാത്രമേ വികസനത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയൂ എന്ന തിരിച്ചറിവിൽ നിന്ന് രൂപംകൊണ്ടതാണ് WISDOM. ഈ പദ്ധതിയിലൂടെ സ്ത്രീകളുടെ ഡാറ്റാ ബാങ്ക് രൂപീകരിച്ച്, വികസന മേഖലകൾ കണ്ടെത്തി, കാർഷിക, വിദ്യാഭ്യാസ, സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തി പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ മിഷൻ, എം.ജി.എൻ.ആർ.ഇ.ജി.എ, വിവിധ ഏജൻസികൾ, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെ യാഥാർത്ഥ്യമാകുകയാണ്.

ജനമൈത്രി പോലീസിന്റെയും സംസ്ഥാന പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും സഹകരണത്തോടെ സ്വയം പ്രതിരോധ സേന (Meenangadi Self Defence Team - MSDT) രൂപീകരിച്ച് ശാസ്ത്രീയ പരിശീലനം നൽകി ജനകീയ സ്വയം പ്രതിരോധ പരിപാടി നടപ്പിലാക്കി വരുന്നു. വികസനം എന്നത് മുഴുവൻ ജനതയെയും ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ ഉൾച്ചേർക്കൽ വികസനം സാധ്യമാക്കിക്കൊണ്ട് വനിതകൾക്ക് സമഗ്രമായ വികസന പദ്ധതി ആവിഷ്കരിക്കുകയാണ്. സാമ്പത്തിക ഉന്നമനം ലക്ഷ്യംവെച്ച് വിവിധതരത്തിലുള്ള സംരംഭകത്വ പരിശീലനങ്ങളും ബോധവൽക്കരണ ക്യാമ്പയിനുകളും നടത്തി തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകളെ ഉൾപ്പെടുത്തി എന്റർപ്രിണേറിയൽ ഡെവലപ്പ്മെന്റ് & പ്രോജക്ട് മാനേജ്മെന്റ് (EDPM) എന്ന പദ്ധതിയിലൂടെ സൂക്ഷ്മ സംരംഭങ്ങളുടെ സാധ്യത ഉറപ്പുവരുത്തുന്നു.

കൗമാരപ്രായക്കാരായ കുട്ടികൾ, വിധവകൾ, വയോജനങ്ങൾ തുടങ്ങി വനിതാ മേഖലയെ ഒരു കുടക്കീഴിൽ കരുതലോടെ അണിനിരത്തി 'നാട്ടിലൊരു പെണ്ണിടം' യാഥാർത്ഥ്യമാവുകയാണ് വിസ്ഡം പദ്ധതിയിലൂടെ.

### ആഗോളതാപനത്തിന് ജനകീയ ബദൽ

കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും ആശങ്കകൾ ഉയർത്തുമ്പോൾ, നമ്മുടെ മണ്ണും വിണ്ണും സംരക്ഷിക്കാൻ ഹരിതകവചം ഭൂമിക്കുതണൽ പദ്ധതിയിലൂടെ ഫലവൃക്ഷ നഴ്സറി, ഔഷധത്തോട്ടങ്ങൾ, വഴിയോര പൂമരം, പുഴയോര വനവത്ക്കരണം, സുഗന്ധവ്യഞ്ജന കൃഷി തുടങ്ങി പ്രകൃതി സൗഹൃദ പദ്ധതികളിലൂടെ സുസ്ഥിര വികസനം സാധ്യമാക്കി കൃഷിയും പരിസ്ഥിതിയും സംരക്ഷിച്ച് ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ പഞ്ചായത്തായി മാറുകയാണ് മീനങ്ങാടി.

### പുണ്യവനം പദ്ധതി

പഞ്ചായത്തിലെ ചൂതുപാറ എന്ന സ്ഥലത്ത് രണ്ട് കുന്നുകളുടെ താഴ്‌വാരത്തായി ഏകദേശം 37 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ചരിത്ര പ്രസിദ്ധമായ മാനികാവ് ക്ഷേത്രം വക ഭൂമിയിൽ 10 വർഷം കൊണ്ട് ഒരു പുണ്യവനം തീർക്കാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പ്രദേശവാസികളും ഒറ്റക്കെട്ടായി മുമ്പോട്ടുവരികയായിരുന്നു. 2013-14 മുതൽ ആരംഭിച്ച പുണ്യവനം പദ്ധതിക്കായി തൊഴിലുറപ്പ് പദ്ധതിയിൽ ഇതുവരെ 16.50 ലക്ഷം രൂപ ചെലവഴിക്കുകയും 7466 തൊഴിൽ ദിനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 22800 തൈകളാണ് ഇവിടെ നട്ടുപി

തൊഴിലുറപ്പ് പദ്ധതിയിലൂടെ 610 കുളങ്ങൾ നിർമ്മിച്ച് ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് മത്സ്യസമൃദ്ധിയിലൂടെ തൊഴിലും വരുമാനവും ഉറപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ടിപ്പിച്ചത്. കൂടാതെ എല്ലാ വർഷവും തൈകൾ സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഈ തൈകളെല്ലാം വളർന്ന് പന്തലിച്ച് വളരെ മനോഹരമായ കാഴ്ചയാണ് ഇപ്പോൾ.

## ട്രീ ബാങ്കിംഗ്

മനുഷ്യന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ പുറന്തള്ളപ്പെടുന്ന കാർബണിനെ വൃക്ഷങ്ങളിലേക്കും മണ്ണിലേക്കും സ്വാംശീകരിച്ച് അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് നിയന്ത്രിക്കേണ്ടതുണ്ട്. ചിലയിനം വൃക്ഷങ്ങൾ വളരെ കാര്യക്ഷമമായി ഈ കർമ്മം നിറവേറ്റുന്നുണ്ട്. വീടുകളിലും പൊതുസ്ഥലങ്ങളിലുമൊക്കെ പരമാവധി വൃക്ഷങ്ങൾ നട്ടു വളർത്തുക വഴി കാർബൺ തുലിത പദവി കൈവരിക്കാനാകും. അത്തരമൊരു പദ്ധതിയാണ് കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ട്രീ ബാങ്കിംഗ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വൃക്ഷങ്ങൾ നട്ടുവളർത്താൻ താൽപ്പര്യമുള്ളവരെ കണ്ടെത്തി അവർ നടുന്ന വൃക്ഷങ്ങളുടെ മേൽ ഗ്രാമപഞ്ചായത്ത് പങ്കാളിത്ത ഉടമസ്ഥാവകാശം സ്ഥാപിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സഹകരണ ബാങ്ക് മുഖാന്തരം ഉണഭോക്താവിന് വാർഷിക ഗഡുക്കളായി പണം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

## നീരുറവ സംരക്ഷണത്തിലൂടെ ജലസുരക്ഷയിലേക്ക്

വരൾച്ചയ്ക്ക് പരിഹാരമായി നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിച്ചുകൊണ്ട് കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കി, കേരള ജലഅതോറിറ്റിയുമായി സഹകരിച്ച് മുഴുവനാളുകൾക്കും കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ പദ്ധതി വിഭാവനം ചെയ്യുന്നു. അതോടൊപ്പം ജലദൗർലഭ്യം നേരിടുന്ന ഈ കാലഘട്ടത്തിൽ ലഭ്യമായ ജലത്തെ മെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തി ജലസംരക്ഷണം ഉറപ്പുവരുത്താൻ വാട്ടർ മാനേജ്മെന്റ് പരിപാടി ആവിഷ്കരിക്കുന്നതാണ്. ഈ പരിപാടിയിലൂടെ വീടുകളിൽ ഒരു തുള്ളി വെള്ളംപോലും നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താം.

## കാവുകൾ നാടിന്റെ ശ്വാസകോശം

ഭൂമിക്കുമേലുള്ള മനുഷ്യസമ്മർദ്ദം നമ്മുടെ ജൈവവൈവിധ്യങ്ങൾക്ക് കനത്ത പ്രഹരമേൽപ്പിച്ചപ്പോൾ, വറ്റിക്കിടക്കുന്ന പുഴകളും വെട്ടിനിരത്തപ്പെട്ട കുന്നുകളും ദുഃഖക്കാഴ്ചകളാകുമ്പോൾ പ്രകൃതിയുടെ താളം വീണ്ടെടുക്കാൻ ശ്രമിക്കുകയായിരുന്നു ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയിലൂടെ. ഇതുവഴി കാവുകളുടെ സംരക്ഷണം ഉറപ്പുവരുത്തി.

## ജൈവവൈവിധ്യ സംരക്ഷണ സമിതി അംഗീകാര നിറവിൽ

ആവാസ വ്യവസ്ഥയുടെയും ജൈവ വൈവിധ്യത്തിന്റെയും കാവലാളായി മാതൃകാ പ്രവർത്തനം നടത്തുന്ന ഗ്രാമപഞ്ചായത്ത് ബി.എം.സിക്ക് ദേശീയതലത്തിൽ പ്രത്യേക അംഗീകാരവും സംസ്ഥാനതലത്തിൽ മികച്ച ജൈവവൈവിധ്യ സമിതിക്കുള്ള അംഗീകാരവും നേടിയെടുക്കാൻ കഴിഞ്ഞത് ജനകീയ കൂട്ടായ്മയോടെയുള്ള പ്രകൃതി സൗഹൃദ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയതിലൂടെയാണ്.

ഈ പരിപാടിയിലൂടെ വീടുകളിൽ ഒരു തുള്ളി വെള്ളംപോലും നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താം.

### മീനങ്ങാടി മാതൃക വ്യാപിപ്പിക്കുന്നു

**ധനമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽനിന്ന്**



ജില്ലയിലെ കാർബൺ ബഹിർഗമനം പരമാവധി കുറയ്ക്കുന്നതിനും അവശേഷിക്കുന്ന കാർബൺ വാതകങ്ങൾ വലിച്ചെടുക്കുന്നതിനും ആവശ്യമായത്ര മരങ്ങൾ നടുന്നതിനും ഒരു പദ്ധതി ആവിഷ്കരിക്കും. ഇതിനുള്ള രീതിസമ്പ്രദായം മീനങ്ങാടി പഞ്ചായത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. മരങ്ങൾ നടുന്നതിന് ജിയോടാഗ് നൽകുന്നതടക്കമുള്ള ഡോക്യുമെന്റേഷനുകൾ കൃത്യമായി നടത്തി അന്തർദേശീയ മാർക്കറ്റിൽ കാർബൺ ക്രെഡിറ്റ് നേടുന്നതിനുള്ള സംവിധാനമൊരുക്കും. മരം ഒന്നിന് 50 രൂപ വർഷം തോറും ബാങ്ക് വായ്പയായി ലഭിക്കും. മരം വെട്ടുമ്പോൾ വായ്പ തിരിച്ചടച്ചാൽ മതിയാകും. ഇതിനുള്ള ഗ്യാരണ്ടി ബാങ്കുകൾക്ക് സർക്കാർ നൽകും.





## സാന്ത്വനത്തിന്റെ സ്നേഹസ്പർശമായ് ആരോഗ്യമേഖല

നവകേരള സൃഷ്ടി ലക്ഷ്യമിടുന്ന നവകേരളത്തിനായി ജനകീയാസൂത്രണം എന്ന വികസന നയത്തിൽ സാമൂഹ്യ-ആരോഗ്യ പരിപാലന മേഖലയ്ക്ക് മുന്തിയ പരിഗണനയാണുള്ളത്. ആർദ്രം മിഷനുമായി സംയോജിപ്പിച്ച് ജനകീയ ആരോഗ്യ ദൗത്യം സാധ്യമാക്കാനാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്.

സാന്ത്വന ശുശ്രൂഷ കാര്യക്ഷമമാക്കാൻ, സഹായം ആവശ്യമുള്ള രോഗികളെ കണ്ടെത്തി ശരിയായ ചികിത്സയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ, കിടപ്പിലായ രോഗികൾക്കും മാറാരോഗികൾക്കും ഗൃഹപരിചരണം നൽകാൻ, സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിൽ കഴിയുന്ന രോഗികൾ ഉൾപ്പെടെയുള്ളവർക്ക് മരുന്നും ശുശ്രൂഷയും നൽകാൻ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെ പ്രാപ്തമാക്കി കാരുണ്യത്തിന്റെ കൈത്താങ്ങായി പെയിൻ & പാലിയേറ്റീവ് പ്രവർത്തനം ജനകീയമാവുകയാണ്.

രോഗക്കിടക്കയിൽ തളയ്ക്കപ്പെടുന്ന മനുഷ്യായുസ്സുകളിലേക്ക് മാനസിക ശൈഥില്യത്തിന്റെ മഹാദുരിതങ്ങളിലേക്ക് ഒറ്റപ്പെടലിന്റെ മരണതുല്യതയിലേക്ക് കനിവിന്റെ കരങ്ങൾ എത്തിച്ച് ചികിത്സ, സാന്ത്വനം എന്ന ജീവമന്ത്രവുമായി പെയിൻ & പാലിയേറ്റീവ് ക്ലിനിക്ക് പ്രവർത്തനം ജനകീയ കൂട്ടായ്മയിലൂടെ കാര്യക്ഷമമാക്കും. മാതാവിന്റെ ഗർഭകാല പരിചരണം മുതൽ ആരോഗ്യമുള്ള കുഞ്ഞിന്റെ ജനനം ഉറപ്പുവരുത്തി കുട്ടികളിലെ ജനിതക-പഠന-പെരുമാറ്റ- വൈകല്യങ്ങൾ കണ്ടെത്തി പരിഹരിക്കാൻ, ഉത്തമ വ്യക്തിത്വങ്ങളാക്കി മാറ്റാൻ ചൈൽഡ് ഹെൽത്ത് ഇംപ്രൂവ്മെന്റ് മിഷൻ (CHIM) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗർഭിണികളായ സ്ത്രീകളുടെ ശാസ്ത്രീയ പരിപാലന പരിപാടിയായി (MHIM) എന്ന പുതിയ പദ്ധതിക്ക് തുടക്കം കുറിച്ചുകഴിഞ്ഞു.

ആർദ്രം മിഷനുമായി സംയോജിപ്പിച്ച് ജനകീയ ആരോഗ്യ ദൗത്യം സാധ്യമാക്കാനാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്.



## ഊരുകൾക്കുത്സവമായി - ഗോത്ര സംയോജന വികസന പദ്ധതിTIDES)

പാർശ്വവൽക്കരിക്കപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ഗോത്ര സംസ്കൃതിയും ജീവിതത്തനിമയും നിലനിർത്തി ഭക്ഷ്യസുരക്ഷയും വരുമാന വർദ്ധനവും ഉറപ്പുവരുത്തി കലാ - കായിക - സാംസ്കാരിക - വിദ്യാഭ്യാസ മികവിനായി തയ്യാറാക്കിയ ഗോത്ര സംയോജന വികസന പദ്ധതി (TIDES) ഈ മേഖലയിൽ പുത്തൻ ഉണർവ്വേകി. ഇതിന്റെ ഭാഗമായി 'സാന്ത്വന സൗഹൃദ' എന്ന പേരിൽ സന്തോഷമുള്ള കുടുംബം സന്തോഷമുള്ള ജീവിതം എന്ന ആശയവുമായി ലഹരി വസ്തുക്കളുടെ വർദ്ധിത ഉപയോഗവും ആസക്തിയും കുടുംബ ശൈഥില്യങ്ങളും മാനസിക സംഘർഷങ്ങളും അരാജകത്വവും ഉന്മൂലനം ചെയ്ത് സന്തുഷ്ട ജീവിതം സാധ്യമാക്കാൻ നടപ്പിലാക്കിയ നൂതന പദ്ധതി ദേശീയതലത്തിൽ അംഗീകാരത്തിനർഹത നേടി.

## സമഗ്ര മാലിന്യ പരിപാലന പരിപാടി

കുടിവെള്ളം, ഭക്ഷണം, വായു, മണ്ണ് എല്ലാം മലിനമായിക്കൊണ്ടിരിക്കുമ്പോൾ മാലിന്യ സംസ്കരണം ജീവിതരീതിയുടെ ഭാഗമാക്കാൻ, സമഗ്ര മാലിന്യ പരിപാലന പരിപാടിയിലൂടെ ജൈവമാലിന്യ സംസ്കരണത്തിന്റെ പദ്ധതി നടപ്പിലാക്കി. തുമ്പൂർമുഴി കമ്പോസ്റ്റ് സംവിധാനത്തിലൂടെ ജൈവമാലിന്യങ്ങൾ സംസ്കരിച്ച് കമ്പോസ്റ്റ് വളം കൃഷിക്ക് ഉപയുക്തമാക്കുകയാണ്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലൂടെ ഹരിതകർമ്മസേന ശേഖരിച്ച പ്ലാസ്റ്റിക് പൊടിച്ച് ടാറിംഗ് പ്രവൃത്തിക്ക് ഉപയോഗിച്ചുവരുന്നു. ഉറവിട മാലിന്യസംസ്കരണത്തിനായി പൈപ്പ് കമ്പോസ്റ്റ്, മൺപാത്ര കമ്പോസ്റ്റ്, നടേപ്പ് കമ്പോസ്റ്റ് എന്നിവയിലൂടെ വികേന്ദ്രീകൃത മാലിന്യസംസ്കരണം യാഥാർത്ഥ്യമാക്കി.

## മികവിന്റെ കേന്ദ്രങ്ങളാകുന്ന പൊതുവിദ്യാലയങ്ങൾ

പള്ളിക്കൂടങ്ങളെ പറുദീസയാക്കാൻ, പഠനം ആഹ്ലാദകരമാക്കാൻ, നന്മയുള്ള സമൂഹമായി മാറാൻ, പൊതുവിദ്യാലയങ്ങൾ, സർഗ്ഗാത്മകമാകേണ്ടതുണ്ട്. നമ്മുടെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറാൻ ഗ്രാമപഞ്ചായത്ത് ഇച്ഛാശക്തിയോടെ മുന്നേറുകയാണ്.

സ്കൂൾപ്രായമായ മുഴുവൻ കുട്ടികളെയും പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കാനും, അടിസ്ഥാന സൗകര്യ വിപുലീകരണത്തിലൂടെ നല്ല സ്കൂൾ അന്തരീക്ഷവും പഠനാനുഭവങ്ങളും ഉറപ്പുവരുത്താനും കലാ-കായിക മേഖല പരിപോഷിപ്പിക്കാനും നൂതന പദ്ധതികളാണ് തയ്യാറാക്കുന്നത്. AIM എന്ന വിദ്യാഭ്യാസ പദ്ധതിയിലൂടെ വിദ്യാഭ്യാസ മേഖലയെ സമഗ്രമാക്കി. ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മുഴുവൻ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ പാർക്ക് യാഥാർത്ഥ്യമാക്കി, പ്രകൃതിസൗഹൃദത്തിന്റെ ബാലപാഠങ്ങൾ പുതുതലമുറയ്ക്ക് പകർന്ന് കൊടുക്കുന്നതോടൊപ്പം വിദ്യാലയങ്ങളിൽ മാലിന്യപരിപാലനത്തിന്റെ നൂതന രീതികൾ കുട്ടികൾക്ക് പരിചയപ്പെടുത്തി ചൊട്ടയിലെ ശീലം ചുടലവരെ എന്ന നാട്ടുചൊല്ലിനെ അർത്ഥവത്താക്കി കുട്ടികളിൽ ശുചിത്വ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ നമ്മുടെ വിദ്യാലയങ്ങൾ ഹരിതവിദ്യാലയങ്ങളായി രൂപാന്തരപ്പെടുകയാണ്. എല്ലാ കുട്ടികളെയും വിദ്യാലയത്തിലെത്തിക്കാൻ TIME പദ്ധതിയിലൂടെ സമഗ്രവും ശാസ്ത്രീയവുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി രാജ്യത്തെ തന്നെ ആദ്യത്തെ സീറോ ഡ്രോപ്പ് ഔട്ട് പഞ്ചായത്തായി മാറാൻ പദ്ധതി ലക്ഷ്യമിടുന്നു. സർഗ്ഗാത്മകത പരിപോഷിപ്പിക്കുന്ന, പാർശ്വവത്കൃത സമൂഹങ്ങൾക്ക് ഉണർവ്വേകുന്ന, കായികശേഷി വളർത്തുന്ന, അക്കാദമിക് മികവ് സമന്വയിപ്പിക്കുന്ന ഉണമേന്മയുള്ള വിദ്യാഭ്യാസമെന്ന ലക്ഷ്യം സാക്ഷാത്കരിക്കും. പുതുതലമുറയ്ക്ക് ദിശാബോധമേകാൻ സൗഹൃദക്കൂട്ടം ബാലപഞ്ചായത്തിലൂടെ കുട്ടികളുടെ സർഗ്ഗശേഷി വികാസത്തിന് നൂതനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

## ഫുട്ബോൾ അക്കാദമി

അണ്ടർ 12, അണ്ടർ 10, അണ്ടർ 14 വിഭാഗങ്ങളിലായി കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകി ഈ മേഖലയിൽ പ്രതിഭകളെ സംഭാവന ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. റിലയൻസ് ഫുട്ബോൾ അക്കാദമി, കേരള ബ്ലാസ്റ്റേഴ്സ് ടീം, കേരള സന്തോഷ് ട്രോഫി




ടീം എന്നിവയിൽ മീനങ്ങാടിയിലെ ഫുട്ബോൾ അക്കാദമിയിലൂടെ വളർന്നുവന്ന പ്രതിഭകൾ മാറ്റുരയ്ക്കുകയാണ്. ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന ചെസ് അക്കാദമിയിലൂടെ പരിശീലനം ലഭിച്ച കുട്ടികൾ ഇന്ന് ഇന്റർനാഷണൽ ഫിഡ റേറ്റിംഗിൽ എത്തിനിൽക്കുന്നു. കലാപീഠം നൃത്ത പരിശീലന കേന്ദ്രത്തിലൂടെ കുരുന്നുകുട്ടികൾ ഇന്ന് ശാസ്ത്രീയ നൃത്തം അഭ്യസിച്ചുവരികയാണ്.

## പുരസ്കാര നിറവിൽ അഭിമാനപുരസ്സരം

ജനകീയ കൂട്ടായ്മയോടെ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തയ്യാറാക്കിയ ജനകീയ വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കി നാട്ടുനന്മയുടെ വിജയഗാഥകൾ തീർത്ത് മീനങ്ങാടി ഗ്രാമപഞ്ചായത്ത് സംസ്ഥാനതലത്തിൽ മഹാത്മാഗാന്ധി ദേശീയ പുരസ്കാരം, ജൈവവൈവിധ്യ സംരക്ഷണ സമിതിക്കുള്ള അവാർഡ്, ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള ദേശീയ പുരസ്കാരം, ജില്ലാതല ആരോഗ്യ കേരള പുരസ്കാരം തുടങ്ങി അംഗീകാരത്തിന്റെ നിറവിലാണ്. □

*ലേഖിക മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*
*9496048316*





# മിത്ര 181
# സ്ത്രീകളുടെ സുരക്ഷയും വഴികാട്ടിയും

*** 181 നമ്പരിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കി വനിതാശിശുക്ഷേമ വകുപ്പ്**

സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും എതിരെ കരുതലാകാൻ സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന മിത്ര 181 വനിതാ ഹെൽപ്പ് ലൈനിന് വമ്പിച്ച പിന്തുണ. കേരളത്തിലെ പെൺകുട്ടികൾക്കും സ്ത്രീകൾക്കും ഏത് സമയത്തും ആശ്രയിക്കാവുന്ന ടോൾ ഫ്രീ നമ്പരായ 181 ൽ വിളിച്ചാൽ 24 മണിക്കൂറും ഇവർക്ക് സൗജന്യ സേവനം ലഭ്യമാകുന്ന പദ്ധതിയിലൂടെ സഹായം ലഭിച്ചവർ നിരവധി പേരാണ്.

രാജ്യമെമ്പാടും ഒരേ നമ്പരിൽ സ്ത്രീ സുരക്ഷാ സഹായങ്ങൾ ഏകീകരിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാനത്തും പദ്ധതി 2017 ൽ നടപ്പിലാക്കിയത്. വനിതാശിശുക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനാണ് മിത്ര 181 ന്റെ ഏകോപനം സംസ്ഥാനത്ത് നിർവ്വഹിക്കുന്നത്. വിദഗ്ധ പരിശീലനം നേടിയ പ്രൊഫഷണൽ യോഗ്യതയുള്ള വനിതകളെയാണ് ഹെൽപ്പ് ലൈൻ നടത്തുന്നതിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ടെക്നോപാർക്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന ഹെല്പ് ലൈനിൽ 14 ജീവനക്കാർ മൂന്ന് ഷിഫ്റ്റുകളിലായി 24 മണിക്കൂറും സ്ത്രീകളുടെ പരാതികളും മറ്റാവശ്യങ്ങൾക്കായുള്ള കോളുകളും സ്വീകരിക്കുന്നു. ഇതിനായി ഒരു മാനേജർ, 3 സൂപ്പർവൈസർമാർ, 3 സീനിയർ കോൾ സപ്പോർട്ടീവ് ഏജന്റ്, 6 കാൾ സപ്പോർട്ടീവ് ഏജന്റ്, 1 ഐടി അഡ്മിനിസ്ട്രേറ്റർ ഉൾപ്പെടെയുള്ളവരാണ് കോൾ സെന്ററിൽ ഉള്ളത്. സ്വീകരിക്കുന്ന പരാതികൾ ഉടൻ തന്നെ ബന്ധപ്പെട്ട് വകുപ്പുകൾക്ക് കൈമാറി ഉടനടി നടപടി സ്വീകരിക്കുവാനും ഇതു വഴി കഴിയുന്നു.

ശരാശരി മുന്നൂറോളം കോളുകൾ ദിനം പ്രതി ലഭിക്കുന്നുണ്ട്. നിലവിൽ 2019 ജനവരി 15വരെ 191284 കോളുകളാണ് 181 ലേക്ക് വന്നിട്ടുള്ളത്. അതിൽ വനിതകൾക്കുള്ള സർക്കാർ സേവനവുമായി ബന്ധപ്പെട്ട സംശയദൂരീകരണത്തിനായി 11275 ഫോണുകൾ ഇതിനകം ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ ഗാർഹിക പീഡനം, കുട്ടികൾക്ക് നേരെയുള്ള പീഡനം, സ്ത്രീകളെ കാണാതാകൽ, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം, ആമ്പുലൻസ് സഹായം ഉൾപ്പെടെയുള്ളവയ്ക്കായി 8917 കോളുകളും, നിയമ സഹായം, മെഡിക്കൽ കൗൺസിലിംഗ് എന്നീ ആവശ്യങ്ങൾക്കായി 24624 കോളുകളും ലഭിച്ചിട്ടുണ്ട്.

അടിയന്തര ഘട്ടങ്ങളിലും അല്ലാത്തപ്പോഴും 181 എന്ന ടോൾ ഫ്രീ നമ്പരിലൂടെ പെൺകുട്ടികൾക്കും സ്ത്രീകൾക്കും വിവരങ്ങളും സേവനങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. അടുത്തുള്ള പൊലീസ് സ്റ്റേഷൻ, പ്രധാന ആശുപത്രികൾ, ആമ്പുലൻസ് സർവ്വീസുകൾ, എന്നിവയുടെ സേവനം ഏറ്റവും വേഗത്തിൽ ഉറപ്പായും ലഭിക്കുന്ന വിധത്തിലാണ് സജ്ജീകരണം.

യാത്രക്കിടയിൽ ശല്യപ്പെടുത്തൽ, പരസ്യ മദ്യപാനം, അശ്ലീലം സംഭാഷണം തുടങ്ങിയവ പരാതികളും മിത്രയിൽ ലഭിക്കുന്നു. ☐

2019 ജനുവരി 15വരെ 191284 കോളുകളാണ് 181 ലേക്ക് വന്നിട്ടുള്ളത്. അതിൽ വനിതകൾക്കുള്ള സർക്കാർ സേവനവുമായി ബന്ധപ്പെട്ട സംശയദൂരീകരണത്തിനായി 11275 ഫോണുകൾ ഇതിനകം ലഭിച്ചിട്ടുണ്ട്.



# കേച്ചേരിപ്പുഴ സംരക്ഷണം: സർവേ നടപടികൾ ആരംഭിച്ചു

തൃശ്ശൂർ ജില്ലാഭരണകൂടത്തിന്റെ നേതൃത്വത്തിൽ കേച്ചേരി പുഴ സംരക്ഷണത്തിന്റെ ആദ്യപടിയായി പുഴ സർവേ പ്രവർത്തനങ്ങൾക്ക് തുടക്കമായി. പുഴ കടന്നുപോകുന്ന ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭയുടെയും നാലു ബ്ലോക്ക് പഞ്ചായത്തുകളുടെയും നേതൃത്വത്തിൽ ജില്ല സർവേ ടീമാണ് പുഴ ആരംഭിക്കുന്ന തെക്കുകര ഗ്രാമപഞ്ചായത്തിൽ നിന്ന് സർവേ ആരംഭിച്ചത്. വിരുപ്പാക്കയിൽ ഡോ.പി.കെ.ബിജു എം.പി ഉദ്ഘാടനം ചെയ്തു. തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.കെ. ശ്രീജ അദ്ധ്യക്ഷയായിരുന്നു. വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ എം.ആർ. അനൂപ് കിഷോർ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എ.കെ. സുരേന്ദ്രൻ, ജില്ലാ സർവേ സൂപ്രണ്ട് സി.ആർ. ശോഭന, കില കോർഡിനേറ്റർ എം. രേണുകുമാർ എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് സി.പി. സുനിൽ കുമാർ സ്വാഗതവും വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പുഷ്പലത നന്ദിയും പറഞ്ഞു. ജില്ലാ സർവേ സൂപ്രണ്ടിന്റെയും ഹെഡ് സർവേയർ എസ്. നസീറിന്റെയും നേതൃത്വത്തിൽ പത്തു സർവേയർമാരും, ദേശമംഗലം, എരുമപ്പെട്ടി, എങ്കക്കാട് ഐ.ടി.ഐകളിലെ പരിശീലനം സിദ്ധിച്ച 68 വിദ്യാർത്ഥികളുമടങ്ങുന്ന സംഘമാണ് പുഴയുടെ അതിർത്തികൾ അളന്നു തിട്ടപ്പെടുത്തി സർവേ കല്ലു സ്ഥാപിച്ചത്. ഡോ.പി.കെ. ബിജു എം.പി മുൻകൈ എടുത്താണ് 70 കിലോമീറ്റർ വരുന്ന കേച്ചേരിപുഴ പുനരുജ്ജീവനത്തിനുള്ള പദ്ധതി തയ്യാറാക്കിയത്. തുടർന്നുള്ള സർവേ പ്രവർത്തനങ്ങളിൽ തൃശ്ശൂർ മഹാരാജാസ് പോളിടെക്നിക്ക്, ചേലക്കര ഗവ. പോളിടെക്നിക്ക്, വിദ്യ എഞ്ചിനിയറിംഗ് കോളേജ് എന്നിവിടങ്ങളിലെ പരിശീലനം ലഭിച്ച 300 വിദ്യാർത്ഥികൾ പങ്കെടുക്കും.



*കേച്ചേരി പുഴ സംരക്ഷണത്തിന്റെ ഭാഗാമായുള്ള പുഴ സർവേ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി*

സർവേക്കു തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ആദ്യബാച്ചിന്റെ പരിശീലനം കിലയിൽ നേരത്തെ പൂർത്തിയായിരുന്നു. സർവേ ടീമിന്റെ സാങ്കേതിക സഹായത്തോടെ 500 വിദ്യാർത്ഥികളാണ് സർവേയിൽ പങ്കെടുക്കുന്നത്. വിദ്യർത്ഥികളുടെ നേതൃത്വത്തിൽ ശാസ്ത്രീയമായി സർവേ നടത്തി ഒരു പുഴ പുനരുജ്ജീവിപ്പിക്കുന്നതു സംസ്ഥാനത്ത് ഇതാദ്യമാണ്. സർവേക്കുശേഷം സ്ട്രീം കമ്മിറ്റികളുടെ നേതൃത്വത്തിൽ പുഴസംരക്ഷണം, നദീതട സംരക്ഷണം തുടങ്ങിയവയ്ക്ക് പ്രാദേശികസർക്കാരുകളുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കും. 24 സർക്കാർ വകുപ്പുകളും നിലവിലുള്ള വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും സംയോജിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. □

**വിദ്യർത്ഥികളുടെ നേതൃത്വത്തിൽ ശാസ്ത്രീയമായി സർവേ നടത്തി ഒരു പുഴ പുനരുജ്ജീവിപ്പിക്കുന്നതു സംസ്ഥാനത്ത് ഇതാദ്യമാണ്.**

## ...എന്ന് വായനക്കാർ

### അഭിനന്ദനത്തിന്റെ കൈയ്യൊപ്പുകൾ

പഞ്ചായത്ത് രാജിന്റെ ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച "മുമ്പേ നടക്കുന്ന കേരളം "എന്ന ലേഖനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞ കാര്യങ്ങളിൽ ലോകത്തിന് മാതൃകയായി നമ്മുടെ കൊച്ചു കേരളം മാറിക്കൊണ്ടിരിക്കുന്നു. 2018ലെ ഇന്ത്യ ടുഡേ സ്റ്റേറ്റ് ഓഫ് ദ സ്റ്റേറ്റ്സ് കോൺക്ലേവ് അവാർഡ് കിട്ടാൻ കാരണമായ പ്രധാന ഘടകം പരിസ്ഥിതി സംരക്ഷണം, ശുചിത്വം എന്നീ കാര്യങ്ങളിൽ ഊന്നിയുള്ള പ്രവർത്തനമാണ്. കേരളത്തിലെ പാവപ്പെട്ടവന്റെ ചിരകാല സ്വപ്നമായ ലൈഫ് പാർപ്പിട പദ്ധതിയിലൂടെ വീടില്ലാത്തവർക്ക് വീട്, ഭൂമിയില്ലാത്തവർക്ക് പാർപ്പിട സമുച്ചയത്തിലൂടെ വീട് ഇങ്ങനെ ഒട്ടനവധി ജനോപകരമായ പ്രവർത്തനങ്ങളിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് മുന്നേറിക്കൊണ്ടിരിക്കുന്നു .ആർദ്രം പദ്ധതിയിലൂടെ കേരളത്തിന്റെ പൊതുജന ആരോഗ്യം രാജ്യത്തിനുതന്നെ മാതൃകയായിക്കൊണ്ടിരിക്കുന്നു. തരിശായി കിടന്ന ഭൂമി ജീവന്റെ തുടുപ്പാക്കി മാറ്റിയ ഹരിത കേരളം പദ്ധതി, സർക്കാർ സ്കൂളുകളിൽ നിന്ന് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പഴങ്കഥയാക്കി മാറ്റിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിങ്ങനെ നാടിന്റെ വികസന പ്രശ്നങ്ങളിൽ ജനകീയാഭിപ്രായം സ്വരൂപിച്ച് ജനശക്തിയുടെ കരുത്തിൽ മുന്നോട്ട് പോകുന്ന ഇടതുപക്ഷ സർക്കാരിനും തദ്ദേശ സ്വയഭരണ വകുപ്പിനും പഞ്ചായത്ത് രാജ് മാസിക എഡിറ്റോറിയൽ ബോർഡിനും അഭിനന്ദനത്തിന്റെ കൈയ്യൊപ്പുകൾ.

ഹക്കീം, മലമേൽഭാഗം, കായംകുളം.
9497879407

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2018@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.




# തിരുവനന്തപുരം നഗരസഭ

# വ്യാപാര ലൈസൻസ് സർട്ടിഫിക്കറ്റുകൾ ഓൺലൈനിലൂടെ

തിരുവനന്തപുരം നഗരസഭയിലെ ഡി & ഒ ലൈസൻസിംഗ് സംവിധാനത്തിന്റെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായിട്ടുണ്ടെന്നും ഇനി ലൈസൻസിനായുള്ള അപേക്ഷകളും ലൈസൻസ് ഫീസും ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂവെന്നും മേയർ അഡ്വ. വി.കെ. പ്രശാന്ത് അറിയിച്ചു. ഇതിനുള്ള സൗകര്യം നഗരത്തിലെ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ഒരുക്കിയിട്ടുണ്ട്. വ്യാപാരികൾക്ക് സ്വന്തം കമ്പ്യൂട്ടർ സംവിധാനം ഉപയോഗിച്ചും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ പരിശോധിച്ച് അംഗീകരിച്ചു കഴിഞ്ഞാൽ ലൈസൻസ് സർട്ടിഫിക്കറ്റ് ഓൺലൈനിലൂടെ ലഭ്യമാകും. നഗരസഭയിൽ നിന്ന് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് ലൈസൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന് പരാതിക്ക് ഇതോടെ പരിഹാരമായി. വിവിധ സർക്കാർ /ബാങ്ക് ആവശ്യങ്ങൾക്ക് ഓൺലൈനായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന ലൈസൻസ് സർട്ടിഫിക്കറ്റുകൾ മാത്രമേ ആധികാരിക രേഖയായി പരിഗണിക്കാൻ പാടുള്ളൂ. ലൈസൻസ് ഫീസടച്ച രസീത് യാതൊരു കാരണവശാലും ലൈസൻസിന് പകരമായി പരിഗണിക്കാൻ പാടില്ല. നഗരത്തിലെ എല്ലാ ഡി & ഒ ലൈസൻസികളും ഓൺലൈനിലൂടെ ലഭിക്കുന്ന ലൈസൻസ് സർട്ടിഫിക്കറ്റുകൾ തങ്ങളുടെ സ്ഥാപനത്തിൽ പ്രദർശിപ്പിക്കണമെന്നും വിവിധ ആവശ്യങ്ങൾക്കുള്ള ഔദ്യോഗിക രേഖയായി ഇതു പ്രയോജനപ്പെടുത്തണമെന്നും മേയർ അറിയിച്ചു.

# ദൈവത്തിന്റെ സ്വന്തം നാടിന്

# നൽകൂ മനുഷ്യസഹായം





**ശ്രീ. പിണറായി വിജയൻ**
ബഹു. കേരള മുഖ്യമന്ത്രി

## പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഈ നൂറ്റാണ്ടിൽ കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിക്ഷോഭത്തിൽനിന്നും നമ്മൾ കരകയറിക്കൊണ്ടിരിക്കുകയാണ്. കൂട്ടായ പ്രവർത്തനങ്ങൾക്കൊപ്പം വിവിധയിടങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന സഹായങ്ങളുംകൂടിയാകുമ്പോൾ നമുക്ക് ഈ ദുരന്തത്തെ ഉറപ്പായും മറികടക്കാനാകും.

ഈ ദുരന്തത്തിന്റെ വ്യാപ്തിയും നാശനഷ്ടങ്ങളും സമാനതയില്ലാത്തതാണെന്ന് പറയേണ്ടതില്ലല്ലോ! പ്രാഥമിക വിലയിരുത്തൽ പ്രകാരം **20,000** കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കപ്പെടുന്നു. അതിന് പുറമെ, കണക്കാക്കുവാൻ ആകാത്തവിധം സാമൂഹിക പ്രത്യാഘാതങ്ങളും ഉണ്ടായിട്ടുണ്ട്.

നമ്മുടെ കൊച്ചു കേരളം നിരവധി തവണ ലോകത്തിന് മാതൃകയായിട്ടുണ്ട്. ഈ ദുരന്തമുഖത്തും നാം നമ്മുടെ നിശ്ചയദാർഢ്യം പ്രകടമാക്കി പുതിയൊരു മാതൃക സൃഷ്ടിക്കുകയാണ്. എങ്കിലും, ദുരിതബാധിതരുടെ പുനരധിവാസവും ദുരന്തമേഖലയുടെ പുനർനിർമ്മാണവും ഒരു ബൃഹത്ത് ദൗത്യമായി തുടരുന്നു.

നിങ്ങളുടെ അകമഴിഞ്ഞ പിന്തുണയും സഹകരണവും ഉണ്ടെങ്കിൽ മാത്രമേ നമുക്ക് കേരളത്തെ വീണ്ടെടുക്കാനാകൂ. നിങ്ങൾ നൽകുന്ന സഹായം, അതെത്രതന്നെ ചെറുതായിരുന്നാലും, ഈ ലക്ഷ്യം കൈവരിക്കുന്നതിൽ വലിയൊരു മുതൽക്കൂട്ടാകും. ആയതിനാൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിങ്ങളാൽ കഴിയുന്ന വിധം സംഭാവനകൾ നൽകി കേരളത്തിന്റെ പുനർനിർമ്മാണത്തിൽ പങ്കാളിയാകൂ.

**കൈകോർത്ത് പരിശ്രമിക്കാം. കൈയയച്ച് സഹായിക്കാം.**

**സംഭാവന നൽകാൻ സന്ദർശിക്കൂ:**
**donation.cmdrf.kerala.gov.in**

സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ മേഖലകളിലുള്ള ജീവനക്കാർ, നാനാതുറകളിലുള്ള തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെല്ലാം ഉദാരമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

Connect with CM fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation | Government of Kerala Information & Public Relations Department

Maitri.com

**PANCHAYAT RAJ (Monthly)** February 2019
Annual Subscription ₹120, Published on 20 February 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by H.Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: H.Dineshan IAS